www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 07 | 2017 FEBRUARY 25 | ₹ 10



# മദ്യവർജ്ജനമോ മദ്യനിരോധനമോ?

## മദ്യം: ഇസ്‌ലാമിന്റെ സമീപനം നിത്യപ്രസക്തം

മദ്യനിരോധനസമിതി സംസ്ഥാന പ്രസിഡന്റ് ഇയ്യച്ചേരി കുഞ്ഞികൃഷ്ണനുമായുള്ള അഭിമുഖം

മുഹമ്മദ് നബി ﷺ: ജീവിതവും സന്ദേശവും / വ്യതിചലിച്ചവരുടെ ആകുലതകൾ

ശാന്തിയിലേക്കുള്ള പാത / ഐക്യത്തിന്റെ രസതന്ത്രം / ജലവും ജീവനും

WISDOM

to the right goal...

through the right path...

- Campus Conclaves
- Social Debate
- Professional Apex Awards
- Career Resolution
- Foreign Delegates Summit
- National Leaders Gathering
- Panel Discussion
- Focus Alumni Meet
- Face to Face
- Profcon Workshop

**2017 MARCH 10, 11, 12**

# PALAKKAD

For registration : 90 37 99 99 11

# PROFCON

## 21st PROFESSIONAL STUDENTS' GLOBAL CONFERENCE

MSM KERALA | EKP Complex Kallai Road, Calicut, Kerala
Ph: 8156812292,9895289996 | EMPOWER campus chapter | Anti-terrorism Awakening

msmkerala@gmail.com
www.msmkerala.co.in
msmprofcon

നേർപഥം
വാരിക

0007 / 2017 ഫെബ്രുവരി 25 / 1438 ജമാദുൽ അവ്വൽ 28 / പുസ്തകം 01 / ലക്കം 07



# മദ്യവർജനമോ മദ്യനിരോധനമോ?

സുഫ്‌യാൻ അബ്ദുസ്സലാം

10

**മുഖമൊഴി**

ജലക്ഷാമം ക്ഷണിച്ചുവരുത്തരുത് / 05
എഡിറ്റർ

**അഭിമുഖം**

മദ്യം: ഇസ്‌ലാമിന്റെ സമീപനം നിത്യപ്രസക്തം /06
ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ / ഷംസീർ മുക്കം

**കാഴ്ച**

വന്ന വഴി മറക്കരുതാരും / 25
ഇബ്നു അലി എടത്തനാട്ടുകര

**ബാലപഥം**

പാപഭാരം വർധിക്കുമ്പോൾ... / 18
തൻസീൽ

**പാരന്റിംഗ്**

നവാതിഥിയെ വരവേൽക്കുമ്പോൾ / 30
അശ്റഫ് എകരൂൽ

**കൂട്ടായ്മ**

ഐക്യത്തിന്റെ രസതന്ത്രം / 22
ടി.കെ.അശ്റഫ്

**ലേഖനങ്ങൾ**

മുഹമ്മദ് നബിﷺ: ജീവിതവും സന്ദേശവും / 08
ഫദ്‌ലുൽ ഹഖ് ഉമരി

ശാന്തിയിലേക്കുള്ള പാത / 14
ശമീർ മദീനി

ചരിത്രത്തിന്റെ വാർപ്പു മാതൃകകൾ / 20
മുഹമ്മദ് അജ്മൽ സി

**വിമർശനം**

വ്യതിചലിച്ചവരുടെ ആകുലതകൾ / 26
അബ്ദുൽ മാലിക് സലഫി

**നമുക്ക് ചുറ്റും**

ജലവും ജീവനും / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു




### രാഷ്ട്രീയ രംഗത്തും വഴികാട്ടിയാവുക

ഭാരതത്തിൽ ജീവിക്കുന്ന ഓരോ ന്യൂനപക്ഷ സമുദായാംഗവും ആകുലപ്പെടുന്ന ഭീഷണിയാണ് ഫാസിസത്തിന്റെ കടന്നുകയറ്റം. സമകാലിക സാഹചര്യത്തിൽ സമാധാനത്തിൽ വിശ്വസിക്കുന്ന പൗരന്മാർ എന്തു നിലപാടെടുക്കണമെന്ന ആശങ്കയിലാണെന്ന വസ്തുത ആർക്കുമറിയാവുന്നതാണ്. പ്രശ്നങ്ങൾ പർവതീകരിച്ച് അവതരിപ്പിക്കുന്നതിനപ്പുറം കൃത്യമായ പരിഹാരങ്ങൾ നിർദേശിക്കുന്നതിൽ പരാജയപ്പെടുകയാണ് രാഷ്ട്രീയ നിരീക്ഷകരെല്ലാം.

മതേതര രാജ്യത്ത് ജീവിക്കേണ്ടത് എങ്ങനെയെന്നും ഇക്കാലത്ത് ഏറ്റവും ഭയക്കേണ്ട ഹിന്ദുത്വ വർഗീയതയ്ക്കെതിരെ ഏതു വിധത്തിൽ പ്രതിരോധമൊരുക്കണമെന്നും ഭംഗിയായി അവതരിപ്പിക്കുന്ന ലേഖനങ്ങളാണ് സുഫ്‌യാൻ അബ്ദുസ്സലാമും സിറാജുൽ ഇസ്‌ലാം ബാലുശ്ശേരിയുമെഴുതിയ രണ്ട് ലേഖനങ്ങൾ. ഒന്ന് പ്രമാണബദ്ധമാണെങ്കിൽ മറ്റേത് പ്രമാണത്തോടൊപ്പം പ്രായോഗിക തലം കൂടി പരിഗണിച്ചു എന്ന് മാത്രം. ഇരു ലേഖകർക്കും അഭിനന്ദനങ്ങൾ. മതരംഗത്ത് മാത്രമല്ല, രാഷ്ട്രീയ രംഗത്തും 'നേർപഥം' കാണിക്കാൻ വാരികക്ക് കഴിയട്ടെ.

**-ജസീം നീറാട്**

### പലിശരഹിത ഭാരതം വരുമോ?

'കറൻസി രഹിത ഭാരതം' നടപ്പിലാക്കാനുള്ള ഊർജിത ശ്രമത്തിലാണ് കേന്ദ്ര സർക്കാർ. നോട്ട് നിരോധനത്തിനും കറൻസി രഹിത സാമ്പത്തിക നയത്തിനുമെതിരെ ഒച്ചവെക്കാൻ ധാരാളം പാർട്ടികളും സംഘടനകളും വ്യക്തികളും മുന്നോട്ടുവന്നത് നാം കണ്ടു. എന്നാൽ ഏറ്റവും വലിയ വിപത്തായ 'പലിശ' സമൂഹത്തെ വരിഞ്ഞു മുറുക്കുമ്പോൾ അതിനെതിരെ ശബ്ദിക്കാൻ മുസ്‌ലിം സംഘടനകളടക്കം ആരും രംഗത്തിറങ്ങിയതായി കാണുന്നില്ല.

കൊള്ളപ്പലിശക്കാരെ അമർച്ച ചെയ്യാൻ യു.ഡി.എഫ് സർക്കാർ 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ നടത്തിയ റെയ്ഡുകൾ ചെറിയ ചലനങ്ങളൊക്കെ ഉണ്ടാക്കിയെങ്കിലും അതിന് തുടർച്ചയില്ലാതെ പോയി. പലിശ രഹിത ഇസ്‌ലാമിക ബാങ്ക് തുടങ്ങാനുള്ള ശ്രമങ്ങളും നിലച്ചുപോയിരിക്കുന്നു. മുസ്‌ലിം സംഘടനകൾ ഈ വിപത്തിനെതിരെ അണിനിരക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

**-ആർ.എം.ഇബ്റാഹീം, വെളുത്തൂർ**

### അവകാശവാദത്തിന് സാധുതയുണ്ടാകുന്നത്

'നേർപഥം' കണ്ടു. നന്നായിട്ടുണ്ട്. ദീനിന്റെ ഗുണകാംക്ഷയും സംഘടനാതീതമായ വിശാലതയും വരികൾതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

അതോടൊപ്പം സത്യത്തെ സമ്പൂർണമായും നേരായും അവതരിപ്പിക്കുന്ന ആനുകാലികത്തിന്റെ പിറവിയെന്ന 'നേർപഥ'ത്തിന്റെ അവകാശവാദത്തിൽ സംശയം ജനിപ്പിക്കും വിധം സത്യത്തെ അപൂർണമായി അവതരിപ്പിക്കുന്ന ഭാഗം യു.എ.പി.എയുമായി ബന്ധപ്പെട്ട ലേഖനത്തിൽ കാണാനിടയായി എന്ന് അഭ്യുദയകാക്ഷയോടെ ചൂണ്ടിക്കാണിക്കട്ടെ.

ലേഖനത്തിൽ എൻ.ഡി.എയുടെ പട്ടാളത്തെയും എൽ.ഡി.എഫിന്റെ പൊലീസിനെയും ഹൈലൈറ്റ് ചെയ്യുന്നുണ്ട്. എന്നാൽ ലേഖനത്തിൽ എടുത്തുകാട്ടിയ യു.എ.പി.എ അടക്കം എല്ലാ ഭീകരവിരുദ്ധ നിയമങ്ങളെയും രൂപപ്പെടുത്തിയതും നടപ്പിൽ വരുത്തിയതും അര നൂറ്റാണ്ടുകാലത്തെ കോൺഗ്രസ്സ് ഭരണമാണെന്ന വലിയ സത്യത്തെ എന്തിനുവേണ്ടിയാണ് മറച്ചുവെച്ചത്? എൽ.ഡി.എഫ് പിന്തുണയോടെയാണ് ചിദംബരം ഭീകരവിരുദ്ധ നിയമത്തിന് ഭേദഗതി വരുത്തിയതെന്ന് പറയുമ്പോൾ പിന്തുണച്ച പാർട്ടിയെ എടുത്തുകാണിക്കുകയും ഭേദഗതി നടത്തിയ ഭരണകക്ഷിയിലെ ഒരു പാർട്ടിയായ മുസ്‌ലിം ലീഗിനെ പറ്റി മൗനം ദീക്ഷിക്കുകയും ചെയ്തത് എന്തിന്?

നമ്മെ ശത്രുക്കളിൽനിന്ന് രക്ഷിക്കേണ്ടത് കോൺഗ്രസ്സോ മുസ്‌ലിം ലീഗോ മാർക്സിസ്റ്റ് പാർട്ടികളോ മറ്റു പാർട്ടികളോ അല്ല, അല്ലാഹുവാണ് എന്ന ദൃഢമായവിശ്വാസം (പ്രാർഥനക്കർഹൻ അല്ലാഹു മാത്രമാണ് എന്ന പോലത്തെ വിശ്വാസദാർഢ്യം) ഉണ്ടായിരുന്നുവെങ്കിൽ സത്യത്തെ ഇവ്വിധം തമസ്കരിക്കുമായിരുന്നോ?

**-അബൂനബീൽ കോട്ടക്കൽ**

**വായനക്കാരുടെ പ്രതികരണങ്ങൾ mail@nerpatham.com എന്ന ഇ.മെയിലിലോ 9656292244 എന്ന വാട്ട്സ്ആപ് നമ്പറിലോ നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.**

മുഖമൊഴി

# ജലക്ഷാമം ക്ഷണിച്ചുവരുത്തരുത്

പ്രപഞ്ചത്തിൽ ജീവൻ നിലനിൽക്കുന്നത് ഭൂമിയിൽ മാത്രമാണെന്നാണ് കരുതപ്പെടുന്നത്. മനുഷ്യരെപ്പോലെ ജന്തുക്കളും സസ്യങ്ങളും ജലത്തെ ആശ്രയിക്കുന്നു. ജീവൻ നിലനിർത്താൻ ആവശ്യമായ വെള്ളം മാത്രമെ ജന്തുക്കളും സസ്യങ്ങളും ഉപയോഗിക്കുന്നുള്ളൂ. എന്നാൽ മനുഷ്യൻ കുടിക്കാനും കുളിക്കാനും ജലസേചനത്തിനും വ്യവസായത്തിനും എന്നുവേണ്ട, പലതരം ആവശ്യങ്ങൾക്കായി വെള്ളം ഉപയോഗിക്കുന്നു. ലോകാരംഭം മുതൽ ഇന്നോളമുള്ള മാനവരാശിയുടെ സാമ്പത്തികവും സാങ്കേതികവുമായ ഉയർച്ചയും താഴ്ചയും ജലലഭ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഭൂമിയുടെ ജലത്തിന്റെ ഭൂരിഭാഗവും സമുദ്രജലമായും മഞ്ഞുകട്ടകളായുമാണ് നിലനിൽക്കുന്നത്. ഉപയോഗിക്കാൻ കഴിയുന്ന വെള്ളം വളരെ കുറവാണ് എന്നർഥം. മലിനീകരണവും ആസൂത്രിതമായ ജലമാനേജ്മെന്റിന്റെ അഭാവവും മൂലം മിക്ക രാജ്യങ്ങളിലും കുടിവെള്ളം ഇന്നൊരു ജീവൻമരണ പ്രശ്നമാണ്.

ധാരാളം ജലം മഴയിലൂടെ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. ചെറുതും വലുതുമായ 44 നദികളും 20 ശുദ്ധജല തടാകങ്ങളും അരുവികളും കുളങ്ങളും കിണറുകളും നിറഞ്ഞ കേരളത്തിൽ ജലക്ഷാമമുണ്ടാകേണ്ടതല്ല. എന്നാൽ 1983 മുതൽ കേരളം വരൾച്ചയെ അഭിമുഖീകരിക്കുകയാണ്. മഴയില്ലാത്തതുകൊണ്ടല്ല ഇങ്ങനെ സംഭവിക്കുന്നത്. ശരാശരി 3000 മില്ലീമീറ്റർ മഴ കേരളത്തിൽ ലഭിക്കുന്നുണ്ട്. ഏതാണ്ട് 12 കോടി ക്യൂബിക് മീറ്റർ വെള്ളം. ഈ വെള്ളത്തിന്റെ 60 ശതമാനവും അപ്പോൾ തന്നെ കുത്തിയൊലിച്ച് കടലിലെത്തിച്ചേരുകയാണ് ചെയ്യുന്നത്. ജലം സംഭരിച്ചുവെക്കണമെങ്കിൽ മേൽമണ്ണ് വേണം. മണ്ണിനെ സംരക്ഷിക്കാൻ കാടുവേണം. 44 ശതമാനം വനമുണ്ടായിരുന്നു കേരളത്തിൽ. ഇന്ന് അത് 9 ശതമാനം മാത്രമാണ്.

ജലക്ഷാമം വന്നതോടെ ഭൂഗർഭജലം ഊറ്റാൻ തുടങ്ങി. ദിനംപ്രതി അനേകം കുഴൽകിണറുകളാണ് പുതുതായി കുഴിക്കപ്പെടുന്നത്. മഴക്കാലത്തു പോലുമിന്ന് ഭൂഗർഭജല പോഷണം നടക്കുന്നില്ല. തണ്ണീർ തടങ്ങളും നെൽകൃഷി പാടങ്ങളുമാണ് ഭൂഗർഭജല പോഷണത്തിൻെറ പ്രധാന മാർഗങ്ങൾ. അതെല്ലാം വികസനത്തിന്റെ പേരിൽ നാം ഇല്ലാതാക്കി. 1975ൽ 8.75 ലക്ഷം ഹെക്ടർ കൃഷിസ്ഥലമുണ്ടായിരുന്ന കേരളത്തിൽ ഇന്ന് 2.15 ലക്ഷം ഹെക്ടർ സ്ഥലം മാത്രം.

ജല സ്രോതസ്സുകളായ നദികൾ, ഇടതോടുകൾ, അരുവികൾ, കുളങ്ങൾ, തടാകങ്ങൾ, ചിറകൾ, തണ്ണീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുകയും മഴവെള്ളം സംഭരിക്കുകയും ചെയ്തില്ലെങ്കിൽ അതിരൂക്ഷമായ ജലക്ഷാമം നാം അഭിമുഖീകരിക്കേണ്ടിവരും.

മഴവെള്ളം ഫലപ്രദമായി ഉപയോഗിച്ചാൽ ജലക്ഷാമം പരിഹരിക്കാനാകും. നീർക്കുഴി, കൈയാല, തണ്ണീർത്തട നിർമാണം, തട്ടുതിരിക്കൽ, മേൽക്കൂര മഴവെള്ള ശേഖരണം തുടങ്ങിയ പല മാർഗങ്ങളും മഴവെള്ള ശേഖരണത്തിനുണ്ട്. ലോകത്തിൽ മൂന്നിൽ ഒരു വിഭാഗം ജനങ്ങൾ ഇന്ന് കുടിവെള്ളക്ഷാമം അനുഭവിക്കുന്നുവെന്നും 2032 ആകുമ്പോൾ ഇത് 50 ശതമാനമാകുമെന്നും പഠനങ്ങൾ വ്യക്തമാക്കുന്നു. ജലത്തിന്റെ ആസൂത്രിത വിനിയോഗം, ജലസംരക്ഷണം, മഴവെള്ള സംഭരണം എന്നിവയിലൂടെ മാത്രമെ ജലക്ഷാമത്തിൽ നിന്ന് കരകയറാനാകൂ.

ജല സംരക്ഷണത്തിന് ഇസ്‌ലാം വലിയ പ്രാധാന്യം നൽകുന്നുണ്ട്. ഒഴുകുന്ന പുഴയിൽനിന്നാണ് അംഗസ്നാനം ചെയ്യുന്നതെങ്കിലും അമിതമാകരുതെന്നാണ് പ്രവാചകന്റെ കൽപന. ഒരു കാര്യത്തിലും ഇസ്‌ലാം അമിതവ്യയം അംഗീകരിക്കുന്നില്ല. കുളിക്കുമ്പോഴും വസ്ത്രങ്ങൾ അലക്കുമ്പോഴും ചെടികൾ നനക്കുമ്പോഴുമെല്ലാം വെള്ളത്തിന്റെ വിലയറിയാതെ അത് പാഴാക്കിക്കളയുന്ന ശീലം മലയാളികൾക്കുണ്ട്. സത്യവിശ്വാസികളിൽ ഈ സ്വഭാവം ഒരിക്കലും ഉണ്ടായിക്കൂടാ.

ജലം സ്രഷ്ടാവിന്റെ കാരുണ്യത്തിന്റെ ഭാഗവും അതിമഹത്തായ അനുഗ്രഹവും ദൃഷ്ടാന്തവുമാണ്. അല്ലാഹു പറയുന്നു: "അല്ലാഹു ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതരികയും, അത് മൂലം ഭൂമിയെ- അത് നിർജീവമായികിടന്നതിന് ശേഷം- അവൻ സജീവമാക്കുകയും ചെയ്തു. കേട്ട് മനസ്സിലാക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്."(16:65).

ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ / ഷംസീർ മുക്കം
mail@nerpatham.com

അഭിമുഖം



**മദ്യമാണ് സർവ തിന്മയുടെയും നാരായവേര്. മദ്യവിമുക്ത സാമൂഹിക സംവിധാനത്തിലൂടെയല്ലാതെ ഒരിക്കലും നിയമലംഘനങ്ങൾ പാടെ ഇല്ലാതാക്കാൻ കഴിയില്ല. അതുകൊണ്ടാണ് മദ്യത്തിനെതിരെ ഇസ്‌ലാം കർശന നിലപാട് സ്വീകരിച്ചത്.**

**കള്ളും ബിയറും വൈനും മദ്യമല്ലെന്ന സർക്കാരിന്റെ നയംമാറ്റത്തിന്റെ പശ്ചാത്തലത്തിൽ മദ്യനിരോധനസമിതി പ്രസിഡന്റ് ഇയ്യച്ചേരി കുഞ്ഞികൃഷ്ണനുമായി ഷംസീർ മുക്കം നടത്തിയ അഭിമുഖത്തിലെ പ്രസക്ത ഭാഗം.**

# മദ്യം

## ഇസ്‌ലാമിന്റെ സമീപനം നിത്യപ്രസക്തം

*ഏറ്റവും വലിയ സാമൂഹിക വിപത്താണ് മദ്യം എന്ന് മനസ്സിലാക്കി അതിനെതിരെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണല്ലോ താങ്കൾ. മദ്യവിമുക്ത രാജ്യമാണ് താങ്കൾ സ്വപ്നം കാണുന്നത്. മറ്റു തിന്മകളെക്കാൾ എന്തുകൊണ്ടാണ് മദ്യം കൂടുതൽ എതിർക്കപ്പെടേണ്ടതായി വരുന്നത്?*

ഇസ്‌ലാം എല്ലാ തിന്മകളെയും എതിർക്കുന്നു. തിന്മകളിൽ ഏറ്റവും വലിയത് ബഹുദൈവത്വ സങ്കൽപമാണ്. പക്ഷേ, റസൂൽﷺ പറഞ്ഞത് എല്ലാ തിന്മകളുടെയും മാതാവാണ് മദ്യം എന്നാണ്. മദ്യം നേരെ തലച്ചോറിനെ ബാധിക്കുന്നതാണ്. 'ഖംറ്' എന്നാണല്ലോ അറബിയിൽ മദ്യത്തിന് പറയുക. 'ബുദ്ധിയെ മറയ്ക്കുന്നത്' എന്നാണ് അതിന്റെ വാക്കർഥം. സദാ പ്രോജ്വലിച്ചുകൊണ്ടിരിക്കുന്നതാണ് ബുദ്ധി. ആ ബുദ്ധിയിൽ ഇരുട്ടുപരത്തുന്നതാണ് മദ്യം. അനാവശ്യമായ അറിവിൽനിന്ന് രക്ഷ തേടാനും ഉപകാരപ്രദമായ അറിവിന്റ മാർഗങ്ങൾ തുറന്നു തരാനും പ്രാർഥിക്കാനാണ് ഇസ്‌ലാം കൽപിക്കുന്നത്.

ബുദ്ധിയെ തകിടംമറിക്കുന്നത് അധർമമാണ്, ഇരുട്ടാണ്. ബുദ്ധി കെട്ടുപോയാൽ പിന്നെ മാതാവും സഹോദരിയും സന്തതിയും എന്ന വ്യത്യാസമില്ല. അങ്ങനെയുള്ളവൻ മൃഗത്തെക്കാൾ അധഃപതിക്കും. മൃഗത്തിന് പ്രകൃത്യാ ലഭിച്ച ചില നിയമങ്ങളുണ്ട്. അത് അവ അനുസരിക്കും. മനുഷ്യന് ലഭിച്ച നിയമങ്ങൾ ദൈവപ്രോക്തമാണ്. നീ ഇന്നതൊക്കെ ചെയ്യുക, ഇന്നത് ചെയ്യരുത് എന്ന കൽപന പാലിക്കേണ്ടവനാണ് മുനുഷ്യൻ. ജന്തുക്കൾക്ക് ഇര, ഇണ, വിശ്രമം, അഭയം എന്നതൊക്കെയാണ് പ്രധാനം. അതിനപ്പുറം പാലിക്കപ്പെടേണ്ട നിയമങ്ങളൊന്നും അവയ്ക്കില്ല. മനുഷ്യന് ബുദ്ധി എങ്ങോട്ടും കൊണ്ടുപോകാം. നീ നന്ദിയുള്ളവനാണെങ്കിൽ ഹിദായത്തിലൂടെ സഞ്ചരിക്കുക എന്നാണ് അല്ലാഹു കൽപിക്കുന്നത്. അല്ലെങ്കിൽ മനുഷ്യൻ എങ്ങോട്ടും പോകുമെന്ന് അല്ലാഹുവിനറിയാം. എങ്ങോട്ടെങ്കിലും പോ

കട്ടെ എന്ന് പറഞ്ഞ് അല്ലാഹു മനുഷ്യനെ വെറുതെ വിട്ടിട്ടില്ല. നന്മ തിന്മകൾ വേർതിരിച്ചു കാണിച്ചുകൊടുത്തിട്ടുണ്ട്. നന്മ കൽപിക്കാനും തിന്മ വിരോധിക്കാനും ബുദ്ധിയെ തകർക്കുന്നതിനെ എതിരിടാനുമുള്ള ഒരു പദ്ധതിയാണ് മനുഷ്യന്റെ നവീകരണത്തിന് പ്രധാനമായിട്ടുള്ളത് എന്ന തിരിച്ചറിവുകൊണ്ടാണ് ഈ വേദി തെരഞ്ഞെടുത്തത്.

*താങ്കളുടെ പ്രസംഗങ്ങളിലും സംസാരത്തിലുമെല്ലാം നിർലോഭം ക്വുർആൻ വചനങ്ങളും പ്രവാചക വചനങ്ങളും ഉപയോഗിക്കുന്നത് കാണാം. എങ്ങനെയാണ് ഇത് നേടിയടുത്തത്?*

മറ്റു മതഗ്രന്ഥങ്ങളെ അപേക്ഷിച്ച് ക്വുർആനിന് 1500നടുത്ത വർഷത്തെ പഴക്കമേയുള്ളൂ. പുതുക്കം നഷ്ടപ്പെടാത്ത ഗ്രന്ഥമാണ് ക്വുർആൻ എന്നർഥം. മുസ്‌ലിംകൾ മുഴുവനും ക്വുർആൻ ഒരുപോലെ അംഗീകരിക്കുന്നു. അതികഠിനമായാണ് ഇസ്‌ലാം മദ്യത്തെ എതിർക്കുന്നത്. മുസ്‌ലിം നാമധാരികളല്ല; ഇസ്‌ലാമിക ദർശനം. മൂന്ന് ഘട്ടങ്ങളിലായാണ് ഇസ്‌ലാം മദ്യം നിർത്തലാക്കിയത്.

ആദ്യം "സത്യവിശ്വാസികളേ, ലഹരിബാധിച്ചവരായിക്കൊണ്ട് നിങ്ങൾ നമസ്‌കാരത്തെ സമീപിക്കരുത്; നിങ്ങൾ പറയുന്നതെന്തെന്ന് നിങ്ങൾക്ക് ബോധമുണ്ടാകുന്നത് വരെ" എന്ന് പറഞ്ഞു.

പിന്നീട് "നിന്നോട് അവർ മദ്യത്തെയും ചൂതാട്ടത്തെയുംപറ്റി ചോദിക്കുന്നു. പറയുക: അവരണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്ക് ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ അവയിൽ പാപത്തിന്റെ അംശമാണ് പ്രയോജനത്തിൻെറ അംശത്തെക്കാൾ വലുത്." എന്നു പറഞ്ഞ് നിരുൽസാഹപ്പെടുത്തി.

വിശുദ്ധ ക്വുർആൻ മദ്യവും ചൂതാട്ടവും അടക്കമുള്ള, ശത്രുതയും വിദ്വേഷവും ഇളക്കി വിടുകയും നാശഹേതുവുമായ എല്ലാ തിന്മകളെയും വിരോധിച്ചു.

അതിനു ശേഷം മനുഷ്യനെ സർവനാശത്തിലേക്ക് തള്ളിവിടുന്നതാണ് മദ്യം എന്നു പറഞ്ഞ് നിഷിദ്ധമാക്കി പ്രഖ്യാപിച്ചു. ഏകദൈവാദർശം ജനമനസ്സുകളിൽ വേരൂന്നിയതിനു ശേഷമാണ് "പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും അല്ലാഹുവെ ഓർമിക്കുന്നതിൽ നിന്നും നമസ്‌കാരത്തിൽനിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ (അവയിൽനിന്ന്) വിരമിക്കുവാൻ ഒരുക്കമുണ്ടോ'' എന്ന് ചോദിച്ച് ഹറാമാക്കിയത്.

മലപ്പുറമാണ് ഞങ്ങളുടെ സമരത്തിന്റെ ഏറ്റവും വലിയ വിജയഭൂമി. ഇന്ത്യയിൽ ഏറ്റവുമധികം ക്വുർആൻ വായിക്കപ്പെടുന്നത് മലപ്പുറത്താണെന്ന് ഞാൻ മനസ്സിലാക്കുന്നു. പത്താം ക്ലാസിൽ പഠിക്കുമ്പോൾ എനിക്കൊരു ക്വുർആൻ പരിഭാഷ ലഭിച്ചു. മുജാഹിദ് പണ്ഡിതന്മാരുടെ പ്രഭാഷണങ്ങൾ കേൾക്കാൻ തുടങ്ങി. പല മുസ്‌ലിം സംഘടനകളുടെയും പുസ്തകങ്ങൾ വായിക്കാൻ കഴിഞ്ഞു. പ്രഗത്ഭരായ മുസ്‌ലിം പണ്ഡിതന്മാരുമായി ഇന്നെനിക്ക് ബന്ധമുണ്ട്. വീട്ടിൽ കുടുംബസമേതം ഞങ്ങൾ ക്വുർആനും ബൈബിളും ഗീതയുമെല്ലാം ചർച്ച ചെയ്യാറുണ്ട്.

*മദ്യനിരോധന പ്രവർത്തനവുമായി രംഗത്തിറങ്ങിയപ്പോൾ സമൂഹം എങ്ങനെയാണ് പ്രതികരിച്ചത്?*

എന്റെ ഗ്രാമത്തിലെ മദ്യംകൊണ്ട് നശിക്കുന്ന കുടുംബങ്ങൾക്കെല്ലാം വലിയ സന്തോഷമായിരുന്നു. എല്ലാ പാർട്ടിക്കാരും സഹകരിച്ചിരുന്നു. മദ്യനിരോധനം എന്നു പറഞ്ഞപ്പോഴാണ് ആളുകൾ വലിഞ്ഞത്. 'മദ്യരാഷ്ട്രീയക്കാർ' എന്ന ഒരു വിഭാഗമുണ്ട്. മദ്യത്തെ പ്രോൽസാഹിപ്പിക്കുക, അതിന്റെ പണം പറ്റുക,തൊഴിലാളികളെ സംഘടിപ്പിക്കുക... ഇതൊക്കെയാണ് അവരുടെ പരിപാടി. അവർ പതുക്കെ പതുക്കെ നമ്മെ എതിർക്കാൻ തുടങ്ങി. പക്ഷേ, സാധാരണ ജനങ്ങളുടെ സപ്പോർട്ട് നമുക്ക് കിട്ടി. പറയത്തക്ക ആക്രമണങ്ങളൊന്നുമുണ്ടായിട്ടില്ല. അബ്കാരികളും അവരുടെ ഗുണ്ടകളും വന്ന് എന്തെങ്കിലും പറയും എന്ന് മാത്രം.

*കഴിഞ്ഞ സർക്കാർ കുറെ മദ്യശാലകൾ അടച്ചുപൂട്ടിയല്ലോ. ആ സമയത്ത് എടുത്തു പറയത്തക്ക എന്തെങ്കിലും അനുഭവം ഉണ്ടായിട്ടുണ്ടോ?*

ഞങ്ങൾ 1000 പഞ്ചായത്തുകളിൽ ജാഥ നടത്താൻ തീരുമാനിക്കുകയും അത് തുടങ്ങുകയും ചെയ്തു. 650 പഞ്ചായത്തെത്തിയപ്പോൾ മന്ത്രിബാബു ഇതിൽ അട്ടിമറി നടത്തുന്നു എന്നറിഞ്ഞു ഞങ്ങൾ ജാഥ അവസാനിപ്പിച്ച് തിരിച്ച് തിരുവനന്തപുരത്തെത്തി. ആ സമരത്തിന്റെ തുടർച്ചയായിട്ടാണ് 418 കൊള്ളരുതാത്ത ബാറുകൾ അടക്കണമെന്ന ആവശ്യം ഞങ്ങളുയർത്തിയത്. അതിന് വി.എം സുധീരന്റെ പിന്തുണയുണ്ടായിരുന്നു. അവസാനം 730 എണ്ണം അടക്കാമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. അതോടെ ഞങ്ങൾ ആ സമരം പിൻവലിച്ചു. ഈ സമരമാണ് കേരളത്തിലെ മദ്യനിരോധനസമര ചരിത്രം മാറ്റിയെഴുതിയത് എന്ന് സുധീരൻതന്നെ പലവേദികളിലും പറഞ്ഞിട്ടുണ്ട്. ഗവൺമെന്റിൽ ചിലർക്ക് സത്യസന്ധതയില്ലായിരുന്നു. ബീർ, വൈൻ പാർലർ ഒരു അഡ്ജസ്റ്റ്‌മെന്റിൽ കൊടുക്കേണ്ടിവന്നതാണ് ഉമ്മൻ ചാണ്ടിക്ക്. നിരന്തരം നിലവിളിച്ചതിന്റെ ഫലമായി ഇത്രയെങ്കിലും ആയല്ലോ എന്ന സമാധാനമാണ് ഞങ്ങൾക്ക്.

പിന്നീട് എൽ. ഡി. എഫ് വന്നു. അവർ മദ്യനിരോധനത്തിനെതിരാണ്. മദ്യവർജനം അവർ അംഗീകരിക്കുന്നു. ഇപ്പോഴത്തെ സുപ്രീംകോടതി വിധി നിരന്തരമായ ഞങ്ങളുടെ പരിശ്രമത്തിന്റെ ഫലമാണ്. ആ വിധി ഗവൺമെന്റ് അട്ടിമറിക്കാൻ നോക്കി. അതിന് റിവ്യൂ പെറ്റീഷൻ കൊടുക്കാൻ നോക്കി പറ്റില്ലെന്ന് നിയമവകുപ്പ് ഉപദേശിച്ചു. ഇപ്പോൾ സുപ്രീംകോടതി വിധി അനുസരിച്ച് പാതയോര മദ്യശാലകൾ നീക്കം ചെയ്യണം. ഇതിനെ സർക്കാർ അട്ടിമറിച്ചേക്കും. അട്ടിമറിക്കരുത് എന്ന് പറഞ്ഞുകൊണ്ടാണ് വീണ്ടും ഞങ്ങൾ സമരത്തിനിറങ്ങുന്നത്. അതിന് എല്ലാ മുസ്‌ലിം സംഘടനകളും ഇതര മതസംഘടനകളും പിന്തുണ നൽകണം. ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം

# മുഹമ്മദ് നബിﷺ: ജീവിതവും സന്ദേശവും

ലോകം കണ്ട ഏറ്റവും വലിയ മഹാനാണ് മുഹമ്മദ് നബിﷺ. മാതൃകാപരമായ പെരുമാറ്റത്തിലൂടെ ശത്രുക്കളുടെ പോലും ആദരവും സ്നേഹവും പിടിച്ചുപറ്റിയ വ്യക്തിത്വത്തിന്റെ ഉടമ.

ആ പ്രവാചകന്റെ ജീവിതം എല്ലാവർക്കും മാതൃകയാണ്. അധ്യാപകന്നും വിദ്യാർഥിക്കും നേതാവിന്നും ഭരണാധികാരിക്കും സൈനിക മേധാവിക്കുമെല്ലാം മാതൃക. അദ്ദേഹത്തിന്റെ ജീവിതം നൽകിയ സന്ദേശം സാർവകാലികവും സാർവലൗകികവുമാണ്. അവിടുത്തെ നിയോഗമനം ലോകത്തിനാകമാനം കാരുണ്യമാണ്. 'ലോകത്തിന് മുഴുവൻ കാരുണ്യമായിക്കൊണ്ടല്ലാതെ താങ്കളെ നാം നിയോഗിച്ചിട്ടില്ല' എന്ന് അല്ലാഹു പറയുന്നു.

ഇരുലോകത്തും നന്മമാത്രം പ്രദാനം ചെയ്യുന്ന തത്ത്വങ്ങൾ മാത്രം പഠിപ്പിച്ച ആ പ്രവാചകനെﷺ അല്ലാഹു പരിചയപ്പെടുത്തുന്നത് കാണുക: "(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ. പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ)"(അൽ അഅ്റാഫ് 157,158).

ജീവിതത്തിന്റെ ഏതു മേഖലയിയും അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉദാത്തമായ മാതൃകയുണ്ട്:

"തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്" (അൽ അഹ്സാബ് 21).

ജീവിതത്തിൽ ഒരിക്കൽപോലും കളവ് പറഞ്ഞിട്ടില്ല. ആരെയും വഞ്ചിച്ചിട്ടില്ല. കരാർലംഘനം നടത്തിയിട്ടില്ല. ജീവിതത്തിന്റെ ലക്ഷ്യം ഭൗതിക ലാഭമായി കണ്ടിട്ടില്ല. ഏതുവിഷയത്തിലും പരലോകം മുന്നിൽ കണ്ടുകൊണ്ടായിരുന്നു പ്രവർത്തനം. ശക്തമായ ചൂടുള്ള സന്ദർഭത്തിൽ യാത്രചെയ്യുന്ന ഒരു വ്യക്തി അൽപസമയം മരത്തിനു കീഴിലെ തണലിൽ വിശ്രമിക്കാനിരിക്കുന്നത് പോലെ മാത്രമെ ഞാനും ഇഹലോകവും തമ്മിൽ ബന്ധമുള്ളു (തുർമുദി) എന്നാണ് നബിﷺ പറഞ്ഞത്. ഐഹിക ജീവിതത്തിന് പ്രാധാന്യം നൽകുമ്പോഴാണ് മറ്റുള്ളവരെ പരാജയപ്പെടുത്തണമെന്ന ചിന്ത വരുന്നത്. വാശിയും വൈരാഗ്യവും വെറുപ്പും കളവും കാപട്യവും കടന്നുവരുന്നത്. അല്ലാത്ത പക്ഷം ഒരു വ്യക്തിയുടെ മനസ്സ് ശുദ്ധമായിരിക്കും. നിഷിദ്ധമാർഗത്തിലൂടെ സമ്പാദിക്കുന്നതും ആർത്തികൂടുന്നതും അത്യാഗ്രഹം ജനിക്കുന്നതുമെല്ലാം ഇഹലോകത്തെ പരലോകത്തെക്കാൾ വലുതായി കാണുമ്പോഴാണ്.

ആഇശ ؓ പറയുന്നു: 'അതിഥികൾ ഉള്ളപ്പോഴല്ലാതെ നബിﷺ റൊട്ടിയും മാംസവും കൊണ്ട് വയറു നിറച്ചിട്ടില്ല.' വെള്ളവും കാരക്കയും മാത്രം ഉപയോഗിച്ച് ദിവസങ്ങളോളം ജീവിച്ചിട്ടുണ്ട്. മരിക്കുന്ന സമയത്തുപോലും അവിടുത്തെ പടയങ്കി ജൂതന്റെ വീട്ടിൽ പണയത്തിലായിരുന്നു.

പക്ഷേ, ഇതൊന്നും അല്ലാഹുവോടുള്ള കടമകൾ നിറവേറ്റുന്നതിനോ ആരാധനകൾ നിർവഹിക്കുന്നതിനോ ഒരിക്കലും തടസ്സമായിട്ടില്ല. കാലിൽ നീര് വരുമാറ് രാത്രിയിൽ നമസ്കരിക്കുമായിരുന്നു. 'ഞാനൊരു നന്ദിയുള്ള അടിമയാകേണ്ടേ ആഇശാ?' എന്നായിരുന്നു ഇതിനെ കുറിച്ച് ചോദിച്ചപ്പോൾ പ്രവാചകന്റെ മറുപടി. രാത്രിയുടെ ആദ്യഭാഗം ഉറങ്ങും. അവസാനഭാഗം നമസ്കരിക്കും. ബാങ്ക് കേട്ടാൽ പെട്ടെന്ന് എഴുന്നേൽക്കും. വലിയ അശുദ്ധിയുണ്ടെങ്കിൽ കുളിക്കും. അല്ലാത്ത പക്ഷം വുദൂഅ് ചെയ്ത് നമസ്കാരത്തിനു പുറപ്പെടും. സുബ്ഹി നമസ്കരിച്ചു കഴിഞ്ഞാൽ സൂര്യൻ നന്നായി ഉദിക്കുന്നത് വരെ നമസ്കാര സ്ഥലത്തുതന്നെ ഇരിക്കും. നാലു റക്അത്ത് ദുഹാ നമസ്കരിക്കും. ചിലപ്പോൾ അ

തിനെക്കാൾ കൂടുതലും. അടുപ്പത്തുവെച്ച പാത്രത്തിലെ വെള്ളം തിളക്കുന്ന പോലെ ശബ്ദം വരുമാറ് കരഞ്ഞ് നമസ്കരിക്കും. സദാസമയവും നാവിൻ തുമ്പിൽ ദിക്റുകൾ.

സ്രഷ്ടാവിനോടുള്ള ബന്ധത്തിൽ മാത്രമല്ല, സഹജീവികളോടുള്ള ബന്ധങ്ങളിലും നബിﷺ ബദ്ധശ്രദ്ധനായിരുന്നു. സ്വഭാവം, പെരുമാറ്റം, സംസ്കാരം... എല്ലാം ഏവരെയും ആകർഷിക്കുന്ന രൂപത്തിൽ."താങ്കൾ മഹത്തായ സ്വഭാവത്തിലാകുന്നു' എന്ന് അല്ലാഹു. 'അവിടുത്തെ സ്വഭാവം ക്വുർആനായിരുന്നു' എന്ന് ഭാര്യ ആഇശ. കേൾക്കുന്നവർക്ക് മനസ്സിലാകുന്ന രീതിയിൽ സാവകാശം വേർതിരിച്ചുകൊണ്ടുള്ള സംസാരം. എപ്പോഴും മുഖത്ത് പുഞ്ചിരി. അഹങ്കാരം ലവലേശമില്ല. വിനയത്തിന്റെ നിറകുടം.

'ക്രിസ്ത്യാനികൾ ഈസാ നബിയെ അതിരുകവിഞ്ഞ് വാഴ്ത്തിയതുപോലെ എന്നെ നിങ്ങൾ അതിരുകവിഞ്ഞ് വാഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ അടിമയും റസൂലുമാണ്' എന്ന് അദ്ദേഹം പ്രഖ്യാപിച്ചത് ഏറെ ശ്രദ്ധേയമാണ്.

അദ്ദേഹം സാധാരണക്കാർക്കൊപ്പം ജീവിച്ചു. അവരോടൊപ്പം യാത്ര ചെയ്തു. അവരിൽ ഒരാളായിക്കൊണ്ടു തന്നെ എല്ലാം ചെയ്തു. 'മാംസമില്ലാത്ത എല്ല് ഒരാൾ എനിക്ക് സമ്മാനമായി തന്നാൽ ഞാൻ സ്വീകരിക്കും. അതു (പാകം ചെയ്ത്) എന്നെ ക്ഷണിച്ചാൽ ആ ക്ഷണം ഞാൻ സ്വീകരിക്കും' പ്രവാചകൻﷺയുടെ ഈ വാക്കുകൾ അദ്ദേഹത്തിന്റെ സമഭാവനയുടെയും വിനയത്തിന്റെയും അടയാളമാണ്.

അനസ് പറയുന്നു: 'പത്തുവർഷത്തോളം ഞാൻ പ്രവാചകന് സേവനം ചെയ്തിട്ടുണ്ട്. അനിഷ്ടകരമായ ഒരു വാക്ക് എന്നോട് പറഞ്ഞിട്ടില്ല. ചെയ്ത ഒരു കാര്യത്തിൽ എന്തിനിത് ചെയ്തെന്നോ, ചെയ്യാത്ത ഒരു കാര്യത്തിന്റെ പേരിൽ എന്തുകൊണ്ട് ചെയ്തില്ല എന്നോ എന്നോട് പറഞ്ഞിട്ടില്ല.'

നബിﷺ മ്ലേഛമായി സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്ന ആളായിരുന്നില്ല. അങ്ങാടിയിൽ ശബ്ദകോലാഹലം ഉണ്ടാക്കുന്ന കൂട്ടത്തിലായിരുന്നില്ല. തിന്മയെ തിന്മ കൊണ്ട് നേരിടാറില്ല. മാപ്പുകൊടുക്കുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുകയായിരുന്നു പതിവ്. അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തിലല്ലാതെ തന്റെ കൈകൊണ്ട് ആരെയും വേദനിപ്പിച്ചിട്ടില്ല.

പച്ചക്കരളുള്ള ഏതൊരു ജീവിയോടും കരുണ കാണിച്ചാൽ പ്രതിഫലം ലഭിക്കുമെന്ന് പഠിപ്പിച്ച നബിﷺ അത് സ്വജീവിതത്തിൽ അന്വർഥമാക്കി. വേനൽകാലത്ത് ഒട്ടകവുമായി യാത്രചെയ്യുമ്പോൾ വേഗത്തിൽ നടക്കണമെന്നും തണുപ്പ് കാലത്തു യാത്രചെയ്യുമ്പോൾ പുല്ല് തിന്നാൻ ഒട്ടകത്തിന് കഴിയും വിധം സാവകാശം നടക്കണമെന്നും കൽപിച്ചു. പക്ഷിയോടും ഉറുമ്പിനോടും പോലും കാരുണ്യം കാണിക്കാൻ പ്രേരിപ്പിച്ചു.

ആര് ചോദിച്ചാലും നൽകും. ഇല്ല എന്ന് പറയില്ല. വീട്ടിലും നാട്ടിലും മാന്യത പുലർത്തി. ഇന്ന് പലർക്കും സാധിക്കാത്ത ഒന്നാണിത്! അദ്ദേഹം സ്വയം വസ്ത്രം അലക്കും. ആടിനെ കറക്കും. ഭാര്യമാരെ വീട്ടുജോലിയിൽ സഹായിക്കും. ബാങ്ക് കേട്ടാൽ പള്ളിയിലേക്ക് പുറപ്പെടും. മരിക്കുമ്പോൾ ഒൻപത് ഭാര്യമാരുണ്ടായിരുന്നു. ആർക്കും പരാതിയില്ല. കാരണം അദ്ദേഹം നീതിപുലർത്തി ജീവിച്ചു. സ്നേഹം എല്ലാവർക്കും പകുത്തു നൽകി. നിങ്ങളിൽ ഏറ്റവും നല്ലവൻ ഭാര്യയോട് ഏറ്റവും നല്ലവൻ എന്ന തത്ത്വം സ്വജീവിതത്തിൽ കാണിച്ചു കൊടുത്തു. ആഇശ പറയുന്നു: 'ഞാൻ കുടിച്ച പാത്രം വാങ്ങി വെള്ളം കുടിക്കും. ഞാൻ കടിച്ച മാംസം പിടിച്ചു വാങ്ങി ഞാൻ കടിച്ചേടത്ത് കടിക്കും. വുദൂഅ് എടുത്ത് നമസ്കരിക്കാൻ പോകുമ്പോഴും വഴിയിൽ വെച്ചൊരു ചുംബനം നൽകും. ഞാനും റസൂലും ഒന്നിച്ച് കുളിക്കാറുണ്ട്. എന്റെ മടിയിൽ തലവെച്ച് കിടക്കാറുണ്ട്. ഞാൻ മുടിചീകി കൊടുക്കാറുണ്ടായിരുന്നു.'

ഒരു രാജ്യത്തിന്റ ഭരണാധികാരം കയ്യാളുന്ന, അന്ത്യനാൾ വരെയുള്ളവർക്കെല്ലാം പ്രവാചകനായിട്ടുള്ള വ്യക്തിയുടെ മാതൃകാപരമായ ജീവിതത്തിന്റെ തേജോമയമായ സന്ദർഭങ്ങളാണിത്.

ഖൈബർ യുദ്ധം കഴിഞ്ഞ് തിരിച്ചു വരുമ്പോൾ സഫിയ്യയുമായുള്ള വിവാഹം നടന്നു. അവർക്ക് ഒട്ടകപ്പുറത്തു കയറാൻ നബിﷺ തന്റെ കാൽ വെച്ചുകൊടുത്തു. ഒന്നിൽ കൂടുതൽ ഭാര്യമാരുണ്ടായിട്ട് അതിന്റെ പേരിൽ കുടുംബകലഹമുണ്ടായിട്ടില്ല. യാത്രയിൽ പോലും ഭാര്യമാർക്കിടയിൽ നറുക്കിട്ട് നീതി കാണിക്കും. ആരാധനയിൽ ഭാര്യമാർക്ക് പ്രേരണയും പ്രോൽസാഹനവും നൽകി. പാതിരാവായാൽ ഭാര്യമാരെ നമസ്കാരത്തിനു വിളിച്ചുണർത്തും.

അദ്ദേഹം കുട്ടികളെ ഉമ്മവെക്കും, താലോലിക്കും, അവരോടൊപ്പം കളിക്കും. ജഅ്ഫർ യുദ്ധത്തിൽ ശഹീദായപ്പോൾ നബിﷺ അദ്ദേഹത്തിന്റെ മക്കളെ കെട്ടിപ്പിടിച്ച് കരഞ്ഞു. ഫാത്വിമയോടുള്ള സ്നേഹം പറഞ്ഞറിയിക്കാൻ കഴിയാത്തതായിരുന്നു. പെൺകുട്ടികൾ അവഗണിക്കപ്പെടുന്ന കാലത്തായിരുന്നു ഈ മാതൃകാജീവിതം എന്ന് നാം പ്രത്യേകം ഓർക്കണം.

ചെറിയ കുട്ടികൾക്കും ആവശ്യാനുസരണം ശിക്ഷണം നൽകി. ഇബ്നു അബ്ബാസിനോട് പറഞ്ഞു: 'നീ അല്ലാഹുവിനെ സൂക്ഷിക്കണം. അവൻ നിന്നെ സംരക്ഷിക്കും. നീ അല്ലാഹുവിനെ സൂക്ഷിക്കണം. നിന്റെ മുന്നിൽ നിനക്കവനെ കാണാം. നീ ചോദിച്ചാൽ അല്ലാഹുവോട് ചോദിക്കണം. നീ സഹായം തേടിയാൽ അല്ലാഹുവോട് സഹായം തേടണം.'

അല്ലാഹുവിന്റെ നാമം ചൊല്ലി ഭക്ഷണം കഴിക്കൂ. വലതുകൈകൊണ്ട് കഴിക്കൂ. മുന്നിൽ നിന്ന് ഭക്ഷിക്കൂ എന്നിങ്ങനെ നല്ല മര്യാദകൾ കുട്ടികളെ പഠിപ്പിച്ചു. അയൽവാസികളോട്, ശത്രുക്കളോട്, തെറ്റ് ചെയ്തവരോട് തുടങ്ങി എല്ലാവരോടും മാന്യതയുടെയും സഹനത്തിന്റെയും വിട്ടുവീഴ്ചയുടേയും സമീപനങ്ങൾ. ആരെയും അന്യായമായി ദ്രോഹിച്ചില്ല. ആർക്കും അർഹതപ്പെട്ടത് തട്ടിയെടുത്തിട്ടില്ല. 'അല്ലാഹുവേ, എന്റെ സമൂഹം അറിവില്ലാത്തവരാണ്. അവർക്കു നീ പൊറുത്തു കൊടുക്കേണമേ' എന്ന് തന്നെ ഉപദ്രവിച്ചവർക്കു വേണ്ടി പ്രാർഥിച്ച മറ്റൊരു വ്യക്തി ചരിത്രത്തിൽ അറിയപ്പെടുന്നില്ല. ●

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com




# മദ്യവർജനമോ മദ്യനിരോധനമോ?

**മദ്യനിരോധനമാണോ മദ്യവർജനമാണോ വേണ്ടതെന്ന ചർച്ചകളെക്കാളേറെ ഒരു മദ്യമുക്തസമൂഹത്തെ എങ്ങനെ ഉണ്ടാക്കിയെടുക്കാമെന്ന അന്വേഷണവും അതിനുവേണ്ട ആത്മാർഥമായ പരിശ്രമവുമാണ് ആവശ്യമായിട്ടുള്ളത്. മദ്യമെന്ന വിപത്തിനെതിരെ ജനമനസ്സുകളെ സ്വാധീനിക്കുന്ന തരത്തിലുള്ള ശക്തമായ ബോധവൽക്കരണം അനിവാര്യമാണ്. ഇത്തരം വിപത്തുകളെ ലഘൂകരിക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ ഭരണകൂടങ്ങളിൽ നിന്നും ഉണ്ടായിക്കൂടാ. വ്യവസ്ഥിതി മാറിയതുകൊണ്ടോ നിയമങ്ങൾ അടിച്ചേൽപ്പിച്ചതുകൊണ്ടോ പരിഹാരമാവില്ല. മദ്യവർജനത്തെ ഒരു ധാർമികബാധ്യതയായി ജനങ്ങൾ സ്വീകരിക്കുകയും അവയെ നിയന്ത്രിക്കാൻ ഭരണകൂടം ശക്തമായ നിയമങ്ങൾ ആവിഷ്കരിക്കുകയും സജീവമായ ബോധവൽക്കരണം ഉണ്ടാവുകയും ചെയ്യുമ്പോൾ മാത്രമേ ലക്ഷ്യത്തിലെത്താൻ കഴിയൂ.**

**ക**ള്ള്, ബിയർ, വൈൻ എന്നിവയെ മദ്യമായി പരിഗണിക്കരുതെന്ന് കേരളം സുപ്രീം കോടതിയോട് ആവശ്യപ്പെട്ടതോടെ 'മദ്യചർച്ചകൾ' വീണ്ടും സജീവമാകുകയാണ്. ഇക്കഴിഞ്ഞ ഡിസംബർ 15ന് സുപ്രീംകോടതി പുറപ്പെടുവിച്ച സുപ്രധാന വിധിയുടെ പശ്ചാത്തലത്തിനാണ് കേരളം സുപ്രീംകോടതിയിൽ വിചിത്രമായ ഈ ഒരു അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ദേശീയ, സംസ്ഥാന പാതയോരങ്ങളിലുള്ള മുഴുവൻ മദ്യഷോപ്പുകളും അഞ്ഞൂറ് മീറ്റർ ഉള്ളിലേക്ക് മാറ്റി സ്ഥാപിക്കണമെന്നാണ് കോടതി വിധി. ചീഫ് ജസ്റ്റിസ് ടി. എസ്. താക്കൂറിന്റെ നേതൃത്വത്തിലുള്ള മൂന്നംഗ ബെഞ്ചിന്റെ സുപ്രധാനമായ വിധിയുടെ പശ്ചാത്തലത്തെയും സദുദ്ദേശപരമായ നിലപാടുകളെയും തീരെ പരിഗണിക്കാതെയുള്ള സമീപനമാണ് കേരളം സ്വീകരിച്ചത് എന്ന് പറയാതെ വയ്യ. മദ്യപിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് മൂലമുണ്ടാകുന്ന അപകടങ്ങളും സാമൂഹികദുരന്തങ്ങളും ചൂണ്ടിക്കാട്ടിയാണ് സുപ്രീംകോടതിയുടെ വിധി വന്നിട്ടുള്ളത് എന്നത് വിധിയുടെ മാനവികതലത്തെ വ്യക്തമാക്കുന്നു. വിധിപ്രസ്താവത്തിന്റെ പ്രസക്തഭാഗം ഇങ്ങനെ: "ദേശീയ, സംസ്ഥാന പാതയോരങ്ങളിൽ മദ്യത്തിന്റെ ഒരു കച്ചവട

വും അതിന്റെ പരസ്യങ്ങളും പരസ്യബോർഡുകളും അനുവദിക്കില്ല. എല്ലാ പരസ്യബോർഡുകളും എടുത്ത് മാറ്റിയിരിക്കണം. അവ സംഭ്രമിപ്പിക്കുന്നതോ ആകർഷണീയത നിറഞ്ഞതോ ആവട്ടെ; മുഴുവൻ കാര്യങ്ങളിൽ നിന്നും തീർത്തും മുക്തമായിരിക്കണം. കാഴ്ചയാണ് ഒന്നാമത്തെ പ്രചോദനം.”

മദ്യാസക്തി പിടികൂടിയിട്ടുള്ളവരിൽ മിക്കവരും ഡ്രൈവ് ചെയ്യുമ്പോൾ റോഡരുകിൽ കാണുന്ന മദ്യഷോപ്പുകളിൽ നിന്ന് മദ്യം കഴിക്കുകയും വീണ്ടും വാഹനമോടിക്കുകയും ചെയ്യുന്നു. ഇതുവഴി വലിയ തോതിൽ അപകടങ്ങളുണ്ടാവുന്നുവെന്ന നിരീക്ഷണമാണ് കോടതി നടത്തിയത്. ഒരു വർഷം ഒന്നര ലക്ഷം റോഡപകടങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഈ അപകടങ്ങളുടെ കാരണം പരിശോധിച്ചാൽ മദ്യമാണ് പ്രധാന ‘പ്രതി’ എന്ന് കണ്ടെത്താൻ സാധിക്കുമെന്നും കോടതി നിരീക്ഷിച്ചു.

കേരളത്തിൽ ഇങ്ങനെ മാറ്റി സ്ഥാപിക്കേണ്ട മദ്യഷോപ്പുകളുടെ എണ്ണം 180 ആണ്. മാർച്ച് 31ന് മുമ്പ് മാറ്റി സ്ഥാപിക്കണമെന്നാണ് വിധിയിലുള്ളത്. എന്നാൽ 25 മദ്യഷോപ്പുകൾ മാത്രമാണ് പാതയോരത്ത് നിന്ന് കേരളം ഇതിനകം മാറ്റിയത്. ഇനിയും 155 ഷോപ്പുകൾ മാറ്റേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് കഴിഞ്ഞയാഴ്ച കേരളം പുതിയ ആവശ്യങ്ങളുമായി സുപ്രീംകോടതിയിൽ എത്തിയിട്ടുള്ളത്. കേരളത്തിലെ പഞ്ചനക്ഷത്ര ഹോട്ടലുകളെ ഇതിൽ നിന്നൊഴിവാക്കുക, ബീവറേജസ് കോർപ്പറേഷൻ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവ മുനിസിപ്പൽ കോർപ്പറേഷൻ പരിധികളിൽ സ്ഥാപിച്ച മദ്യഷോപ്പുകളെ ഇതിൽ നിന്നൊഴിവാക്കുക, മറ്റുള്ളവ മാറ്റി സ്ഥാപിക്കാൻ ഒരു വർഷത്തെ സമയപരിധി കൂടി അനുവദിക്കുക, കേരളത്തിന്റെ സാമ്പത്തിക നഷ്ടം നികത്താൻ കേന്ദ്ര സർക്കാരിന് നിർദേശം നൽകുക, കള്ള്, വൈൻ, ബിയർ എന്നിവയെ മദ്യത്തിന്റെ നിർവചനത്തിൽ നിന്നൊഴിവാക്കുക എന്നീ ആവശ്യങ്ങളാണ് കേരളം സമർപ്പിച്ചത്. സമാനവിധി പറഞ്ഞ പഞ്ചാബ് ഹൈക്കോടതി വിധിയെ ചോദ്യം ചെയ്തുകൊണ്ട് പഞ്ചാബും അതുപോലെ തമിഴ്നാടും നൽകിയ അപ്പീലിൽ വാദം കേൾക്കുകയായിരുന്നു സുപ്രീംകോടതി. ഖജനാവിനുണ്ടാവുന്ന സാമ്പത്തിക നഷ്ടത്തെ കുറിച്ചാണ് പ്രധാനമായും സംസ്ഥാനങ്ങൾ വേവലാതിപ്പെട്ടത്. സംസ്ഥാന ഖജനാവിന് വേണ്ടിയാണ് മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നതെന്ന പഞ്ചാബിന്റെ വാദം കേട്ട കോടതി ജനങ്ങൾക്ക് വേണ്ടിയാണോ മദ്യലോബികൾക്ക് വേണ്ടിയാണോ നിങ്ങൾ സംസാരിക്കുന്നത് എന്ന് ചോദിക്കുകയുണ്ടായി.



മദ്യവിൽപന നിരോധിക്കുകയെന്ന ഭരണഘടനാപരമായ ബാധ്യത സംസ്ഥാന സർക്കാരുകൾക്കുണ്ടെന്ന നിരീക്ഷണവും സുപ്രീംകോടതി മുമ്പോട്ട് വെക്കുകയുണ്ടായി. മദ്യനിരോധനമാണോ വേണ്ടത് മദ്യവർജനമാണോ വേണ്ടത് എന്ന തർക്കം നമ്മുടെ സംസ്ഥാനത്തു സജീവമായി നിൽക്കുമ്പോഴാണ് കോടതിയുടെ ഈ നിരീക്ഷണവും സംസ്ഥാനത്തിന്റെ അഭിപ്രായങ്ങളുമെന്നത് ശ്രദ്ധേയമാണ്. മദ്യം ഗുണപ്രദമായ പാനീയമാണെന്ന് അത് ഉപയോഗിക്കുന്നവർക്കോ അത് നിർമിക്കുന്നവർക്കോ വിതരണം ചെയ്യുന്നവർക്കോ അഭിപ്രായമില്ല. മദ്യം കൊണ്ടുള്ള സാമൂഹികവും കുടുംബപരവും മാനസികവുമായ പ്രശ്നങ്ങൾ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയും അത്തരം പ്രശ്നങ്ങൾ മാധ്യമങ്ങളിലും മറ്റുമായി ദിനേന ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നു. ഈ ചർച്ചകൾ പൊതുവിൽ മദ്യം നിരോധിക്കണമെന്ന അഭിപ്രായത്തിലേക്കോ അല്ലെങ്കിൽ മദ്യത്തിനെതിരെയുള്ള ബോധവൽക്കരണങ്ങളിലൂടെ മദ്യ ഉപഭോഗം കുറക്കാനുള്ള ശ്രമങ്ങൾ നടത്തണമെന്ന അഭിപ്രായത്തിലേക്കോ നയിക്കുന്നു. മദ്യം വ്യാപകമായി അനുവദിക്കണമെന്ന ചർച്ചകൾ പൊതുവിൽ നമുക്ക് കാണാൻ സാധ്യമല്ല. നിരോധനം വിപരീതഫലമാണ് ഉണ്ടാക്കുന്നത് എന്നാണ് പൊതുവിൽ നിരോധനത്തെ വിമർശിക്കുന്നവർ പറയുന്നത്. ചില സംസ്ഥാനങ്ങളിലുണ്ടായ വിപരീതഫലങ്ങൾ അതിനവർ ചൂണ്ടിക്കാണിക്കുന്നു. അതിലൊന്ന് ഗുജറാത്താണ്. അവിടെ 1961ലാണ് മദ്യം നിരോധിച്ചത്. ഗാന്ധിജിയുടെ നാടാണെന്ന പരിഗണനയാണ് ഗുജറാത്തിൽ മദ്യം നിരോധിക്കാനുണ്ടായ കാരണമെന്ന് പറയപ്പെടുന്നു. എന്നാൽ അവിടെ വ്യാജമദ്യവും സ്പിരിറ്റും സുലഭമാവുകയും അതുവഴി അക്രമങ്ങൾ വർധിക്കുകയും ചെയ്തു എന്നതാണ് നിരോധനം കൊണ്ട് ഫലമില്ല എന്നു പറയുന്നവർ വാദിക്കുന്നത്. നിരോധനമുള്ള മറ്റൊരു സംസ്ഥാനമായ നാഗാലാന്റിലും ഇത് തന്നെയാണ് സ്ഥിതി എന്നും അവർ പറയുന്നു. കേരളത്തിൽ എ.കെ ആന്റണി ചാരായ നിരോധനം നടപ്പാക്കിയതിലൂടെ അന്യസംസ്ഥാനങ്ങളിൽ നിന്ന് മദ്യം കേരളത്തിലേക്ക് ഒഴുകിയെന്നും കേരളത്തിൽ മദ്യ

ദുരന്തങ്ങൾ വർധിച്ചു എന്നുമൊക്കെയാണ് നിരോധനം കൊണ്ട് ഫലമില്ലെന്നു പറയുന്നവർ പറയുന്ന മറ്റൊരു ന്യായം. നേരത്തെ സമ്പൂർണ മദ്യ നിരോധനമുണ്ടായിരുന്ന ആന്ധ്രപ്രദേശ്, തമിഴ്നാട്, ഹരിയാന, മിസോറാം എന്നീ സംസ്ഥാനങ്ങൾക്ക് പിന്നീട് നിരോധനം പിൻവലിക്കുകയോ പുനഃപരിശോധിക്കുകയോ ചെയ്യേണ്ടി വന്നതും നിരോധനത്തെ അംഗീകരിക്കാത്തവർ ചൂണ്ടിക്കാണിക്കുന്നു. അതേസമയം ബീഹാറിൽ കഴിഞ്ഞ ഏപ്രിലിലാണ് നിതീഷ്കുമാർ മദ്യനിരോധനം കൊണ്ട് വന്നത്. പാറ്റ്ന ഹൈക്കോടതി നിരോധനം എടുത്തുമാറ്റിയെങ്കിലും പിന്നീട് ഒക്ടോബറിൽ സുപ്രീംകോടതി നിരോധനം പുനഃസ്ഥാപിച്ചു. സർക്കാറിന്റെ നിരോധനനയത്തിന് കൂടുതൽ ജനപിന്തുണ ഉറപ്പിക്കുന്നതിനു വേണ്ടി നിതീഷ് കഴിഞ്ഞ മാസം 11000 കിലോമീറ്റർ ദൈർഘ്യത്തിൽ മനുഷ്യച്ചങ്ങല തീർക്കുകയുണ്ടായി. കേരളത്തിൽ ഘട്ടം ഘട്ടമായി മദ്യം നിരോധിക്കുന്നതിന് വേണ്ടി കഴിഞ്ഞ ഗവൺമെന്റ് നടപടികൾ കൊണ്ടുവന്നെങ്കിലും അതേ മദ്യനയം നിലവിലുള്ള ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. മദ്യവർജനമാണ് തങ്ങളുടെ നയമെന്ന് പുതിയ ഗവൺമെന്റ് പറയുന്നു.

എന്നാൽ മദ്യനിരോധനം ഭരണഘടനാ ബാധ്യതയാണെന്ന സുപ്രീംകോടതിയുടെ നിരീക്ഷണം സർക്കാറുകൾക്ക് നിരോധനത്തിൽ നിന്നും പൂർണമായി മാറി നിൽക്കാൻ സാധിക്കില്ല എന്ന് വ്യക്തമാക്കുന്നതാണ്. ഭരണഘടനയുടെ മാർഗനിർദേശക തത്വങ്ങളിൽ ആർട്ടിക്കിൾ 47 ആണ് മദ്യനിരോധനം നടപ്പാക്കണമെന്ന് നിർദേശിക്കുന്നത്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുകയും, ലഹരി പാനീയങ്ങളുടെയും ആരോഗ്യത്തിന് ഹാനികരമായ മരുന്നുകളുടെയും ഉപയോഗം തടയുകയും ചെയ്യുന്നത്തിനുള്ള പരിശ്രമങ്ങൾ സ്റ്റേറ്റ് നിർവഹിക്കണം എന്നാണ് ഈ ആർട്ടിക്കിൾ വ്യക്തമാക്കുന്നത്. ഈ ആർട്ടിക്കിളിന്റെ അടിസ്ഥാനത്തിൽ 1954ലാണ് കേന്ദ്രസർക്കാർ ഇന്ത്യയിൽ മദ്യനിരോധനത്തിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചത്. 1958ൽ പ്ലാനിംഗ് കമ്മീഷൻ മദ്യനിരോധനത്തിനായി രൂപരേഖയും തയ്യാറാക്കി. എന്നാൽ മദ്യനിരോധനം നിലവിലുണ്ടായിരുന്ന മുംബൈയിൽ നിരോധനം കൊണ്ടുണ്ടായ അനന്തരഫലങ്ങൾ സമൂഹത്തിൽ പ്രകടമാകാൻ തുടങ്ങിയിരുന്നു. 1949ലെ ബോംബെ പ്രോഹിബിഷൻ ആക്ട് അനുസരിച്ച് അന്നത്തെ ബോംബെ മുഖ്യമന്ത്രി ആയിരുന്ന മൊറാർജി ദേശായി ആണ് അവിടെ മദ്യനിരോധനം കൊണ്ടുവന്നത്. എന്നാൽ നിയമലംഘന പ്രതിഷേധങ്ങൾ വ്യാപകമാവുകയും നിയന്ത്രിക്കാനാകാത്തവിധം മദ്യക്കടത്ത് വർധിക്കുകയും ചെയ്തു. മദ്യവും മയക്കുമരുന്നും വീടുകയറിയുള്ള വിൽപനയും സാധാരണ സംഭവമായി. ഇത് ക്രിമിനൽ സംഘങ്ങളുടെ വളർച്ചക്ക് ആക്കം കൂട്ടി. നിരോധനം വിപരീതഫലം ചെയ്യുമെന്നുറപ്പായപ്പോൾ കേന്ദ്രസർക്കാർ മദ്യനിരോധന നടപടികളിൽനിന്നും പിന്തിരിഞ്ഞു. തുടർന്ന് 1977ൽ മൊറാർജി ദേശായി ഗവൺമെന്റും മദ്യനിരോധനത്തിനായി ശ്രമം നടത്തി പരാജയപ്പെട്ടു.  ചുരുക്കത്തിൽ ഇന്ത്യയിൽ പലതവണ നടപ്പാക്കാൻ ശ്രമിച്ചു പരാജയപ്പെട്ട ഒന്നാണ് മദ്യനിരോധനം.

**ഒരു ഗിരിപ്രഭാഷണം കൊണ്ടോ ഉപദേശം കൊണ്ടോ ഒരാളെയും മദ്യത്തിൽ നിന്നും കരകയറ്റാൻ സാധിക്കില്ല. അചഞ്ചലമായ ദൈവവിശ്വാസവും പരലോകബോധവും രക്ഷാശിക്ഷകളെ കുറിച്ചുള്ള തിരിച്ചറിവുമൊക്കെ മനസ്സിൽ രൂപപ്പെട്ടു വന്നുകഴിഞ്ഞാൽ മാത്രമേ തിന്മകളിൽ നിന്നും മാറി നിൽക്കാനുള്ള തീരുമാനമെടുക്കാൻ ഏതൊരാൾക്കും സാധിക്കൂ. വ്യവസ്ഥിതി മാറ്റത്തിലൂടെയോ നിയമങ്ങൾ അടിച്ചേൽപ്പിച്ചതുകൊണ്ടോ പരിഹാരമുണ്ടാവില്ല.**

പക്ഷേ, എന്തുകൊണ്ടാണ് മദ്യനിരോധനം പരാജയപ്പെട്ടത് എന്നതിനെ കുറിച്ച് പഠിക്കാനോ കാരണങ്ങൾ കണ്ടെത്തി സമൂഹത്തിന്റെ സുരക്ഷക്ക് വേണ്ടി അത് പുനരാവിഷ്ക്കരിക്കാനോ ആത്മാർഥമായ ഒരു ശ്രമവും ഇന്ത്യയിൽ നടന്നിട്ടില്ല. ബ്രിട്ടീഷുകാരാണ് ഇന്ത്യയിൽ മദ്യത്തിന്റെ വ്യാപനം ഉണ്ടാക്കിയത്. മദ്യം നൽകി രാഷ്ട്ര പുനർനിർമാണ പ്രവർത്തനങ്ങളിൽ നിന്നും രാഷ്ട്രീയ പ്രതിഷേധങ്ങളിൽ നിന്നും ഇന്ത്യക്കാരെ പിറകോട്ട് കൊണ്ടുപോകുന്നതിന് വേണ്ടിയായിരുന്നുവത്രെ ഇത്. ഇത് തിരിച്ചറിഞ്ഞ ഗാന്ധിജി 1931ൽ യംഗ് ഇന്ത്യയിൽ ഇങ്ങനെ എഴുതി: “ഭാരതത്തിന്റെ സർവാധിപതിയായി ഒരു മണിക്കൂർ നേരത്തേക്കാണ് നിയമിക്കപ്പെടുന്നതെങ്കിൽ പോലും ഞാൻ ആദ്യം ചെയ്യുന്ന പ്രവൃത്തി ഒരു പ്രതിഫലവും വാങ്ങാതെ രാജ്യത്തുള്ള എല്ലാ മദ്യഷാപ്പുകളും അടച്ചുപൂട്ടുകയെന്നതായിരിക്കും.” രാഷ്ട്രപിതാവടക്കം രാഷ്ട്രത്തിന്റെ ശിൽപികൾക്ക് ഭാരതത്തെ മദ്യവിമുക്തമാക്കണമെന്ന ആഗ്രഹമുണ്ടായിരുന്നു എന്നത് യാഥാർഥ്യമാണ്. പക്ഷേ, ആ ആഗ്രഹം സഫലീകരിക്കപ്പെടണമെങ്കിൽ അതിശക്തവും ആത്മാർഥവുമായ പരിശ്രമങ്ങൾ അനിവാര്യമായിരുന്നു. അത്തരത്തിലുള്ള പ്രവർത്തനങ്ങളുണ്ടായില്ല എന്നത് രാജ്യത്തിന്റെ ഇതുവരെയുള്ള പരിശ്രമങ്ങൾ പരാജയപ്പെട്ടതിൽ നിന്നും നമുക്ക് ബോധ്യമാണ്.

മദ്യവർജനം എന്ന ആശയം കൊണ്ട് കേരളസർക്കാർ എന്താണ് ഉദ്ദേശിക്കുന്നതെന്ന് ഇപ്പോഴും വ്യക്തമല്ല. ‘മദ്യപാനികൾ സ്വയം മദ്യം വർജിക്കട്ടെ; അതുവരെയും നമുക്ക് മദ്യം സേവിക്കാം’ എന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ മദ്യവർജനവും മദ്യനിരോധനവും ഇവിടെ ഒരു

കാലത്തും നടപ്പിലാവില്ല. ഇസ്‌ലാം മദ്യത്തെ അതിശക്തമായി വെറുക്കുന്നു എന്നത് സത്യമാണ്. എന്നാൽ മുസ്‌ലിംകളല്ലാത്തവരും മദ്യത്തെ എതിർക്കുന്നുണ്ട്. അതുകൊണ്ടുതന്നെ മദ്യനിരോധനം എന്ന ആവശ്യം മതപരമായ ഒരു ആശയമായിട്ടല്ല മദ്യത്തെ പിഴുതെറിയണമെന്ന് ആഗ്രഹിക്കുന്നവർ കാണുന്നത്. മറിച്ച് അത് വലിയ സാമൂഹ്യദുരന്തങ്ങൾക്ക് ഹേതുവാകുന്ന തിന്മകളുടെ മാതാവാണെന്നുള്ള തിരിച്ചറിവ് കൊണ്ടാണ് അതിനെതിരെ ശക്തമായ ജനകീയ പ്രക്ഷോഭങ്ങളും പ്രതിഷേധങ്ങളും ഉണ്ടാവുന്നത്. ഇവിടെയാണ് മദ്യവർജനം എന്ന ആശയത്തെ ശരിയായ രൂപത്തിൽ പ്രയോഗവൽക്കരിക്കേണ്ട കർമപദ്ധതികൾ ആവശ്യമായി വരുന്നത്. ബോധവൽക്കരണപ്രക്രിയകൾ ഒന്നും നടപ്പാക്കാതെ മദ്യനിരോധനം, മദ്യവർജനം എന്ന അധരവ്യായാമങ്ങൾ കൊണ്ട് കാര്യമില്ല. നമ്മുടെ നാട്ടിൽ എത്രയോ മാതാപിതാക്കൾ യുവതലമുറയുടെ മദ്യാസക്തി കാരണം മനോവ്യഥകൾ അനുഭവിക്കുന്നുണ്ട്. ഭർത്താക്കന്മാരുടെ മദ്യപാനം കൊണ്ട് ജീവിതം ഹോമിക്കപ്പെട്ട എത്രയോ സ്ത്രീകൾ നമ്മുടെ നാട്ടിൽ ജീവിക്കുന്നു. മാതാപിതാക്കളുടെ മദ്യപാനം കൊണ്ട് ജീവിതം തന്നെ വഴി തെറ്റിയ യുവാക്കളും കൗമാരക്കാരും ധാരാളമാണ്. ഇതിനൊന്നും പരിഹാരം കാണാതെ സമൂഹത്തിലെ ചെറിയ ഒരു ശതമാനം വരുന്ന മദ്യമുതലാളിമാർക്കും മാഫിയകൾക്കും സഹായകമാവുന്ന തരത്തിലുള്ള തീരുമാനങ്ങൾ ഉത്തരവാദപ്പെട്ട ഭരണകൂടങ്ങളിൽ നിന്നും ഉണ്ടാവാൻ പാടില്ല.

മദ്യം മയക്കിക്കിടത്തിയ മനസ്സുകളോട് സംവദിക്കാൻ നമുക്ക് കഴിയണം. ഒരു ഗിരിപ്രഭാഷണം കൊണ്ടോ ഉപദേശം കൊണ്ടോ ഒരാളെയും മദ്യത്തിൽ നിന്നും കരകയറ്റാൻ സാധിക്കില്ല. അചഞ്ചലമായ ദൈവവിശ്വാസവും പരലോകബോധവും രക്ഷാശിക്ഷകളെ കുറിച്ചുള്ള തിരിച്ചറിവുമൊക്കെ മനസ്സിൽ രൂപപ്പെട്ടു വന്നുകഴിഞ്ഞാൽ മാത്രമേ തിന്മകളിൽ നിന്നും മാറി നിൽക്കാനുള്ള തീരുമാനമെടുക്കാൻ ഏതൊരാൾക്കും സാധിക്കൂ. വ്യവസ്ഥിതി മാറ്റത്തിലൂടെയോ നിയമങ്ങൾ അടിച്ചേൽപ്പിച്ചതുകൊണ്ടോ പരിഹാരമുണ്ടാവില്ല. മദ്യവർജനത്തെ ഒരു ധാർമികബാധ്യതയായി സ്വീകരിക്കുമ്പോൾ മാത്രമെ പരിവർത്തനങ്ങളുണ്ടാവൂ. ഈ വിഷയത്തിൽ മഹതിയായ ആഇശ(റ)യുടെ നിരീക്ഷണം വളരെ പ്രസക്തമാണ്. "ഖുർആനിൽ ആദ്യമായി അവതരിപ്പിക്കപ്പെട്ടത് 'നിങ്ങൾ മദ്യപിക്കരുത്' എന്നായിരുന്നെങ്കിൽ 'ഞങ്ങൾ മദ്യം ഉപേക്ഷിക്കില്ല' എന്നായിരിക്കും അവർ പറയുക. 'നിങ്ങൾ വ്യഭിചരിക്കരുത്' എന്നായിരുന്നെങ്കിൽ 'ഞങ്ങൾ വ്യഭിചാരം ഉപേക്ഷിക്കില്ല' എന്നായിരിക്കും അവർ പറയുക. ഞാൻ മക്കയിലൊരു കളിക്കുട്ടിയായി കളിച്ചുകൊണ്ടിരുന്നപ്പോളാണ് (പരലോകം ഓർമിപ്പിക്കുന്ന) 'അന്ത്യനാളാണ് അവർക്ക് നിശ്ചിതമായ സമയം; ആ അന്ത്യസമയം ഭയാനകവും കയ്പേറിയതുമാണ്' എന്ന ആയത്ത് അവതരിപ്പിക്കപ്പെട്ടത്. (ഹലാലും ഹറാമും പഠിപ്പിക്കുന്ന) സൂറഃ അൽ ബഖറയും അന്നിസാഉമൊക്കെ അവതരിപ്പിക്കപ്പെട്ടത് ഞാൻ അദ്ദേഹത്തിന്റെ അടുത്ത് (മദീനയിൽ) എത്തിയ ശേഷമാണ്."(ബുഖാരി).

ആദ്യം പഠിപ്പിക്കേണ്ടത് ആദ്യം പഠിപ്പിച്ച്, പ്രബോധനത്തിന്റെ മുൻഗണനാക്രമങ്ങൾ പാലിച്ചുകൊണ്ട് ശക്തമായ ബോധവൽക്കരണത്തിലൂടെ മാത്രമേ സമ്പൂർണ മദ്യവർജനം സാധ്യമാവൂ എന്നാണ് ഇത് വ്യക്തമാക്കുന്നത്. ശുദ്ധമായ ഏകദൈവവിശ്വാസം പഠിപ്പിക്കുകയും ഇഹലോകജീവിതത്തിന്റെ കണക്കുപുസ്തകം പരലോകത്ത് വെച്ച് പരിശോധിക്കപ്പെടുമെന്ന ദൃഢബോധ്യം മനസ്സുകളിൽ രൂപപ്പെടുത്തുകയും ചെയ്തുകൊണ്ടാണ് പ്രവാചകൻ അജ്ഞാനകാലത്തെ മുഴുവൻ അന്ധവിശ്വാസങ്ങളിൽ നിന്നും അധാർമികതകളിൽ നിന്നും ഒരു സമൂഹത്തെ ലോകം കണ്ടതിൽ വെച്ചേറ്റവും ഉന്നതമായ ജനതതിയാക്കി വളർത്തിക്കൊണ്ടു വന്നത്. ദൈവികശിക്ഷയെ കുറിച്ച് ശരിയായ ബോധ്യമുണ്ടായിരുന്നു അവർക്ക്. അവർക്ക് മദ്യത്തിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് അറിയിച്ചുകൊടുത്തു. പിന്നീട് നമസ്കരിക്കുമ്പോൾ മദ്യത്തിൽ നിന്നൊഴിവാകാൻ ഉപദേശിച്ചു. അങ്ങനെ മദ്യത്തിന്റെ ആസക്തിയിൽ നിന്നും ഘട്ടം ഘട്ടമായി അവർ മോചിക്കപ്പെട്ടു. ഒടുവിൽ മദ്യം നിരോധിക്കപ്പെട്ടുവെന്ന അറിയിപ്പ് വരികയേ വേണ്ടതുണ്ടായുള്ളൂ. അവരത് പൂർണമായും ഉപേക്ഷിച്ചു. 'ഫഹൽ അൻതും മുൻതഹൂൻ?'(നിങ്ങൾ വിരമിക്കുന്നില്ലേ?) എന്ന ഒരു ചോദ്യത്തിന്റെ ആവശ്യമേ വന്നുള്ളൂ. അവർ പറഞ്ഞു: 'ഇൻതഹൈനാ ഇൻതഹൈനാ' (ഞങ്ങൾ വിരമിച്ചു; ഞങ്ങൾ വിരമിച്ചു).

അതിനുപകരം ഇരുട്ടുകൊണ്ട് ഓട്ടയടക്കാൻ ശ്രമിച്ചുകൊണ്ട് യഥാർഥ ലക്ഷ്യത്തിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടിയുള്ള പാഴ്‌വേലകളും വികടബുദ്ധികളും ഉപയോഗിക്കാനാണ് ഉത്തരവാദപ്പെട്ട ഭരണകൂടം ചെയ്യുന്നത് എന്നത് ലജ്ജാകരമാണ്. കള്ളും ബിയറും വൈനുമൊന്നും ലഹരിപാനീയങ്ങളെല്ലെന്നു സമർഥിക്കാനാണോ ശ്രമിക്കുന്നത്? ഇത് വഴി എന്ത് സന്ദേശമാണ് യുവജനങ്ങൾക്കും വിദ്യാർഥികൾക്കും സർക്കാർ നൽകുന്നത്? ഗുരുതരമായ ഇത്തരം തെറ്റുകൾ സർക്കാർ തിരുത്തുക തന്നെവേണം. മദ്യത്തിനെതിരെ പ്രവർത്തിക്കുന്ന മുഴുവൻ പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സന്നദ്ധ സംഘടനകളുടെയും കൂട്ടായ്മകൾ രൂപീകരിച്ച് മദ്യത്തിനെതിരെയുള്ള ബോധവൽക്കരണം ശക്തമാക്കണം. തെറ്റുകൾ തിരുത്തി കാര്യക്ഷമമായ ബോധവൽക്കരണത്തിലൂടെ ഒരു മദ്യമുക്ത സമൂഹത്തിനുവേണ്ടി നമുക്കൊന്നായ് ഒറ്റക്കെട്ടായി ആത്മാർഥമായി പ്രവർത്തിക്കാം. ●

ശമീർ മദീനി
shameermadeeni@gmail.com



# ശാന്തിയിലേക്കുള്ള പാത

**സൗകര്യങ്ങളും സംവിധാനങ്ങളും നാൾക്കുനാൾ വർധിക്കുമ്പോഴും മനഃശാന്തി നഷ്ടപ്പെട്ട് അലയേണ്ട ഗതികേടിലാണ് പുതിയ തലമുറ. ശാന്തിയന്വേഷിച്ച് ചെന്നെത്തുന്ന തീരങ്ങളാകട്ടെ പുതിയ പ്രശ്നങ്ങളുടെ വൻകരകൾ തന്നെ സൃഷ്ടിക്കുകയും ചെയ്യുന്നു. ഇഹ-പര ശാന്തിക്ക് സ്രഷ്ടാവ് സംവിധാനമൊരുക്കിയിട്ടുണ്ട്. അതിലൂടെ മാത്രമേ ശാശ്വത ശാന്തി കരഗതമാവുകയുള്ളൂ. എന്താണത്? ഒരു അന്വേഷണം.**

ടെൻഷനുകൾ അനുഭവിക്കാത്ത മനുഷ്യരില്ല. പണക്കാരനെന്നോ പണിക്കാരനെന്നോ തൊഴിലാളിയെന്നോ മുതലാളിയെന്നോ വ്യത്യാസമില്ല അതിൽ. വിവാഹപ്രായമെത്തിയിട്ടും വിവാഹം നടക്കാത്ത മക്കളെയോർത്ത് നെടുവീർപ്പിടുന്നവർ... മാറാരോഗത്താൽ നിരാശരായവർ... ബിസിനസ്സ് രംഗത്തെ പരാജയത്തിൽ മനസ്സ് തകർന്നവർ... അങ്ങനെ വ്യത്യസ്ത തരക്കാർ.

ശാന്തിയും സമാധാനവും തേടി അലയുന്ന ആധുനിക മനുഷ്യന്റെ എണ്ണം ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുകയാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. അവസാനം ഉറക്കം കിട്ടാതെ പ്രയാസപ്പെട്ട്, ഉറങ്ങാനായി ഉറക്ക ഗുളികകളെ ആശ്രയിക്കുന്നു. മറ്റു ചിലർ ഇത്തരം ടെൻഷനുകളെ തൽക്കാലത്തേക്കെങ്കിലും മറക്കാൻ മദ്യത്തെയും മയക്കുമരുന്നുകളെയും ആശ്രയിക്കുന്നു. വേറെ ചിലർ ജീവിതത്തിൽ നിന്ന്തന്നെ ഒളിച്ചോടാൻ തീരുമാനമെടുത്ത് ആത്മഹത്യ തിരഞ്ഞെടുക്കുന്നു. തന്റെ ദുഃഖങ്ങളും സങ്കടങ്ങളും ഒന്നു തുറന്ന് പറയാനെങ്കിലും ഒരു ആശ്രയമില്ലാതാവുമ്പോഴുള്ള ഞെരുക്കം വിവരണാതീതമാണ്. തന്റെ സ്രഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിന്റെ മാർഗനിർദേശം സ്വീകരിക്കാൻ മനുഷ്യൻ തയാറായാൽ അവന്റെ ഏത് പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുവാനും ശാന്തിയുടെ

യും സമാധാനത്തിന്റെയും വിശാലത ആവോളം അവന് അനുഭവിക്കാനും സാധിക്കുമെന്നതാണ് യാഥാർഥ്യം.

ടെൻഷനുകളുടെയും അസമാധാനത്തിന്റെയും കയത്തിലകപ്പെട്ട മനുഷ്യൻ സമാധാനത്തിന്റെ തുരുത്ത് തേടുമ്പോൾ ഏത് കച്ചിത്തുരുമ്പിലും പിടിച്ച് അത് ബലവത്തായ കയാറാണെന്ന് തെറ്റിദ്ധരിക്കുകയാണ്. അതുകൊണ്ടാണ് ആൾദൈവങ്ങളുടെയും സിദ്ധന്മാരുടെയുമെല്ലാം അടുത്തേക്ക് മനുഷ്യർ പ്രശ്ന പരിഹാരത്തിനും ശാന്തിക്കുമായി പോകുന്നത്.

ദുർബലനായ മനുഷ്യന്റെ പരിമിതമായ ബുദ്ധിയിലും ചിന്തയിലും ഉയിർകൊള്ളുന്ന ആശയങ്ങളെപോലെ ദുർബലമല്ലല്ലോ മനുഷ്യരടക്കമുള്ള സർവ ചരാചരങ്ങളുടെയും സ്രഷ്ടാവും സംരക്ഷകനുമായ സത്യദൈവത്തിന്റെ സന്ദേശങ്ങൾ. പക്ഷേ, അതറിയാനോ അന്വേഷിക്കാനോ തയാറാവാത്തതാണ് അടിസ്ഥാന പ്രശ്നം. മനുഷ്യകുലത്തിന്റെ ആദ്യ മാതാപിതാക്കളെ ഭൂമുഖത്തേക്ക് പറഞ്ഞയച്ചപ്പോൾ അല്ലാഹു നൽകിയ സന്ദേശം അതായിരുന്നു. ക്വുർആൻപറയുന്നത് കാണുക:

"നാം പറഞ്ഞു: നിങ്ങളെല്ലാവരും അവിടെനിന്ന് ഇറങ്ങിപ്പോകുക. എന്നിട്ട് എൻെറ പക്കൽനിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എൻെറ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചുതള്ളുകയും ചെയ്തവരാരോ അവരായിരിക്കും നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും" (2:38,39).

ദൈവിക മാർഗദർശനം അവഗണിച്ചാലുള്ള ഭവിഷത്തുകൂടി സൂചിപ്പിച്ചുകൊണ്ട് മറ്റൊരു സ്ഥലത്ത് ക്വുർആൻ പറയുന്നു:

"അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾ രണ്ടുപേരും ഒന്നിച്ച് ഇവിടെനിന്ന് ഇറങ്ങിപ്പോവുക. നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുക്കളാകുന്നു. എന്നാൽ എൻെറ പക്കൽനിന്നുള്ള വല്ല മാർഗദർശനവും നിങ്ങൾക്ക് വന്നുകിട്ടുന്ന പക്ഷം, അപ്പോൾ എൻെറ മാർഗദർശനം ആർ പിൻപറ്റുന്നുവോ അവൻ പിഴച്ചുപോവുകയില്ല; കഷ്ടപ്പെടുകയുമില്ല. എൻെറ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന് ഇടുങ്ങിയ ഒരു ജീവിതമാണ് ഉണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ചു കൊണ്ടുവരുന്നതുമാണ്" (20:123,124).

**ദുർബലനായ മനുഷ്യന്റെ പരിമിതമായ ബുദ്ധിയിലും ചിന്തയിലും ഉയിർകൊള്ളുന്ന ആശയങ്ങളെപോലെ ദുർബലമല്ലല്ലോ മനുഷ്യരടക്കമുള്ള സർവ ചരാചരങ്ങളുടെയും സ്രഷ്ടാവും സംരക്ഷകനുമായ സത്യദൈവത്തിന്റെ സന്ദേശങ്ങൾ. പക്ഷേ, അതറിയാനോ അന്വേഷിക്കാനോ തയാറാവാത്തതാണ് അടിസ്ഥാന പ്രശ്നം. മനുഷ്യകുലത്തിന്റെ ആദ്യ മാതാപിതാക്കളെ ഭൂമുഖത്തേക്ക് പറഞ്ഞയച്ചപ്പോൾ അല്ലാഹു നൽകിയ സന്ദേശം അതായിരുന്നു.**

ദൈവിക മതമായ ഇസ്‌ലാമിന്റെ പേരു തന്നെ ശാന്തിയെയും സമാധാനത്തെയും ദ്യോതിപ്പിക്കുന്നതാണ്. മറ്റു പല മതങ്ങളും ആ മതങ്ങളുടെ സ്ഥാപകരിലേക്കോ, ആചാര്യന്മാരിലേക്കോ, ദേശങ്ങളിലേക്കോ, വംശത്തിലേക്കോ ബന്ധപ്പെടുത്തുന്ന നാമങ്ങളിലാണ് അറിയപ്പെടുന്നതെങ്കിൽ ഇസ്‌ലാം അതിൽ നിന്നെല്ലാം വ്യത്യസ്തമായാണ് നിലകൊള്ളുന്നത്. 'സിൽമ്' എന്ന അറബി പദത്തിൽനിന്നാണ് ഇസ്‌ലാം എന്ന പദം രൂപപ്പെടുന്നത്. ആ പദത്തിന്റെ അർഥം രക്ഷ, ശാന്തി, സമാധാനം എന്നൊക്കെയാണ്. വിശുദ്ധ ക്വുർആൻ (8:61ൽ) ഈ അർഥത്തിൽ പ്രസ്തുത പദം പ്രയോഗിച്ചതു കാണാം. ഇസ്‌ലാം എന്ന പദത്തിനുള്ള മറ്റൊരർഥം സമർപ്പണം, കീഴൊതുങ്ങൽ എന്നൊക്കെയാണ്. അഥവാ സർവശക്തനായ ദൈവത്തിന് മുമ്പിൽ എല്ലാം സമർപ്പിച്ച് അവന്റെ വിധിവിലക്കുകൾക്ക് കീഴൊതുങ്ങുക വഴി സമ്പൂർണ സമാധാനത്തിലേക്കും രക്ഷയിലേക്കും എത്തിച്ചേരുക എന്നതാണതിന്റെ താൽപര്യം.

അപ്രകാരം പരസ്പരം കണ്ടുമുട്ടുമ്പോഴുള്ള അഭിവാദ്യ-പ്രത്യഭിവാദ്യങ്ങളും ശാന്തിക്കും സമാധാനത്തിനുമുള്ള പ്രാർഥന ഉൾക്കൊള്ളുന്നതാണ്. അസ്സലാമു അലൈക്കും (അല്ലാഹുവിന്റെ രക്ഷയും സമാധാനവും ഉണ്ടാകട്ടെ) എന്ന് അഭിവാദ്യം ചെയ്യുമ്പോൾ പ്രത്യഭിവാദ്യവും ശാന്തിക്കും സമാധാനത്തിനുമുള്ള പ്രാർഥനയാണ്. ഇത് ഏത് സാഹചര്യത്തിനുമനുയോജ്യമാണെന്ന വസ്തുതകൂടി നാം ഓർക്കുക. 'ഗുഡ്മോണിംഗ്' ഒരു ദുരന്തസ്ഥലത്തോ ദുഃഖവേളയിലോ അനുയോജ്യമാകുന്നില്ല. എന്നാൽ സലാം ഏത് സന്ദർഭത്തിനും ഇണങ്ങിയതാണ്.

ശാന്തിയുടെ മതമായ ഇസ്‌ലാം മനുഷ്യരുടെ രക്ഷയ്ക്കും സമാധാനത്തിനുമായി അതിന്റെ സന്ദേശങ്ങൾ സമർപ്പിക്കുന്നു. ശാന്തിതേടി അലയുന്ന മനുഷ്യരെ സമാധാനത്തിന്റെ സുരക്ഷിത താവളത്തിലേക്കാണ് ദൈവിക മാർഗദർശനം വഴി ഇസ്‌ലാം നയിക്കുന്നത്. അശാന്തിക്ക് നിമിത്തമാകുന്ന സംഗതികളെ അകറ്റി ശാന്തി നേടുവാനായി ഇസ്‌ലാം നിർദേശിക്കുന്ന ഏതാനും കാര്യങ്ങളാണ് ഇവിടെ കുറിക്കുന്നത്.

**ആർത്തിയും ത്വരയും നിയന്ത്രിക്കുക**

ആർത്തിയും ത്വരയുമുള്ള മനുഷ്യൻ അതിന്റെ പൂർത്തീകരണത്തിനായി എന്തു ചെയ്യാനും മടിക്കില്ല. ഒരിക്കലും മതിവരാത്ത മനസ്സ് അവനെ പലതിനും പ്രേരി

പ്പിക്കുന്നു. നന്മ-തിന്മകളുടെ അതിർവര മ്പുകളോ മതശാസനകളോ നീതിയോ നിയമമോ ഒന്നും തടസ്സമല്ലാത്ത അവ സ്ഥാവിശേഷമായിരിക്കും പിന്നെയുണ്ടാ വുക. സമ്പാദ്യങ്ങൾ ഇരട്ടിപ്പിക്കാൻ ശ്ര മിക്കുമ്പോൾ പാവപ്പെട്ട സഹോദരങ്ങൾ ചോരനീരാക്കിയുണ്ടാക്കിയ നാണയത്തു ട്ടുകൾ വഞ്ചനയിലൂടെയും പലിശയിലൂ ടെയുമെല്ലാം സ്വന്തമാക്കാൻ ശ്രമിക്കു മ്പോൾ അത് തന്റെ മഹത്ത്വമായിട്ടായി രിക്കും അയാൾ കരുതുക. പക്ഷേ, ആ ആർത്തിയുടെ പ്രേരണയാൽ അയാൾ പ ടുത്തുയർത്തുന്ന മനക്കോട്ടകൾ തകർന്നു വീഴുമ്പോഴുണ്ടാകുന്ന 'ടെൻഷൻ' സ്വ ന്തം ജീവിതം മാത്രമല്ല ചിലപ്പോൾ കു ടുംബത്തെയും സമൂഹത്തെതന്നെയും അപകടത്തിലേക്ക് തള്ളിവിടുന്ന ക്രൂരകൃ ത്യങ്ങൾവരെ ചെയ്യാൻ അയാളെ പ്രേരി പ്പിച്ചേക്കും.

എളുപ്പ മാർഗത്തിൽ ധനം ഇരട്ടിപ്പി ക്കാൻ ശ്രമിച്ച് പല ബ്ലെയ്ഡു കമ്പനിക ളിലും പണം നിക്ഷേപിച്ച് അവസാനം തട്ടിപ്പിലകപ്പെട്ടവരും ചുളുവിലൂടെ പണ ക്കാരനാവാമെന്ന വ്യാമോഹവുമായി പ രസ്യത്തിൽ കണ്ട കമ്പനിയെയും സിദ്ധ ന്മാരെയും ബീവിമാരെയും സമീപിച്ച് അ വസാനം കബളിപ്പിക്കപ്പെട്ടവരുടെ വാർ ത്തകൾ നാം പലപ്പോഴും കേൾക്കുന്നത് ഇതുകൊണ്ടാണ്.

എന്നാൽ ആർത്തികൾ നിയന്ത്രിച്ച് വി ശദമായി അന്വേഷിച്ച ശേഷമാണ് ഏ തൊരു സംരംഭത്തിലേക്കു മിറങ്ങുന്നതെ ങ്കിൽ കുറെയൊക്കെ ദുരിതങ്ങളും ടെൻ ഷനുകളും സ്വയം തന്നെ ഇല്ലാതാക്കാൻ സാധിക്കുന്നതാണ്.

നബിﷺ പറയുന്നു. "അല്ലാഹു പറ ഞ്ഞിരിക്കുന്നു: മനുഷ്യ പുത്രന് ഒരു താ ഴ്‌വരനിറയെ സ്വത്തുണ്ടെങ്കിൽ രണ്ടാമതായി ഒന്നുകൂടി അവൻ ആഗ്രഹിക്കും. രണ്ടെ ണ്ണമുണ്ടായാൽ മൂന്നാമത്തെ ഒന്നിനായി അവൻ കൊതിക്കും. മണ്ണല്ലാതെ അവ ന്റെ ഉള്ളം നിറക്കുകയില്ല" (അഹ്മദ്). മ രിച്ച് മറമാടുവോളം അവന്റെ ആർത്തി യും ത്വരയും കൂടെയുണ്ടാകുമെന്നർഥം.

മരണത്തെക്കുറിച്ചുള്ള ഓർമയും മര ണാനന്തര ജീവിതത്തെക്കുറിച്ച് ബോധ വുമുണ്ടെങ്കിൽ ആസ്വാദനങ്ങൾക്കും ആ നന്ദ പൂർത്തീകരണത്തിനുമായി യാതൊ രു അതിർവരമ്പും പരിഗണിക്കാതെ ഓ ടുകയില്ലായിരുന്നു. നബിﷺ പറയുന്നു: "സർവ സുഖങ്ങളെയും തകർത്തുകളയു ന്നതിനെ(മരണത്തെ)ക്കുറിച്ച് നിങ്ങൾ ധാ രാളമായി ഓർക്കുക"(ബുഖാരി).



**അവധാനത ശീലമാക്കുക**

എടുത്തുചാട്ടം പലപ്പോഴും ഖേദത്തിനിടയാക്കും. അ വധാനതയോടും അടുക്കും ചിട്ടയോടുംകൂടി ചെയ്യു ന്ന കാര്യങ്ങൾ മനോഹരവും ആത്മസംതൃപ്തി നൽ കുന്നതുമായിരിക്കും. നബി(ല) പറയുന്നു: "അവധാന ത അല്ലാഹുവിൽനിന്നും എടുത്തുചാട്ടം പിശാചിൽ നി ന്നുമാണ്" (ബൈഹഖി, സിൽസില സ്വഹീഹഃ, ഹദീഥ് നമ്പർ: 1795).

എടുത്തുചാടി വരുത്തിവെക്കുന്ന അപകടങ്ങൾ പി ന്നീട് തിരുത്താൻ സാധിച്ചുകൊള്ളണമെന്നില്ല. അങ്ങ നെ വേണ്ടിയിരുന്നില്ല എന്ന് അവസാനം തോന്നിയിട്ട് 'ടെൻഷൻ' സമ്പാദിക്കുന്നതിന് പകരം ആലോചനയി ലൂടെ പക്വമായ തീരുമാനങ്ങളെടുക്കുകയാണ് വേണ്ടത്.

ക്വുർആൻ പറയുന്നു:"സത്യവിശ്വാസികളേ, ഒരു അ ധർമ കാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടു ത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷി ച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആ പത്തുവരുത്തുകയും, എന്നിട്ട് ആ ചെയ്ത തിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായി ത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി'" (49:6).

ആരാധനാ കർമങ്ങളിൽ പോലും ഇത്തരം അനാവ ശ്യ തിരക്കുകൂട്ടൽ നബിﷺ വിലക്കിയിട്ടുണ്ട്.

**സമയനിഷ്ഠ പാലിക്കുക**

അവധാനത വേണമെന്നു പറയുന്നതിനർഥം അല സരായി എല്ലാം പിന്നേക്കു മാറ്റിവെക്കണമെന്നല്ല. ചെ യ്യേണ്ടത് ആലോചിച്ച് മുൻഗണനാക്രമമനുസരിച്ച് ചെ യ്യുക. സമയം കൊല്ലുന്ന പാഴ്‌വേലകളിൽ നിന്നും അ ത്തരം കൂട്ടുകെട്ടുകളിൽ നിന്നും പരമാവധി അകന്നു നിൽക്കുക. ചെയ്യേണ്ടത് അതാത് സമയങ്ങളിൽ ചെ യ്യാതിരുന്നാലും പിന്നീട് 'ടെൻഷനും' പ്രയാസങ്ങളുമാ യിരിക്കും ഉണ്ടാവുക. നബിﷺ പറയുന്നു: "രണ്ട് അനു ഗ്രഹങ്ങളെക്കുറിച്ച് മനുഷ്യരിലധികംപേരും അശ്രദ്ധയിലാ

ണ്. ആരോഗ്യവും ഒഴിവു സമയവുമാണ് അത്" (ബുഖാരി, മുസ്‌ലിം).

ഒരു പക്ഷേ, പിന്നീട് നമുക്ക് അൽപം പോലും ഒഴിവു കിട്ടാത്ത തിരക്കും ജോലികളും പ്രശ്നങ്ങളുമാകും ഉണ്ടാവുക. അതിനാൽ സമയക്രമീകരണം ശാന്തിയുള്ള ജീവിതത്തിന് അത്യാവശ്യമാണ്.

സമയ ബന്ധിതമായ ആരാധനാകർമങ്ങൾ സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം സമയക്രമീകരണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതു കൂടിയാണ്.

ക്വുർആൻപറയുന്നു. "തീർച്ചയായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണയിക്കപ്പെട്ട ഒരു നിർബന്ധ ബാധ്യതയാകുന്നു" (4:103).

**സംതൃപ്തരാവുക**

സംതൃപ്തിയാണ് ഐശ്വര്യം. ധനവും മറ്റു അനുഗ്രഹങ്ങളും ധാരാളമുണ്ടാവുകയെന്നത് ധന്യതയായി കണക്കാക്കാൻ പറ്റില്ലയെന്നാണ് പ്രവാചക വചനത്തിന്റെ താൽപര്യം. നബിﷺ പറയുന്നു: "ധന്യതയെന്നത് ഭൗതികവിഭവങ്ങളുടെ ആധിക്യമല്ല. മറിച്ച് മനഃസംതൃപ്തി, അതാണ് ധന്യതയും ഐശ്വര്യവുവും" (ബുഖാരി, മുസ്‌ലിം).

ഇല്ലാത്തതിനെക്കുറിച്ചോർത്ത് വേവലാതിപ്പെടാതെ ഉള്ളതു കൊണ്ട് എങ്ങനെ കഴിയാം എന്ന ചിന്തയുണ്ടെങ്കിൽ കുറെയൊക്കെ വേവലാതികൾ കുറക്കാവുന്നതാണ്. അതിനുള്ള ഒരു ഉപാധിയായി നബിﷺ പഠിപ്പിച്ചത് ഭൗതിക അനുഗ്രഹങ്ങളുടെ കാര്യത്തിൽ തന്നെക്കാൾ താഴെകിടയിലുള്ളവരിലേക്ക് നോക്കുവാനാണ്. സമ്പന്നരുടെ മണിമാളികകൾ നോക്കി അസൂയപൂണ്ട് നെടുവീർപ്പിടുന്നതിനു പകരം തന്നെക്കാൾ കഷ്ടതകളനുഭവിക്കുന്ന പാവങ്ങളെ നോക്കി അനുഗ്രഹങ്ങൾ ചൊരിഞ്ഞ ദൈവത്തിന് സ്തുതികളർപ്പിക്കുവാനാണ് മുഹമ്മദ് നബിﷺ പഠിപ്പിക്കുന്നത്. "നിങ്ങളെക്കാൾ താഴെയുള്ളവരിലേക്ക് നിങ്ങൾ നോക്കുക. നിങ്ങളെക്കാൾ മുകളിലുള്ളവരിലേക്ക് നിങ്ങൾ നോക്കരുത്. അതാണ് അല്ലാഹു നിങ്ങൾക്കു ചെയ്തുതന്ന അനുഗ്രഹങ്ങളെ നിസ്സാരവൽക്കരിച്ച് തള്ളാതിരിക്കാൻ ഏറ്റവും നല്ലത്" (മുസ്‌ലിം).

ഉള്ളതുകൊണ്ട് സംതൃപ്തരാവുക എന്നത് നിസ്സാര കാര്യമല്ല. മഹത്തായൊരു സ്വഭാവമാണത്. പതിനായിരങ്ങൾ ആഴ്ചകൾകൊണ്ട് സമ്പാദിക്കുന്നവനും ഈ ഒരു മനസ്സ് നഷ്ടമായാൽ ജീവിതം സമാധാനപൂർണമായി ആസ്വദിക്കാൻ കഴിയില്ല. എന്നാൽ മാസങ്ങൾകൊണ്ട് ആയിരങ്ങളേ ഒരാൾക്ക് സമ്പാദിക്കാൻ കഴിയുന്നുള്ളൂവെങ്കിലും ഇത്തരം ഒരു മനസ്സുണ്ടെങ്കിൽ അയാളാണ് യഥാർഥ ഭാഗ്യവാൻ. ബംഗ്ലാവുകളിലെ ശീതീകരിച്ച മുറികളിൽ പട്ടുമെത്തയിൽ കിടന്നിട്ടും ഉറക്കം വരാത്തവർ റോഡരികിൽ ന്യൂസ് പേപ്പർ വിരിച്ച് കൂർക്കം വലിച്ചുറങ്ങുന്നതുവരെ കാണുമ്പോൾ അസൂയപ്പെട്ടുപോകുന്നതും അതുകൊണ്ടാണ്.

നബിﷺ പറയുന്നു: "അല്ലാഹുവിന് കീഴ്പ്പെടുകയും ഉപജീവനം നിത്യവൃത്തിക്ക് പര്യാപ്തമാവുകയും ലഭിച്ചതിൽ അല്ലാ ഹു സംതൃപ്തി നൽകുകയും ചെയ്തയാൾ തീർച്ചയായും വിജയിച്ചിരിക്കുന്നു" (മുസ്‌ലിം).



**അമിതവ്യയം അപകടം**

ചിലർക്ക് ആയിരങ്ങൾ ഒരു ദിവസം ലഭിച്ചാലും മണിക്കൂറുകൾകൊണ്ട് അത് അടിച്ചുപൊളിച്ച് മുടിച്ച് അടുത്ത ദിവസം കഷ്ടപ്പെടുന്നത് കാണാം. അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന സമ്പത്തിന്റെ വഴിയൊന്നടഞ്ഞാൽ ആത്മഹത്യയിലേക്ക്വരെ എടുത്തുചാടുന്ന ദയനീയാവസ്ഥയോ അല്ലെങ്കിൽ ധനസമ്പാദനത്തിന് കൊള്ളയും കൊലയും നടത്തുന്ന അവസ്ഥയോ ആയിരിക്കും സംജാതമാവുക. കടബാധ്യതകൾ വന്നുചേരുന്നതിലും ആഡംബരത്തിനും അമിതവ്യയത്തിനും പൊങ്ങച്ചത്തിനുമൊക്കെ നല്ല പങ്കുള്ളതായി കാണാം. കടബാധ്യത സമാധാനം കെടുത്തുമെന്ന് നബിﷺ പഠിപ്പിച്ചിട്ടുണ്ട്. ധൂർത്ത് ഇല്ലാതെ ജീവിച്ചാൽ ഏറെക്കുറെ സാമ്പത്തിക പ്രശ്നങ്ങൾ ഇല്ലാതാക്കാം. ക്വുർആൻ പറയുന്നു:

"കുടുംബ ബന്ധമുള്ളവന്ന് അവന്റെ അവകാശം നീ നൽകുക. അഗതിക്കും വഴിപോക്കന്നും (അവരുടെ അവകാശവും). നീ (ധനം) ദുർവ്യയം ചെയ്ത് കളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു. നിന്റെ രക്ഷിതാവിങ്കൽ നിന്ന് നീ ആഗ്രഹിക്കുന്ന അനുഗ്രഹം തേടിക്കൊണ്ട് നിനക്കവരിൽ നിന്ന് തിരിഞ്ഞുകളയേണ്ടി വരുന്ന പക്ഷം, നീ അവരോട് സൗമ്യമായ വാക്ക് പറഞ്ഞ് കൊള്ളുക. നിന്റെ കൈ നീ പിരടിയിലേക്ക് ബന്ധിക്കപ്പെട്ടതാക്കരുത്. അത് (കൈ) മുഴുവനായങ്ങ് നീട്ടിയിടുകയും ചെയ്യരുത്. അങ്ങനെ ചെയ്യുന്ന പക്ഷം നീ നിന്ദിതനും കഷ്ടപ്പെട്ടവനുമായിരിക്കേണ്ടിവരും"(17:26-29).

**(അവസാനിച്ചില്ല)**

അറബി കഥ

പുനരാഖ്യാനം: തൻസീൽ
mail@nerpatham.com

# പാപഭാരം വർധിക്കുമ്പോൾ...

**"ഞാ**നാദ്യം, ഞാനാദ്യം" മദ്റസയുടെ വരാന്തയിലേക്ക് ഓടിക്കയറിയ സലീം വിളിച്ചു പറഞ്ഞു. സ്വഫിയ്യയും സ്വാദിഖും സൽമാനും പിന്നാലെ ഓടിയെത്തിയെങ്കിലും ആദ്യം കയറിയത് സലീം തന്നെയാണ്.

"ബെല്ലടിക്കാൻ ഇനിയും അഞ്ചു മിനുട്ടുണ്ട്" സ്വാദിഖ് ഇന്നലെ ഉപ്പ വന്നപ്പോൾ കൊണ്ടുവന്ന പുതിയ വാച്ചിൽ നോക്കി പറഞ്ഞു.

"ഓ ഇന്നിനി പലപ്രവാശ്യം സമയത്തെക്കുറിച്ച് മുന്നറിയിപ്പുണ്ടാവും" സ്വഫിയ്യ ചിരിച്ചുകൊണ്ട് പറഞ്ഞു.

അയൽവാസികളായ അവർ നാലുപേരും മദ്റസയിൽ നാലാം ക്ലാസിൽ പഠിക്കുന്നവരാണ്. നന്നായി പഠിക്കുകയും കളിക്കുകയും ചെയ്യുന്ന നാലുപേരും മദ്റസയിൽ വരുന്നതും പോകുന്നതുമെല്ലാം ഒന്നിച്ചാണ്.

സമീനയും നൗഷാദും അബ്ദുവുമെല്ലാം ക്ലാസിലേക്ക് ഓടിക്കയറി. ഫസ്റ്റ് ബെല്ലടിച്ചു. ആദ്യത്തെ പീരിയഡ് വിശുദ്ധ ക്വുർആൻ പാരായണമാണ്. യൂനുസ് മാഷ് ബെല്ലടിച്ചപ്പോഴേക്കും ക്ലാസിലെത്തി.

"അസ്സലാമു അലൈക്കും.''

"വ അലൈക്കുമുസ്സലാം വ റഹ്മത്തുല്ലാഹ്" എല്ലാവരും ഒന്നിച്ച് സലാം മടക്കി.

സെക്കന്റ് ബെല്ലടിച്ചു. കുട്ടികളെല്ലാവരും എഴുന്നേറ്റ് നിന്ന് പ്രാർഥന ചൊല്ലി ഇരുന്നു. യൂനുസ് മാഷ് വിശുദ്ധ ക്വുർആൻ എടുത്തു. കുട്ടികൾ ക്വുർആൻ തുറന്നിരുന്നു.

"സാർ, ഇന്ന് സൂറത്തുൽ ഫത്ഹ് എടുക്കുമെന്ന് പറഞ്ഞിരുന്നു."

"അതെ, ഇന്ന് നമ്മൾ പഠിക്കാൻ പോകുന്നത് സൂറത്തുൽ ഫത്ഹ് ആണ്. എന്താണ് ഫത്ഹ് എന്ന വാക്കിന്റെ അർഥം?" മാഷ് ചോദിച്ചു.

"വിജയം" സൽമാൻ വിളിച്ചു പറഞ്ഞു.

യൂനുസ് മാഷ് തജ്വീദ് നിയമങ്ങൾ അനുസരിച്ച് സൂറത്തുൽ ഫത്ഹ് ഓതാൻ തുടങ്ങി. അദ്ദേത്തിന്റെ ശ്രവണ മധുരമായ പാരായണം കുട്ടികൾക്കെല്ലാം നല്ല ഇഷ്ടമാണ്. അദ്ദേഹത്തിന്റെ പാരായണം കേട്ട് അതുപോലെ കുട്ടികളും പാരായണം ചെയ്തുകൊണ്ടിരുന്നു.

ക്ലാസ് കഴിയുമ്പോഴേക്കും ഓരോ കുട്ടിയും നന്നായി ഓതാൻ പഠിച്ചിട്ടുണ്ടാകും.

'ർണീം...!'

സെക്കന്റ് പീരിയഡിന്റെ അറിയിപ്പായി. കുട്ടികളെല്ലാവരും ക്വുർആൻ അടച്ചു വെച്ചു. അധ്യാപകൻ സലാം പറഞ്ഞ് പുറത്തിറങ്ങി.



“നീ സ്വഭാവപാഠത്തിന്റെ നോട്ട് എഴുതിയോ?” സമീന സ്വഫിയ്യയോട് ചോദിച്ചു.

“ങാ... ഞാനിന്നലെ നോട്ട് എഴുതിത്തീർത്തു.”

“നിനക്കെന്താ പറ്റിയത്?” മുഖം കനപ്പിച്ചിരിക്കുകയായിരുന്ന നാദിറയോട് സ്വഫിയ്യ ചോദിച്ചു.

“കഴിഞ്ഞ പാഠങ്ങളുടെ നോട്ട് എഴുതിയെടുക്കാൻ ഞാൻ അവളുടെ പുസ്തകം വാങ്ങിയിരുന്നു. ഇന്നലെ വീട്ടിൽ പുസ്തകം എത്തിക്കാമെന്നു പറഞ്ഞിരുന്നു. ഞാനത് മറന്നുപോയി” സമീന പറഞ്ഞു.

“വാഗ്ദത്തം ചെയ്താൽ ലംഘിക്കാൻ പാടില്ലാന്ന് നീ പഠിച്ചിട്ടില്ലേ? അതുകൊണ്ട് അവൾക്ക് നോട്ട് എഴുതാൻ പറ്റിയതുമില്ല” സഫിയ പറഞ്ഞു.

ഇതിനിടയിൽ യൂസുഫ് മാഷ് സലാം പറഞ്ഞുകൊണ്ട് ക്ലാസിലെത്തി. കയ്യിൽ ഒരു ഗ്ലാസ് വെള്ളവുമുണ്ട്!

“എന്തിനാ ഈ വെള്ളം?” സലീമിന് കാരണമറിയാൻ തിടുക്കമായി.

“എല്ലാവരും അടങ്ങിയിരിക്കൂ...”

എല്ലാവരും ആകാംക്ഷയോടെ നിശ്ശബ്ദരായി ഇരുന്നു.

“ഈ ഗ്ലാസിൽ എത്ര മില്ലിഗ്രാം വെള്ളമുണ്ടാകും?” മാഷ് ചോദിച്ചു.

50, 100, 75... കുട്ടികളോരോരുത്തരും അവനവന് തോന്നിയ അളവ് വിളിച്ചു പറയാൻ തുടങ്ങി.

“ശരി, ശരി... കൃത്യമായി അറിയണമെങ്കിൽ അളന്നു നോക്കണം. എനിക്ക് ചോദിക്കാനുള്ളത് മറ്റൊരു ചോദ്യമാണ്.”

കുട്ടികൾക്ക് ആകാക്ഷ വർധിച്ചു.

“ഈ വെള്ളമുള്ള ഗ്ലാസ് ഏതാനും മിനുട്ടു നേരത്തേക്ക് ഞാനിങ്ങനെ നീട്ടിപിടിച്ചു നിന്നാൽ എന്റെ കൈകൾക്ക് എന്ത് സംഭവിക്കും?”

“ഒന്നും സംഭവിക്കില്ല” കുട്ടികളെല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു.

“ശരി. ഒരു ഒരു മണിക്കൂർ നേരം ഞാനിതിങ്ങനെ നീട്ടിപ്പിടിച്ചു നിന്നാലോ?”

“കൈ വേദനിക്കും, കൈക്ക് കടച്ചിൽ വരും...” സൽമാൻ പറഞ്ഞു.

“അതെ, എന്റെ കൈ വേദനിക്കും. എന്നാൽ ഞാനിതിങ്ങനെ ഒരു ദിവസം മുഴുവൻ പിടിച്ചു നിന്നാൽ എന്ത് സംഭവിക്കും?”

“സാറിന്റെ കൈ അതോടെ മരവിച്ച് പോകും. പിന്നെ ആ കൈ ഹോസ്പിറ്റലിൽ കൊണ്ടുപോയി ശരിയാക്കേണ്ടി വരും” സ്വാദിഖ് വിളിച്ചു പറഞ്ഞു. അത് കേട്ട് കുട്ടികളെല്ലാവരും ചിരിച്ചു.

“അതെ, സ്വാദിഖ് പറഞ്ഞത് ശരിയാണ്, എന്നെ നിങ്ങൾ ആശുപത്രിയിൽ കൊണ്ടുപോകേണ്ടി വരും. അങ്ങനെ ആവാതിരിക്കാൻ ഞാൻ എന്റെ കയ്യിലെ ഗ്ലാസിലെ വെള്ളത്തിന്റെ അളവ് കുറച്ചാൽ മതിയാകുമോ?”

“അത് കൊണ്ടൊന്നും കാര്യമില്ല. ഗ്ലാസ് ഇപ്പോൾ തന്നെ താഴെ വെച്ചാൽ പ്രശ്നമൊഴിവാക്കാമല്ലോ” സ്വഫിയ്യ അൽപം തമാശയോടെ പറഞ്ഞു.

“അതെ, ശരിയാണ്. സ്വഫിയ്യ പറഞ്ഞതാണ് ശരി. കുട്ടികളേ... നമ്മുടെ ജീവിതത്തിലെ ചെറിയ ചെറിയ പ്രശ്നങ്ങൾ ഇതുപോലെയാണ്. നമ്മൾ അതിനെക്കുറിച്ച് അതിരുവിട്ട് ചിന്തിച്ച് നടക്കും. അവസാനം അത് വലിയ പ്രയാസങ്ങൾ സൃഷ്ടിക്കും.”

കുട്ടികൾ സാകൂതം കേട്ടിരിക്കുകയാണ്.

“അതിനെക്കാളേറെ നഷ്ടം സംഭവിക്കുന്ന മറ്റൊരു കാര്യമുണ്ട്. അതെന്താണെന്നറിയുമോ?” മാഷ് ചോദിച്ചു.

സലീം ചാടിയെഴുന്നേറ്റ് പറഞ്ഞു: “നമ്മുടെ ചെറിയ ചെറിയ പാപങ്ങൾ!”

“അതെ, മിടുക്കൻ! അതൊന്ന് വിശദീകരിക്കാമോ?”

“നാം ചെയ്തു പോകുന്ന പാപങ്ങൾ പൊറുത്തു തരുവാൻ അല്ലാഹുവിനോട് തേടാതെ നടക്കുകയും പാപങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്താൽ ദിവസം തോറും അതുകൊണ്ട് പ്രയാസം വർധിച്ചുകൊണ്ടിരിക്കും.”

“അതെ, നീട്ടിപ്പിടിച്ചിരിക്കുന്ന കയ്യിലെ ഗ്ലാസിന്റെ ഭാരം കൂടിക്കൊണ്ടിരിക്കുകയും സമയം വർധിച്ചുകൊണ്ടിരിക്കുകയും ചെയ്താൽ കൈ പൂർവ സ്ഥിതിയിലാകാൻ ഏറെ പ്രയാസമായിരിക്കും. പാപങ്ങൾ നിസ്സാരമായതാണെങ്കിലും അധികരിച്ചാൽ നമ്മൾ വലിയ പാപികളായി മാറും. നമ്മൾ എന്ത് തെറ്റും ചെയ്യാൻ മടിക്കാത്തവരായിത്തീരും. എന്നാൽ തന്റെ മനസ്സിലെ വിഷമങ്ങളും പ്രയാസങ്ങളും അറിഞ്ഞോ അറിയാതെയോ ചെയ്തു പോകുന്ന പാപങ്ങളും കാരുണ്യവാനായ അല്ലാഹുവിന്റെ മുമ്പിൽ ആത്മാർഥമായി അവതരിപ്പിക്കുകയും തെറ്റിൽ ഖേദം പ്രകടിപ്പിച്ച് പൊറുത്തു തരാൻ ആവശ്യപ്പെടുകയും അതിൽ നിന്ന് കഴിവിന്റെ പരമാവധി അകന്ന് നിൽക്കുകയും ചെയ്യുന്നവന് വല്ലാത്തൊരു സമാധാനം ലഭിക്കും. അവന്റെ പാപഭാരം വർധിക്കില്ല.”

“സാർ, നേരത്തെ ഞങ്ങൾ പഠിച്ച സൂറത്തുൽ ഫത്ഹിലെ 4ാമത്തെ ആയത്തിന്റെ അർഥം പറഞ്ഞുതന്നപ്പോൾ ‘അല്ലാഹുവാകുന്നു സത്യവിശ്വാസികളുടെ ഹൃദയത്തിൽ ശാന്തി ഇറക്കിക്കൊടുത്തത്’ എന്ന് മാഷ് പറഞ്ഞു തന്നിരുന്നു” സലീം പറഞ്ഞു.

“അതെ, മിടുമിടുക്കൻ! അല്ലാഹുവാകുന്നു സമാധാനമേകുന്നവൻ. വിജയം പ്രാപിച്ചവർ പരമമായ ശാന്തിയിലും സമാധാനത്തിലുമായിരിക്കും.”

“സാർ, അവരെ സംബന്ധിച്ചു തന്നെയല്ലേ സൂറത്തുൽ ഫജ്റിൽ സമാധാനമടഞ്ഞ ആത്മാവ് എന്ന് അല്ലാഹു പറഞ്ഞത്?” സമീന ചോദിച്ചു.

“യാ അയ്യതുഹന്നഫ്സുൽ മുത്മഇന്ന...”

അത് കേട്ടപ്പോൾ അധ്യാപകന്റ മനം കുളിർത്തു.

മുഹമ്മദ് അജ്മൽ സി
mohdajmalc@gmail.com

ലേഖനം




# പുരാതന ചരിത്രത്തിന്റെ വാർപ്പു മാതൃകകൾ

**വ**ർത്തമാനം പലപ്പോഴും ചരിത്രത്തിന്റെ ആവർത്തനമാണ്. അതുകൊണ്ട് തന്നെയാണ് ചരിത്രത്തിൽ നിന്ന് പാഠങ്ങൾ ഉൾകൊള്ളാനുണ്ട് എന്ന വാക്യം നിത്യപ്രസക്തമായി നിലകൊള്ളുന്നത്. മുസ്‌ലിം സമുദായത്തെ സംബന്ധിച്ചിടത്തോളം ഈ കാര്യം വളരെ പ്രാധാന്യമർഹിക്കുന്നു. കാരണം പതിനാല് നൂറ്റാണ്ടുകൾക്കപ്പുറം ജീവിച്ച മുഹമ്മദ് നബിﷺയുടെ ജീവിതത്തെ സ്വജീവിതത്തിൽ സ്വാംശീകരിക്കാൻ ശ്രമിക്കുകയും പ്രതിസന്ധിഘട്ടങ്ങളിലെ അവിടുത്തെ പ്രതികരണരീതികളിൽ നിന്ന് പാഠമുൾക്കൊള്ളുകയും ചെയ്യേണ്ടവരാണവർ. ''തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്...'' (ക്വുർആൻ 33:21).

ചരിത്രത്തിന്റെ ദശാസന്ധികളിൽ ഒട്ടനേകം പ്രതിസന്ധിഘട്ടങ്ങളിലൂടെ മുസ്‌ലിം സമൂഹം കടന്നുപോയിട്ടുണ്ട്. അതിനാൽ തന്നെ ആധുനിക കാലഘട്ടത്തിൽ ഈ സമുദായം നേരിടുന്ന വെല്ലുവിളികളെ, അതേതായിരുന്നാലും പിന്നിട്ട  കാലങ്ങളിലും നമുക്ക് ദർശിക്കാൻ കഴിയും. അവയെ തരണം ചെയ്യാൻ പ്രവാചകനും അനുചരന്മാരും സ്വീകരിച്ച മാർഗങ്ങളും വളരെ സുവ്യക്തം! തീവ്രവാദ ചിന്തകളുടെ കടന്നുകയറ്റവും പ്രമാണവും കേവല യുക്തിയും മുന്നിൽ വെച്ചുള്ള സംവാദങ്ങളും സ്വദേശത്തുനിന്ന് പുറത്താക്കപ്പെട്ട സമുദായവുമെല്ലാം ഇന്നത്തെ മാത്രം പ്രശ്നമല്ല. കഴിഞ്ഞ മാസം ഏഴ് മുസ്‌ലിം രാജ്യങ്ങളിൽ നിന്നുള്ളവരെയും അഭയാർഥികളെയും നിരോധിച്ച് കൊണ്ട് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഒപ്പിട്ട ഉത്തരവിനെതിരെ ദേശമതഭേദമന്യെ മനുഷ്യസ്നേഹികൾ മുഴുവൻ ശബ്ദമുയർത്തുന്ന, പ്രതിഷേധങ്ങൾ അഴിച്ചുവിടുന്ന അവസരത്തിൽ ചരിത്രത്തിലേക്കൊരു എത്തിനോട്ടം സന്ദർഭോചിതമാകും.

കാലചക്രം നൂറ്റാണ്ടുകൾ പിന്നോട്ട് തിരിക്കണം. വാദി മുഹസ്സമിൽ മക്കയിലെ ബഹുദൈവാരാധകരുടെ യോഗം നടക്കുന്നു. മുമ്പെങ്ങുമില്ലാത്ത ഭയത്തിലാണവർ! ഉമർ്രവും ഹംസ്രവും ഇസ്‌ലാം സ്വീകരിച്ചു. ഏകദൈവാരാധനയുടെ പ്രബോധനവീഥിയിൽ നിന്ന് താൻ പിന്മാറില്ല എന്ന് അർഥശങ്കകൾക്കിടയില്ലാത്ത വിധം മുഹമ്മദ് നബിﷺ വ്യക്തമാക്കി. അതിലപ്പുറം അവരെ ഭയപ്പെടുത്തിയത് ബനൂഹാശിം, ബനു മുത്ത്വലിബ് കുടുംബങ്ങളിലെ വിശ്വാസികളും

അവിശ്വാസികളും നബിﷺയെ സംരക്ഷിക്കാൻ എടുത്ത തീരുമാനമായിരുന്നു. നബി കുടുംബത്തിൽ നിന്ന് അബൂലഹബ് മാത്രമായിരുന്നു ആ കരാർ അംഗീകരിക്കാതിരുന്നത്. നബിﷺക്കെതിരെ നേരിട്ട് ഒരാക്രമണം സാധ്യമല്ലാത്ത വിധത്തിൽ കാര്യങ്ങൾ എത്തിച്ചേർന്നിരിക്കുന്നു!

ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ മക്കയിൽ 'ഇസ്ലാമോഫോബിയ' വളരെ ശക്തമായിക്കഴിഞ്ഞിരിക്കുന്നു. മുഹമ്മദിനോടും അദ്ദേഹത്തെ പിന്തുണക്കുന്നവരോടും യാതൊരുവിധ ബന്ധവും -അത് സാമൂഹികമോ സാമ്പത്തികമോ ആവട്ടെ- പുലർത്താൻ പാടില്ല എന്നവർ തീരുമാനിച്ചു. അവരുമായി കച്ചവടം നടത്തരുത്, സംസാരിക്കരുത്... പൂർണമായ ബഹിഷ്കരണം! 'മുഹമ്മദിനെ വധിക്കാൻ തങ്ങൾക്ക് വിട്ടുതരുന്നത് വരെ' ഈ ബഹിഷ്കരണം തുടരാൻ മക്കയിലെ ബഹുദൈവ വിശ്വാസികൾ തീരുമാനിച്ചു. മക്കയിലെ കിഴക്കൻ പ്രാന്തപ്രദേശങ്ങളിലെ ശിഇബ് അബീത്വാലിബ് എന്ന താഴ്വരയിലേക്ക് പ്രവാചകൻﷺക്കും അനുചരന്മാർക്കും, അവരെ പിന്തുണച്ച ബനൂഹാശിം, ബനൂ മുത്ത്വലിബ് കുടുംബങ്ങൾക്കും പിൻവാങ്ങേണ്ടിവന്നു. സാമൂഹിക ബന്ധങ്ങൾ പൂർണമായും വിഛേദിക്കപ്പെട്ടു.

വിശന്ന് കരയുന്ന പിഞ്ചുപൈതങ്ങളുടെ ശബ്ദം താഴ്വരയിൽ അലയടിച്ചു. ഹൃദയത്തിൽ കാരുണ്യത്തിന്റെ ഉറവ ഇനിയും വറ്റാത്ത ചില മക്കാനിവാസികൾ നൽകുന്ന ഭക്ഷണ സാമഗ്രികൾ മാത്രമായിരുന്നു ഉപജീവനത്തിന് ആശ്രയം. മക്കക്ക് പുറത്ത് പോയി ഭക്ഷണ സാധനങ്ങൾ വാങ്ങാം എന്ന്വെച്ചാൽ അതിനുള്ള സാമ്പത്തിക കഴിവും ഇല്ല.

വളരെ ദുർഘടമായ സാഹചര്യം. മൃഗങ്ങളുടെ തോലും ഇലകളും തിന്ന് മനുഷ്യർ വിശപ്പടക്കുന്ന അവസ്ഥയൊന്ന് ചിന്തിച്ചുനോക്കൂ! മൂന്ന് വർഷം ഈ ദുരവസ്ഥ തുടർന്നു. എന്നാൽ ഒടുവിൽ മക്കയിലെ അവിശ്വാസികളിൽ നിന്ന് തന്നെ ഒരു വിഭാഗം ഈ അനീതിക്കെതിരെ രംഗത്തെത്തി. ബനൂഹാശിം കുടുംബവുമായി രക്തബന്ധമുണ്ടായിരുന്ന പലർക്കും തങ്ങളുടെ ബന്ധുക്കൾ സഹിക്കുന്ന ഈ പീഡനം അംഗീകരിക്കാൻ കഴിയുമായിരുന്നില്ല. ഹിശാമുബ്നു അംറ്, സുഹൈറുബ്നു അബീ ഉമയ്യ, മുത്ഇം ഇബ്നു അദിയ്യ്, അബുൽ ബുഖ്താരി, സമ്മഅ് ബിൻ അൽ അസ്വദ് എന്നീ അഞ്ച് പേർ പരസ്യമായി കഅ്ബക്കുള്ളിൽ കെട്ടിത്തൂക്കിയ ബഹിഷ്കരണ കരാർ കീറിയെറിയാൻ പുറപ്പെട്ടു. അബൂജഹൽ അവരെ തടയാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല!

അതേസമയം അല്ലാഹുവിന്റെ നാമത്തിൽ എന്ന വാചകമൊഴികെ കരാറിന്റെ മറ്റ് ഭാഗങ്ങളെല്ലാം ചിതലരിച്ച് പോയിരിക്കുന്നു എന്ന് തനിക്ക് ലഭിച്ച ദൈവിക വെളിപാട് മുഹമ്മദ് നബിﷺ പിതൃവ്യൻ അബൂത്വാലിബിനെ അറിയിച്ചു. ഇക്കാര്യം കരാർ ലംഘിക്കാൻ വന്നവരോടും അബൂജഹലിനോടും അബൂത്വാലിബ് പറഞ്ഞപ്പോൾ ഇത് സത്യമാണെങ്കിൽ ബഹിഷ്കരണം പിൻവലിക്കാൻ തയ്യാറാണ് എന്ന് ബഹുദൈവാരാധകർക്ക് സമ്മതിക്കേണ്ടി വന്നു. കരാർ രേഖ എഴുതിയ തോൽ പരിശോധിക്കാൻ ചെന്ന മുത്ഇമുബ്നു അദിയ്യ് കണ്ട കാഴ്ച അത്ഭുതകരമായിരുന്നു!

'ബിസ്മികല്ലാഹുമ്മ' എന്ന ഭാഗമൊഴികെ അനീതിയുടെയും പീഡനത്തിന്റെയും വാചകങ്ങളെല്ലാം ചിതൽ തിന്ന് നശിച്ചിരിക്കുന്നു. മൂന്ന് വർഷം നീണ്ട ബഹിഷ്കരണം പിൻവലിക്കാൻ ഇതോടെ സത്യനിഷേധികൾ നിർബന്ധിതരായി.

ചരിത്രം വീണ്ടും ആവർത്തിക്കപ്പെടുമ്പോൾ മുസ്ലിം സമൂഹം പ്രവാചക ചരിത്രത്തിൽ നിന്ന് പാഠമുൾക്കൊള്ളേണ്ടിയിരിക്കുന്നു. മുസ്ലിമാവാത്ത അബൂത്വാലിബും കുടുംബവും ആ അഞ്ച് ചെറുപ്പക്കാരും മുസ്ലിംകൾക്കെതിരെയുള്ള ബഹിഷ്കരണത്തിനെതിരെ പൊരുതിയെങ്കിൽ ഇന്ന് അമേരിക്കയിലും പുറത്തും അന്യമതസ്ഥരായ ആളുകൾ പോലും ഈ അനീതിക്കെതിരെ പ്രതികരിക്കുന്നത് ചരിത്രത്തിന്റെ ആവർത്തനം തന്നെയാണ്. അല്ലാഹുവും പ്രവാചകനും കൽപിച്ചത് പോലെ അന്യമത സമൂഹങ്ങളോട് നീതിപാലിക്കുവാനും അവർക്ക് നന്മ ചെയ്യുവാനും ഗുണകാംക്ഷയോട് കൂടി വർത്തിക്കുവാനും മുസ്ലിം സമൂഹത്തിന് ഊർജം പകരുന്നതാണ് നമുക്ക് ചുറ്റുമുയരുന്ന പ്രതിഷേധങ്ങൾ. അതോടൊപ്പം നാളെ മറ്റു സമൂഹങ്ങൾക്കെതിരെ അനീതിയോ അക്രമമോ സംഭവിച്ചാൽ അതാര് ചെയ്താലും സത്യത്തിന്റെയും നീതിയുടെയും കൂടെ നിൽക്കാൻ നാം പ്രതിജ്ഞാബദ്ധരാണ് എന്ന ഓർമപ്പെടുത്തലും!


ചരിത്രം ഇനിയും ആവർത്തിച്ച് കൊണ്ടേയിരിക്കും. മക്കയിലെ മഹാമരുഭൂമിയിൽ പ്രവാചകനും അനുയായികളും അനുഭവിച്ച ബഹിഷ്കരണത്തെപ്പറ്റി ആലോചിക്കുമ്പോൾ ഇതൊക്കെ എത്ര ചെറുത്!

"അല്ല, നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയവർക്കുണ്ടായതുപോലുള്ള അനുഭവങ്ങൾ നിങ്ങൾക്കും വന്നെത്താതെ നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കാനാകുമെന്ന് നിങ്ങൾ ധരിച്ചിരിക്കുകയാണോ? പ്രയാസങ്ങളും ദുരിതങ്ങളും അവരെ ബാധിക്കുകയുണ്ടായി. അല്ലാഹുവിന്റെ സഹായം എപ്പോഴായിരിക്കുമെന്ന് അവരിലെ ദൈവദൂതനും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും പറഞ്ഞുപോകുമാറ് അവർ വിറപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെ സഹായം അടുത്തുതന്നെയുണ്ട്" (2:214).

ടി.കെ.അശ്റഫ്
thorakkattilashraf@gmail.com



ഐക്യം, ആദർശം, പ്രസ്ഥാനം: 4



# ഐക്യത്തിന്റെ രസതന്ത്രം

**ഐക്യം തൗഹീദി പ്രബോധനത്തിന് തടസ്സമായോ?**

പൊതുജനങ്ങളോട് തീരുമാനം അറിയിക്കേണ്ടതില്ലെന്ന തീരുമാനം നിലനിൽക്കുന്ന കാലത്തോളം തൗഹീദി പ്രബോധനത്തിന്റെ കുതിച്ചുചാട്ടം എന്ന ആഹ്വാനം സംഘടനയുടെ കൗൺസിലിന്റെ ഭിത്തിക്കുള്ളിൽ മുഴങ്ങുന്ന നിരർഥക നാദം മാത്രമായി അവശേഷിക്കും. യാഥാസ്ഥിതിക വിഭാഗത്തിന്റെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ കഴിയാതെ എങ്ങനെയാണ് തൗഹീദുമായി മുന്നോട്ട് പോകുമെന്ന ആഹ്വാനം നടപ്പിലാക്കുക? ഡിസംബർ അഞ്ചിന് ശേഷം യാഥാസ്ഥിതികർ നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്ന വിമർശനങ്ങൾക്ക് മറുപടി പറയാൻ ഐക്യപ്പെട്ട് ശക്തി സംഭരിച്ചിട്ടും എന്ത് കൊണ്ട് സാധിക്കുന്നില്ല? മുജാഹിദുകളുടെ തറവാടായ പുളിക്കലിലും മറ്റു നിരവധി പ്രദേശങ്ങളിലും പൗരോഹിത്യം പ്രസ്ഥാനത്തെ വെല്ലുവിളിച്ചിട്ടും അതേറ്റെടുക്കാൻ സാധിക്കാതെ പോയതും ഐക്യത്തിലൂടെ സംഭവിച്ച ആദർശരാഹിത്യം മൂലമാണ്. എന്നാൽ ഈ പ്രദേശങ്ങളിലെല്ലാം ദുരാരോപണങ്ങളുടെ മുനയൊടിക്കുന്ന മറുപടികൾ നൽകാൻ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ എന്ന മുജാഹിദ് പ്രബോധന സംരംഭത്തിന് സാധിച്ചു, അൽഹംദുലില്ലാഹ്! ആദർശത്തിൽ യാതൊരു മറിമായങ്ങളും വരുത്താതെ നിർഭയമായി നിലകൊള്ളുന്നതുകൊണ്ടാണ് ഇതിന് സാധിച്ചത്.

പട്ടിക്കാട് ജാമിഅ നൂരിയ്യയുടെ സമ്മേളനത്തിൽ അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ് തൗഹീദിനെയും മുജാഹിദ് പ്രസ്ഥാനത്തെയും കടന്നാക്രമിച്ചു കൊണ്ട് നടത്തിയ പ്രഭാഷണത്തിൽ ആവർത്തിച്ച് വെല്ലുവിളിയുയർത്തുകയുണ്ടായി. തൗഹീദുമായി മുന്നോട്ട് പോകുമെന്ന് പ്രഖ്യാപിച്ച് ഐക്യപ്പെട്ട മുജാഹിദുകൾക്ക് എന്തുകൊണ്ടാണ് ഈ വെല്ലുവിളി ഏറ്റെടുക്കാൻ സാധിക്കാത്തത്?

2017 ജനുവരി 23ന് പട്ടിക്കാട് വെച്ച് വിസ്ഡം നടത്തിയ ആദർശ വിശദീകരണ സമ്മേളനത്തിൽ ഹമീദ് ഫൈസിയുടെ വെല്ലുവിളി സധൈര്യം ഏറ്റെടുക്കാൻ സാധിച്ചത് ആദർശത്തിൽ നിഷ്ഠ പാലിക്കുന്നതു കൊണ്ട് മാത്രമാണ്.

**ഐക്യം പുതിയ ഭിന്നിപ്പിനോ?**

ആദർശത്തിൽ വിട്ടുവീഴ്ചയില്ലാതെ വീഴ്ചകൾ തിരുത്തി മുന്നോട്ട് പോകാൻ ഐക്യം കൊണ്ട് സാധിക്കുമ്പോഴാണ് ആ ഐക്യം യാഥാർഥ്യമാവുക. അതിന് പകരം ഇരു വിഭാഗവും ഒന്നായത് മറ്റേ വിഭാഗത്തെ ഒതുക്കാനാണെങ്കിൽ അത് സ്വന്തം നാശത്തിലേക്കുള്ള കാൽവെപ്പാണ്. ഇരു സംഘടനകളും ഒന്നായിക്കഴിഞ്ഞാൽ അവർ തമ്മിലുള്ള തർക്കവിതർക്കങ്ങൾ അവസാനിക്കുമല്ലോ. പള്ളികളിലും സ്ഥാപനങ്ങളിലും കുഴപ്പങ്ങൾക്ക് അറുതി വരുമല്ലോ എന്നൊക്കെയുള്ള പ്രതീക്ഷയാണ് സമുദായ, രാഷ്ട്രീയ, പൊതുമേഖലയിലുള്ളവർ മുജാഹിദ് ഐക്യത്തെ ആശീർവദിക്കാനും ആശംസ പറയാനും മുന്നോട്ട് വരാനുണ്ടായ കാരണം. എന്നാൽ മുജാഹിദ് സ്ഥാപനങ്ങളിൽ വീണ്ടും കലാപത്തിനും കേസിനും വഴിയൊരുക്കുന്ന കാഴ്ചയാണ് ഐക്യത്തിന് ശേഷം ഉണ്ടായ സംഭവങ്ങൾ നമ്മെ അറിയിക്കുന്നത്. സമാധാനപരമായി നടന്ന് വരുന്ന നിരവധി പള്ളികളിൽ ഐക്യത്തിന്റെ മറപിടിച്ച് നിലവിലുള്ള ഖത്തീബുമാരെ മാറ്റുകയുണ്ടായി. പ്രോഗ്രാം കേൾക്കാൻ പോയി എന്നതിന്റെ പേരിൽ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്ന് നീക്കം ചെയ്തു. ചിലരെ മാനസികമായി പീഡിപ്പിച്ച് പിന്തിരിപ്പിച്ചു. പള്ളിക്കകത്ത് ജുമുഅക്ക് ശേഷം ബഹളമുണ്ടായി. മദ്രസകളുടെ പൂട്ടുകൾ പൊളിച്ചു. പോലീസ് സ്റ്റേഷനിൽ പരാതി നൽകി. പുതിയ കേസുകൾ ഫയൽ ചെയ്തു.

**ആരോപണം വസ്തുതയോ?**

കെ.എൻ.എം വിട്ട് പോയി മറ്റൊരു പേരിൽ പ്രവർത്തിക്കുന്നവർക്ക് അതിന്റെ സ്വത്തിൽ അവകാശമില്ലെന്ന വാദത്തിന്റെ മറപിടിച്ചാണ് സ്ഥാപനം നടത്തുന്നവരെ ക്രൂശിക്കുന്നത്. കൂടാതെ അവർ ജിന്നിനോട് പ്രാർഥിക്കുന്നവരാണെന്ന കളവും പ്രചരിപ്പിക്കുന്നു. ആത്മീയ ചൂഷണത്തിനായി ചികിത്സാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നവരാണെന്ന മേമ്പൊടിയും ഇതോടൊപ്പം ചേർത്ത് വെക്കുന്നുണ്ട്. എന്താണ് വസ്തുത?

2012ൽ ഉണ്ടായ പ്രശ്നത്തിൽ പ്രധാന പണ്ഡിതന്മാർ, പ്രബോധകർ, സംഘാടകർ, എന്നിവരെയും യുവജന വിദ്യാർഥി സംഘടനകളെയും കീഴ്ഘടകങ്ങളെയും സംഘടനയിൽ നിന്ന് ചട്ടവിരുദ്ധമായി പിരിച്ചു വിടുകയാണുണ്ടായത്. സ്വമേധയാ ഇറങ്ങിപ്പോയതല്ല. ഇതിൽ മനംനൊന്ത് നിഷ്കളങ്കരായ ഏതാനും പ്രവർത്തകർ സ്വമേധയാ മാറി നിന്നിട്ടുണ്ടെന്ന് മാത്രം. ഈ ഘട്ടത്തിൽ വ്യാജ മിനുട്സ് ഉണ്ടാക്കി കെ.എൻ.എം കൗൺസിൽ ചേർന്നതായി കോടതിയെ തെറ്റുധരിപ്പിച്ച് താനാണ് കെ.എൻ.എമ്മിന്റെ പുതിയ ജനഃസെക്രട്ടറിയെന്ന് വാദിച്ച് 2002ൽ ഹുസൈൻ മടവൂർ രംഗത്ത് വന്നതു പോലെയുള്ള അവിവേകം ഞങ്ങൾ കാണിച്ചിട്ടില്ലയെന്നത് വസ്തുതയാണ്. പരസ്യമായ ഏറ്റുമുട്ടലിന് പകരം പ്രബോധനരംഗത്ത് സജീവമാവുകയാണ് നടപടിക്ക് വിധേയമായവർ ചെയ്തത്. കെ.എൻ.എം എന്ന പേര് സ്വീകരിച്ച് പ്രബോധന രംഗത്ത് കാലുഷ്യമുണ്ടാക്കരുതെന്ന കാഴ്ചപ്പാടാണ് ഇങ്ങനെ ചെയ്യാൻ പ്രേരിപ്പിച്ചത്. എന്നാൽ ഈ കൂട്ടായ്മയെ തിരിച്ചറിയാനും രാജ്യത്ത് സംഘടിതമായി പ്രവർത്തിക്കാനുള്ള നിയമങ്ങൾ പാലിക്കുന്നതിന്റെയും ഭാഗമായും വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ എന്ന പ്രബോധന സംവിധാനത്തിന് രൂപം നൽകുകയാണ് ഉണ്ടായത്.

ഇതിന്റെ പേരിൽ എങ്ങനെയാണ് കെ.എൻ.എം എന്ന സംഘടനയിൽ യാതൊരവകാശവും ഇല്ലാത്തവരായി മാറുന്നത്? ആദർശത്തിൽ, കെ.എൻ.എം രൂപീകരിച്ച നാൾ മുതൽ 2012 വരെയുള്ള പ്രമാണബദ്ധമായ നിലപാടുകളെ പൂർണമായി അംഗീകരിക്കുന്നവരാണ് ഈ കൂട്ടായ്മ. അതിൽ യാതൊരു മാറ്റവും വരുത്തിയതായി വസ്തുനിഷ്ഠമായി തെളിയിക്കാൻ ഇതുവരെ ആർക്കും സാധിച്ചിട്ടുമില്ല.

ഭരണഘടനാ ചട്ടങ്ങൾ പാലിക്കാതെ സ്വീകരിച്ച നടപടികളായതിനാൽ സംഘടനാപരമായി നടപടിയെടുത്തതിന് നിലനിൽപുമില്ല. ആയതിനാൽ നടപടിക്ക് വിധേയമായവർ കെ.എൻ.എമ്മിന്റെ അംഗങ്ങളാവാതിരിക്കുന്നില്ല.

കെ.എൻ.എം ഏതൊരു ലക്ഷ്യത്തിന് വേണ്ടി രൂപീകരിച്ചുവോ അതിന് പര്യാപ്തമാവാതെ വരികയും സംഘടനയ ഒരുപറ്റം സ്വാർഥതാൽപര്യക്കാർ ഹൈജാക്ക് ചെയ്ത് കൊണ്ടുപോവുകയും കാലത്തിന്റെ ഹൃദയമിടിപ്പുകൾ ഉൾക്കൊണ്ട് പ്രബോധന പ്രവർത്തനങ്ങളുമായി കെ.എൻ.എമ്മിൽ പ്രവർത്തിക്കുന്നവർക്ക് സാധിക്കാതെ വരികയും ചെയ്തപ്പോൾ, സമാനസ്വഭാവമുള്ള മറ്റൊരു സൊസൈറ്റിയിൽ അംഗമാവാൻ പാടില്ലെന്ന നിയമം കെ.എൻ.എം ഭരണഘടനയിൽ ഇല്ലാത്തതിനാൽ തന്നെ വിസ്ഡം എന്ന പേരിൽ പുതിയൊരു സംവിധാനം ഉപയോഗപ്പെടുത്തിയിട്ടുണ്ട് എന്നത് സത്യമാണ്. പുതിയ സംഘടനാ സാഹചര്യത്തിൽ, അക്രമത്തിന്റെ വഴിയുപേക്ഷിച്ച് നിയമപീഠത്തിന്റെ മുന്നിൽ പ്രശ്നം കൊണ്ടുവരികയെന്ന ജനാധിപത്യ മര്യാദയാണ് ഈ കൂട്ടായ്മ സ്വീകരിച്ച നയം. നീതിയുടെ നിലനിൽപിന് വേണ്ടിയും പ്രവർത്തകർ ചോര നീരാക്കി പടുത്തുയർത്തിയ സ്വത്തും സ്ഥാപനങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായും അനിവാര്യമായ നിയമ നടപടികൾ സ്വീകരിക്കാൻ പ്രവർത്തക

രും അഭ്യുദയകാംക്ഷികളും നിർബന്ധിതരായിട്ടുണ്ട്.

ആദർശനിലപാടുകളിൽ മാറ്റം വരുത്താതെ തന്നെ മടവൂർ വിഭാഗത്തെ കെ.എൻ.എം ഭരണഘടനക്ക് വിരുദ്ധമായി സംഘടനാ ബോഡികളിൽ എടുത്ത സാഹചര്യത്തിൽ സ്വാഭാവികമായും പ്രസ്തുത വിവരം കോടതിയെ ധരിപ്പിച്ചിട്ടുമുണ്ട്.

സുപ്രീം കോടതി വരെ ലക്ഷങ്ങൾചെലവഴിച്ച് ഇരുവിഭാഗവും നടത്തിയ നിയമ പോരാട്ടത്തിൽ പരാജയപ്പെട്ട മടവൂർ വിഭാഗത്തിന് അനായാസം ഭരണസമിതിയിൽ പ്രവേശനം നൽകുമ്പോൾ ചോദ്യം ചെയ്യുക സ്വാഭാവികമല്ലേ? ആദർശം മൂടിവെച്ചു കൊണ്ട് കൂടിയാകുമ്പോൾ അതിന്റെ ഗൗരവം വർധിക്കുകയും ചെയ്യുന്നു. ഈ നീക്കത്തെ ഐക്യത്തിനെതിരിൽ കേസ് കൊടുത്തുവെന്ന തരത്തിൽ വ്യാഖ്യാനിക്കുന്നത് മറ്റൊന്നും പറയാനില്ലാത്തതിന്റെ നിസ്സഹായത കൊണ്ട് മാത്രമാണ്.

**ജിന്നിനോട് പ്രാർഥിച്ചത് ആരാണ്?**

കഴിഞ്ഞ നാല് വർഷത്തിനിടെ ആരെങ്കിലും ജിന്നിനോട് പ്രാർഥിക്കുന്നവരായി ഈ കൂട്ടായ്മയിൽ നിന്നുണ്ടായോ? ഉണ്ടായില്ലെന്ന് മാത്രമല്ല അല്ലാഹുവിനോട് മാത്രമെ പ്രാർഥിക്കാൻ പാടുള്ളൂവെന്നും മരിച്ചവരോടും ജിന്നിനോടും മലക്കിനോടും തുടങ്ങി മറ്റാരോട് പ്രാർഥിച്ചാലും അത് ശിർക്കാണന്നും ശക്തമായി സമൂഹത്തെ ബോധ്യപ്പെടുത്തുന്ന ബഹുമുഖങ്ങളായ പരിപാടികൾ കൊണ്ട് കേരളത്തിൽ ഈ കൂട്ടായ്മ നിറഞ്ഞ് നിൽക്കുകയാണ്. ഇരുപത് ലക്ഷത്തോളം വീടുകളിലായി ഒരു കോടിയോളം ജനങ്ങളിലേക്ക് ഡോർ ടു ഡോർ എന്ന പ്രബോധന സംവിധാനത്തിലൂടെ തൗഹീദിന്റെ സന്ദേശം എത്തിക്കാൻ ഈ കൂട്ടായ്മക്ക് സാധിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒരു ലക്ഷത്തിലധികം പേർ ഡൗൺലോഡ് ചെയ്യുകയും പതിനായിരക്കണക്കിനാളുകൾ ഒരേ സമയം കേട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന പീസ് എന്ന പേരിലുള്ള ഇന്റർനെറ്റ് റേഡിയോ ഇതിന്റെ മറ്റൊരു പ്രബോധന മാർഗമാണ്. ദിനംപ്രതി പതിനായിരങ്ങൾ കേട്ടുകൊണ്ടിരിക്കുന്ന നേർവഴി എന്ന പേരിൽ അഞ്ച് മിനിറ്റ് മാത്രം ദൈർഘ്യമുള്ള പ്രഭാഷണം അറുനൂറ് ദിവസങ്ങളിലേക്ക് അടുക്കുകയാണ്. ഇതിന് പുറമെ നൂറുകണക്കിന് പ്രഭാഷണങ്ങൾ വേറെയും നടക്കുന്നു. ഇവയെല്ലാം തൗഹീദിന് വേണ്ടിയുള്ളതാണ്.

**ആത്മീയ ചൂഷണ കേന്ദ്രം എവിടെയാണ് തുടങ്ങിയത്?**

ആത്മീയ ചൂഷണത്തിനെതിരിൽ നിയമനിർമാണം നടത്തണമെന്ന് സർക്കാറിനോട് ഈ കൂട്ടായ്മ ആവശ്യപ്പെട്ടിട്ടുണ്ട്. വിമർശകർ ഉന്നയിക്കുന്നത് പോലെ ജിന്ന് കേന്ദ്രങ്ങൾ സ്ഥാപിക്കൽ ലക്ഷ്യമായിരുന്നെങ്കിൽ കഴിഞ്ഞ നാല് വർഷത്തെ പ്രവർത്തനത്തിനിടയിൽ അത് തുടങ്ങുമായിരുന്നില്ലേ? അങ്ങിനെയുണ്ടായില്ലന്ന് മാത്രമല്ല. അത്തരം കേന്ദ്രങ്ങൾക്കെതിരെ ശക്തമായ പടയോട്ടമാണ് ഈ കൂട്ടായ്മ നടത്തിയത്.

മുക്കം കളൻതോട് കേന്ദ്രീകരിച്ചും വയനാട് കേന്ദ്രീകരിച്ചുമെല്ലാം നടന്ന ഇത്തരം ആത്മീയ ചൂഷണങ്ങൾക്കെതിരെ മുന്നിൽ നിന്ന് പ്രവർത്തിച്ചതും അതിനെതിരെ നിയമനിർമാണം നടത്താൻ സർക്കാരിന്റെ മുമ്പിൽ രൂപരേഖ സമർപ്പിച്ചതും ഈ കൂട്ടായ്മയാണ്.

ജിന്നിനോട് പ്രാർഥിക്കുന്നവർ എന്ന കളവ് പ്രചരിപ്പിച്ച് ഈ സംഘടനയെയും സ്ഥാപനങ്ങളെയും കൈവശപ്പെടുത്തി അത് നിർമിച്ചവരെ പുറത്താക്കുന്ന ദയനീയ സാഹചര്യത്തിൽ ചെറുത്ത്നിൽപ്പിന്റെ നിയതമായ വഴികൾ തേടുക സ്വാഭാവികമാണ്.

**ചരിത്രത്തിലില്ലാത്ത ഐക്യം**

മുജാഹിദ് ഐക്യം പതിനാല് നൂറ്റാണ്ടിന്റെ ഇസ്ലാമിക ചരിത്രത്തിൽ മാതൃകയില്ലാത്തതാണെന്ന് കടപ്പുറത്ത് ഐക്യ സമ്മേളന പ്രസംഗത്തിനിടക്ക് ഹുസൈൻ മടവൂർ പറഞ്ഞത് വസ്തുതയാണ്. ഐക്യത്തിന് മാതൃകയായി ചരിത്രത്തിൽ നിന്ന് ഉദ്ധരിച്ച ഒരു സംഭവവും യോജിക്കാതെ പോയതും ഇതുകൊണ്ടാവാം. മുശ്രിക്കുകളും മുസ്ലിംകളും തമ്മിൽ ഉണ്ടാക്കിയ ഹുദൈബിയാ സന്ധിയാണ് മടവൂർ വിഭാഗം പറയുന്ന മാതൃക. അത് ശരിയാണെന്ന് വെച്ചാൽ ഒരു വിഭാഗം മുശ്രിക്കുകളാണെന്ന് സമ്മതിക്കേണ്ടി വരും.

മാത്രമല്ല, ക്ഷമിച്ച് കാത്തിരുന്നാൽ വിജയം വരുമെന്ന ഹുദൈബിയാ സന്ധിയിലെ പാഠം ആദർശം മാറ്റിവെക്കാതെ അണികളെ പഠിപ്പിക്കുക വഴി ഐക്യഫോർമുലയിൽ രഹസ്യമായി വെള്ളം ചേർത്ത് തുല്യതയില്ലാത്ത കാപട്യം ചെയ്തിരിക്കുകയാണ് മടവൂർ വിഭാഗം ചെയ്തിരിക്കുന്നത്.

യൂസുഫ്ﷺയെ ജ്യേഷ്ഠൻമാർ കിണറ്റിലിട്ട ശേഷം രക്ഷപ്പെട്ട് അധികാരം ലഭിച്ച് കഴിഞ്ഞപ്പോൾ അദ്ദേഹം ജ്യേഷ്ഠൻമാർക്ക് മാപ്പ് കൊടുത്ത സംഭവമാണ് പിന്നീട് പറയുന്ന ഉദാഹരണം. ഇതുപ്രകാരം ഒരു വിഭാഗം ജ്യേഷ്ഠന്മാരെപ്പോലെ കിണറ്റിലിട്ടവരാണന്ന് സമ്മതിക്കേണ്ടി വരും.

**നമുക്കൊന്നിച്ച് നീങ്ങാം**

പതിനാല് വർഷം ഭിന്നിച്ചവർ തമ്മിൽ യോജിക്കണമെന്ന മനസ്സുണ്ടായത് ആത്മാർഥതയിൽ നിന്നാണങ്കിൽ ആദർശപരമായി നിലനിൽക്കുന്ന വിഷയങ്ങൾ പരിഹരിച്ചത് പ്രമാണബദ്ധമായി വിശദീകരിക്കുകയാണ് വേണ്ടത്. കെ.എം മൗലവി മുതൽ പഠിപ്പിച്ച തൗഹീദിന്റെ നിർവചനത്തിൽ ഗ്രൂപ്പ് വൈരത്തിന്റെ പേരിൽ വരുത്തിയ മാറ്റത്തിന്റെ അപകടം ഇനിയും മനസ്സിലാകാത്ത ഇരുവിഭാഗത്തിലെയും നിഷ്കളങ്കരായ അണികൾ അത് തിരിച്ചറിയുന്ന കാലം വിദൂരമല്ല. എല്ലാവരും തൗഹീദിൽ അടിയുറച്ച് സുന്നത്ത് മുറുകെ പിടിച്ച് നന്നായശേഷം ഒന്നായി ജീവിക്കാൻ നാഥൻ അനുഗ്രഹിക്കട്ടെ. ●

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച




# വന്ന വഴി മറക്കരുതാരും

**എ**ന്റെ ഗ്രാമത്തിൽ ഗവൺമെന്റ് എൽ.പി.സ്കൂളിൽ ഒരു ചടങ്ങ് നടക്കുകയാണ്. കൂട്ടുകാരന്റെ നേതൃത്വത്തിലുള്ള സാമൂഹ്യസംഘടന പാവപ്പെട്ട ആദിവാസി, ദളിത്, പിന്നാക്ക വിഭാഗങ്ങളിൽ പെട്ട കുട്ടികൾക്ക് പുതുവസ്ത്രം-'സ്നേഹപ്പുടവ' നൽകുന്നതാണ് ചടങ്ങ്. വ്യവസായി സുഹൃത്തുക്കളും എക്കൗണ്ടിംഗ് രംഗത്തുള്ള കൂട്ടുകാരും പങ്കെടുക്കുന്നുണ്ട്.

സ്നേഹപ്പുടവ ഉദ്ഘാടനം നിർവഹിച്ച വ്യവസായി സുഹൃത്ത് ആ സ്കൂളിലെത്തന്നെ ഒരു കുടുംബത്തിന് മാസം തോറും ഭക്ഷണം നൽകുന്ന പദ്ധതിയുടെ സ്പോൺസർ ആണെന്ന് ആർക്കും അറിയില്ലായിരുന്നു. പ്രസംഗ മധ്യേ, എല്ലാവരെയും ഞെട്ടിച്ച് കൊണ്ട് സ്കൂളിന്റെ വികസന പദ്ധതിയിലേക്ക് അദ്ദേഹം ആറക്ക സംഖ്യ വാഗ്ദാനം ചെയ്തു. ആശംസക്ക് എന്റെ ഊഴം വന്നപ്പോൾ മുന്നിലിരിക്കുന്ന കൊച്ചുകുട്ടികളെ നോക്കി ഞാൻ ഒരു കഥ പറയാമെന്നു പറഞ്ഞു. അത് കേട്ട് എല്ലാവരും ഉഷാറായി ഇരുന്നു.

'പണ്ട് പണ്ട് നമ്മുടെ ഗ്രാമത്തിലൂടെ ഒരു ബസ്സ് സർവീസ് നടത്തിയിരുന്നു. അതിൽ തൊട്ടടുത്ത പ്രദേശത്തെ ഒരാൾ അതിൽ തൊഴിലാളിയായിരുന്നു. സാമ്പത്തിക പ്രശ്നവും മറ്റുമായി അയാൾക്ക് പഠനം നിറുത്തി ജോലിക്ക് പോകേണ്ടി വന്നതായിരുന്നു. അയാൾ ബസ്സിലെ തൊഴിൽ നിർത്തി. മറ്റു ചില തൊഴിലുകൾക്ക് ശ്രമിച്ചു. പിന്നീട് സൗദിയിൽ പോയി. വാഹനം ഓടിക്കുന്ന ജോലി. പിന്നീട് സാധനങ്ങളുടെ വിതരണ ചുമതല കൈവന്നു. ഒരു കട സ്വന്തമായി നടത്താൻ തുടങ്ങി, നാട്ടിൽ നിന്ന് ബന്ധുക്കളിൽ ചിലരേയും തുടർന്ന് കൂട്ടുകാരെയും ജോലിക്ക് കൊണ്ടുവന്നു. പങ്കാളിയായി നല്ലൊരു അറബി സുഹൃത്തിനെ ലഭ്യമായി. കടകളുടെ എണ്ണം കൂടി, വാഹനങ്ങളുടെ എണ്ണവും ഒപ്പം തൊഴിലാളികളുടെ എണ്ണവും വർധിച്ചു. ബിസിനസ്സ് ദുബായിലേക്ക് കൂടി വ്യാപിച്ചു. ജന്മനാടിനെ മറന്നില്ല. നാട്ടിൽ ടൂൾസ് വ്യാപാരം തുടങ്ങി. ചൈനയിൽ പോയി, അവിടെ തൊഴിലാളികളെ വെച്ച് ഫാക്ടറി ആരംഭിച്ചു. ഇറക്കുമതി തുടങ്ങി. അങ്ങനെ ബസ്സ് തൊഴിലാളിയായിരുന്ന ആ മനുഷ്യനു രണ്ട് ഡസനിലേറെ വാഹനങ്ങളായി, ഇരുന്നൂറിനടുത്ത് തൊഴിലാളികളായി.

ഔദ്യോഗിക കാര്യത്തിനിടെ എനിക്ക് അദ്ദേഹത്തെ പരിചയപ്പെടാനുള്ള അവസരമുണ്ടായി. ആ പരിചയം സൗഹൃദമായി വളർന്നു. വിദേശത്ത് നിന്നുള്ള വിളികളും മെസ്സേജുകളും തുടർന്നു. പരിചയം ഇരുവരുടെയും കുടുംബങ്ങളിലേക്കും പടർന്നു. ആ മനുഷ്യൻ ഇപ്പോൾ നാട്ടിലുണ്ട്, നമ്മുടെ ഗ്രാമത്തിലുണ്ട്, എന്തിനേറെ നമ്മുടെ സ്കൂളിൽ ഈ ചടങ്ങിനെത്തിയിട്ടുണ്ട്. നമ്മുടെ വേദിയിലുണ്ട്! അദ്ദേഹത്തെ തിരിച്ചറിഞ്ഞവർ ആരൊക്കെയുണ്ട് കൂട്ടത്തിൽ? കാണട്ടെ.

ഞാൻ കഥ നിറുത്തി.

കൊച്ചുകുരുന്നുകൾ എഴുന്നേറ്റ് നിന്നു. നിറുത്താതെ കയ്യടിച്ച് അദ്ദേഹത്തെ ആദരിച്ചു. ആ കുരുന്നുകളുടെ സ്നേഹം അദ്ദേഹം പുഞ്ചിരിയോടെ ഏറ്റുവാങ്ങി.

വന്ന വഴികൾ മറക്കാത്ത അദ്ദേഹത്തിന് കൂടുതൽ ഐശ്വര്യത്തിനായി കുട്ടികൾ പ്രാർഥിച്ചിരിക്കണം. കുഞ്ഞുങ്ങൾ മാത്രമല്ല രക്ഷിതാക്കളും അധ്യാപകരും ഒപ്പം എന്റെ മനസ്സും! ●

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

വിമർശനം



ഐക്യവുമായി ബന്ധപ്പെട്ട് കെ.എൻ.എം നേതാവ് അബ്ദുസ്സലാം സുല്ലമി ശബാബ് വാരികയിലെഴുതിയ ലേഖനത്തോടുള്ള പ്രതികരണം

# ആദർശധാരയിൽ നിന്ന് വ്യതിചലിച്ചവരുടെ ആകുലതകൾ

ഐക്യവുമായി ബന്ധപ്പെട്ട് അബ്ദുസ്സലാം സുല്ലമി ശബാബിൽ എഴുതിയ ലേഖനം കണ്ടു. തന്റെ സ്വതസിദ്ധമായ ശൈലിയിൽ നിന്നും ഒട്ടും വ്യതിചലിക്കാതെ നിരവധി തിരിമറികളും സത്യത്തിന് നിരക്കാത്ത ആരോപണങ്ങളും കുത്തി നിറച്ചു തന്നെയാണ് ഈ ലേഖനവും അദ്ദേഹം എഴുതിയിയിട്ടുള്ളത്.

ഐക്യത്തോടു കൂടി കെ.എൻ.എം ഒന്നടങ്കം മടവൂർ വിഭാഗത്തിന്റെ വികലമായ തൗഹീദിലേക്ക് നീങ്ങുകയാണ് എന്നതിനുള്ള അവസാനത്തെ തെളിവാണ് പ്രസ്തുത ലേഖനം. കാര്യകാരണം-അദൃശ്യം-അഭൗതികം വിഷയങ്ങളിൽ മടവൂർ വിഭാഗത്തിന്റെ വാദങ്ങളിലേക്ക് കെ.എൻ.എം എത്തി എന്നും അതിനെ എതിർത്തവരെ നിഷ്കരുണം സംഘടനയിൽ നിന്ന് പുറത്താക്കിയത് ശ്ലാഘനീയമാണെന്നും സുല്ലമി തുറന്നെഴുതിയിരിക്കുകയാണ്. ഇപ്പോൾ ശബാബ് കെ.എൻ.എമ്മിന്റേതാകയാൽ ഇതൊരു കുറ്റസമ്മതമായി നമുക്ക് വിലയിരുത്താം. ലയനത്തിനു മുമ്പ് മർക്കസുദ്ദഅ്‌വ വിഭാഗം കൗൺസിലിൽ സിഹ്ർ സംബന്ധിച്ച ഒരു പ്രവർത്തകന്റെ ചോദ്യത്തിന് മറുപടിയായി കെ.എൻ.എമ്മുമായി ഉണ്ടാക്കിയത് ഹുദൈബിയ സന്ധിയാണെന്ന് അലി മദനി തുറന്നു പറഞ്ഞ ശബ്ദരേഖ പുറത്തുവിട്ടത് മടവൂർ വിഭാഗം കൗൺസിലർമാർ തന്നെയായിരുന്നുവല്ലോ. അലി മദനി പറഞ്ഞ ഹുദൈബിയാ സന്ധിക്കു ശേഷമുള്ള 'മക്കാവിജയം' മടവൂർ വിഭാഗത്തിന് കുറച്ചു കൂടി അടുത്തെത്തിയിരിക്കുന്നുവെന്നർഥം.

കെ.എൻ.എമ്മിലെ ആദർശബോധമുള്ളവരെ നോക്കുകുത്തികളാക്കി ഐക്യത്തിന്റെ ആഘോഷങ്ങൾ നടക്കുമ്പോൾ തന്നെ ചില സൗന്ദര്യപ്പിണക്കങ്ങൾ സംഭവിച്ചതിന്റെ നിരാശ ലേഖനത്തിലുടനീളം മുഴച്ചു നിൽക്കുന്നുണ്ട്. ആ നിരാശ മാറ്റാൻ വേണ്ടിയാവണം നിരവധി ആരോപണങ്ങൾ നെയ്തെടുത്ത് മുജാഹിദുകളെ തെറ്റുധരിപ്പിക്കുവാൻ ഒരു പാഴ്ശ്രമം നടത്തി നോക്കിയത്. അവ ഓരോന്നായി നമുക്ക് വിശകലനം നടത്താം.

**തൗഹീദ് അട്ടിമറിച്ചത് ആര്?**

'പ്രാർഥന തന്നെയാണ് ആരാധന' എന്ന തലക്കെട്ടിൽ കേരളത്തിന്റെ മുക്കുമൂലകളിൽ പ്രഭാഷണങ്ങൾ സംഘടിപ്പിച്ചു വരുന്ന മുജാഹിദുകൾക്കെതിരെയാണ് സുല്ലമിയുടെ ആദ്യ വെടി. ആരാധനയും പ്രാർഥനയും രണ്ടാണ് എന്നവർ പറയുന്നു എന്നതാണ് അദ്ദേഹത്തിന്റെ ആരോപണം. വാക്കുകളെ സന്ദർഭത്തിൽ നിന്നടർത്തി മാറ്റി തന്റെ വക കളവ് കെട്ടിച്ചമക്കുകയാണിദ്ദേഹം ചെയ്തത്. അല്ലാഹുവിന്റെ ഗ്രന്ഥത്തിലുള്ള ഒരു കാര്യത്തെ കുറിച്ച്

അത് ജൂതന്റെ വിശ്വാസമാണെന്ന് എഴുതുകയും, ക്വുർആനിൽ ഇല്ലാത്ത കാര്യത്തിന് ആയത്ത് ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്ത ഇദ്ദേഹത്തിൽ നിന്ന് ഇതൊക്കെത്തന്നെയാണ് മുജാഹിദുകൾ പ്രതീക്ഷിക്കുന്നതും.

കാര്യകാരണബന്ധം, അദൃശ്യം, അഭൗതികം തുടങ്ങിയ വിഷയങ്ങളിൽ അട്ടിമറി നടത്തി എന്നതാണ് മറ്റൊരു ആരോപണം. മുജാഹിദ് പ്രസ്ഥാനത്തിന്റെ തൗഹീദിനെ കുറിച്ച് പ്രാഥമികജ്ഞാനം നേടിയ ആർക്കും മടവൂർ വിഭാഗത്തിന് ഉപരി സൂചിത വിഷയങ്ങളിൽ സംഭവിച്ച വ്യതിയാനത്തെ എളുപ്പത്തിൽ തിരിച്ചറിയാനാവും. 'ബദ്‌രീങ്ങളെ വിളിച്ച് സഹായം ചോദിക്കാമോ?' എന്ന ചോദ്യത്തിന് കെ.എം മൗലവി നൽകിയ മറുപടി കാണുക. ഇതിൽ നിന്നും മടവൂർ വിഭാഗത്തിന്റെ തൗഹീദും മുജാഹിദ് പ്രസ്ഥാനത്തിന്റെ തൗഹിദും തമ്മിലുള്ള അന്തരം ഏവർക്കും വ്യക്തമാവും.

അദ്ദേഹം എഴുതി: "ഒരാൾ വ്യസനകരമായ ഒരു കാര്യത്തിൽ അകപ്പെടുമ്പോൾ അതിൽ നിന്ന് രക്ഷപ്പെടുവാൻ അപേക്ഷിക്കുക എന്നത് രണ്ട് വിധത്തിൽ വരാം. 1. സാധാരണയായി സൃഷ്ടികളുടെ കയ്യാൽ നടന്നുവരാറുള്ള കാര്യങ്ങളെ കൊണ്ട് സഹായിച്ചു രക്ഷപ്പെടുത്തുവാൻ, എന്നു വച്ചാൽ സാധാരണ കാര്യകാരണ ബന്ധം അനുസരിച്ച് പടപ്പുകൾക്ക് കഴിവുള്ള വഴികളാൽ സഹായിച്ച് രക്ഷപ്പെടുത്തുവാൻ അപേക്ഷിക്കുക' ഈ വിധത്തിൽ സൃഷ്ടികളോട് ഇസ്തിഗാസ ചെയ്യൽ ജാഇസാണെന്ന് എല്ലാവരും സമ്മതിക്കുന്ന വാസ്തവം ആകുന്നു..." 2. ഈ വിധം കാര്യങ്ങൾക്ക് പുറമേയുള്ള വിഷയങ്ങളിൽ പാപങ്ങൾ പൊറുക്കുക, ചൊവ്വായ വഴിയിലേക്ക് ചേർത്ത് തരിക (ഹിദായത്ത് തരിക) മഴയെ ഇറക്കുക. ദീനങ്ങൾ ശിഫയാക്കുക ആപത്തുകളെയും ബലാഉകളെയും തട്ടിക്കളയുക, അവയെ നീക്കി രക്ഷപ്പെടുത്തുക, ശത്രുക്കളിൽ നിന്ന് രക്ഷിച്ച് സഹായിക്കുക, ആദിയായി അല്ലാഹുവിന് മാത്രം ശക്തിയുള്ള അവന്റെ ഖജാനകളിൽ മാത്രമുള്ള വിഷയങ്ങളിൽ സാധാരണയിൽ സൃഷ്ടികളുടെ കയ്യാൽ നടന്നുവരാറില്ലാത്ത വഴികളാൽ, എന്നുവച്ചാൽ ഗൈബിയായ (മറഞ്ഞ) മാർഗങ്ങളിൽ കൂടി സഹായിച്ച് രക്ഷപ്പെടുത്തുവാൻ അപേക്ഷിക്കുക' ഇവ്വിധം ഇസ്തിഗാസ അല്ലാഹുവിനോടല്ലാതെ ചെയ്യുവാൻ പാടില്ല എന്നും എല്ലാവരും സമ്മതിക്കും..." "അതിനാൽ നമ്മുടെ ചോദ്യകർത്താക്കൾ ഇവിടെ ചോദിക്കുന്നത് ആദിയായ സബബുകൾക്കപ്പുറത്തുള്ള എന്നുവച്ചാൽ അദൃശ്യലോകത്തെ സംബന്ധിച്ചുള്ള പ്രത്യേക കാരണങ്ങളാൽ രക്ഷപ്പെടുത്താനോ സഹായിക്കാനോ അപേക്ഷിക്കുന്നതിനെ കുറിച്ചാണെന്ന് തീർച്ച തന്നെ..." "ഇങ്ങനെ തനിക്കും തന്നെപ്പോലെയുള്ള സൃഷ്ടികൾക്കും കഴിവില്ലാത്ത മാർഗത്തിൽ ഒരു കാര്യം നിർവഹിച്ചു തരുവാൻ ആരോട് അപേക്ഷിക്കുന്നുവോ, അവരുടെ സന്നിധിയിൽ ഏറ്റവും അങ്ങേയറ്റമായ താഴ്മ കാണിക്കലും അധികമായ വിധത്തിൽ അവരെ മഹത്വപ്പെടുത്തലും ഈ അപേക്ഷയിൽ അടങ്ങിയിട്ടുണ്ടെന്ന് മനുഷ്യബുദ്ധിയുള്ളവരെല്ലാം സമ്മതിക്കും."(അൽമുർശിദ്. 1935 ഏപ്രിൽ ഉദ്ധരണി: കെ.എം മൗലവിയുടെ ഫത്‌വകൾ പേജ്: 130,131)

ഇതാണ് എക്കാലത്തും മുജാഹിദുകളുടെ നിലപാട്. ഇതിൽ നിന്ന് മടവൂർ വിഭാഗം തെറ്റിയതാണ് പ്രശ്നങ്ങളുടെ മൂല കാരണം.

കെ.എം മൗലവിയുടെ വാക്കുകളെ നമുക്കിങ്ങനെ സംഗ്രഹിക്കാം:

1. സൃഷ്ടികളുടെ കയ്യാൽ നടന്നുവരാറുള്ള കാര്യങ്ങളാണ് കാര്യകാരണങ്ങൾ.

2. സൃഷ്ടികളുടെ കയ്യാൽ നടന്നുവരാറില്ലാത്തതാണ് മറഞ്ഞ വഴി.

3. കാര്യകാരണബന്ധങ്ങൾക്ക് പുറത്തുള്ളതിനെയാണ് മറഞ്ഞ വഴി (ഗൈബിയായ) എന്ന് പറയുക.

4. അത്തരം തേട്ടങ്ങൾ പ്രാർഥനയാണ്.

5. അത് സൃഷ്ടികളിലൊരാൾക്കും കഴിയാത്ത കാര്യമാണ്. അപ്പോൾ സൃഷ്ടികളുടെ കഴിവിനപ്പുറമുള്ളത് തേടലാണു പ്രാർഥന.

6) ഇത്തരം സന്ദർഭത്തിലാണ് അങ്ങേയറ്റത്തെ താഴ്മ കാണിക്കലും അധികമായ വിധത്തിൽ അവരെ മഹത്വപ്പെടുത്തലും ഉണ്ടാവുന്നത്.

7) ബുദ്ധിയുള്ളവർക്കൊന്നും ഇതിൽ സംശയമുണ്ടാവില്ല.

ഇത്രയും വ്യക്തമായ ആദർശം മുജാഹിദുകൾ പറഞ്ഞതിനെ കുറിച്ചാണ് സുല്ലമി അത് ജൽപനങ്ങളാണ് എന്നു പറഞ്ഞത്.

ഈ തൗഹീദിൽ നിന്ന് മടവൂർ വിഭാഗം വഴിമാറി. അവർ പറഞ്ഞു: "അദൃശ്യവഴി എന്നാൽ പഞ്ചേന്ദ്രിയങ്ങൾക്കപ്പുറമുള്ളത് എന്നാണ്."(സെൻസിംഗ്, 2007 ഏപ്രിൽ, സലാം സുല്ലമിയുടെ അഭിമുഖം)

അങ്ങനെയാണ് മലക്കും ജിന്നുമെല്ലാം കാര്യകാരണ ബന്ധങ്ങൾക്ക് പുറത്താണ് എന്ന പുത്തൻവാദം കേരളക്കര ശ്രവിച്ചത്. കാരണം അവയെ നാം കാണുന്നില്ലല്ലോ. അതോടുകൂടി എന്തു സംഭവിച്ചു എന്നു ചോദിച്ചാൽ, മലക്കോ ജിന്നോ മനുഷ്യജീവിതത്തിൽ ഇടപെടും എന്ന് വിശ്വസിച്ചാൽ തന്നെ ശിർക്ക് സംഭവിക്കും എന്ന അത്യധികം വിചിത്രമായ തൗഹീദിലേക്ക് മടവൂർ വിഭാഗം എത്തി. അവർ എഴുതി. "മലക്കുകൾക്കും ജിന്നുകൾക്കും നമ്മെ സഹായിക്കുവാൻ സാധിക്കുമെന്ന് വല്ലവനും വിശ്വസിച്ചാൽ അവന്റെ വിശ്വാസത്തിൽ ശിർക്കും കുഫ്റും സംഭവിക്കുന്നു."(തൗഹീദും നവ യാഥാസ്ഥിതികരുടെ വ്യതിയാനവും, പേജ്: 11, യുവത)

അപ്പോൾ സിഹ്റിൽ ശൈത്വാൻ സാഹിറിനെ സഹായിക്കുന്നതോ എന്ന ചോദ്യം വന്നപ്പോഴാണ് അങ്ങിനെ സഹായിക്കുന്നില്ല, സിഹ്റിന് യാഥാർഥ്യമുണ്ടെന്ന് വിശ്വസിച്ചാൽ ശിർക്കാണ് എന്ന മുൻഗാമികൾക്കോ പിൻഗാമികൾക്കോ പരിചയമില്ലാത്ത വാദം (വിചിന്തനം 2007 ഫെബ്രുവരി 3, കടപ്പാട്) അ

വർക്കു പറയേണ്ടി വന്നത്. അതേസമയം അന്ന് കെ.എൻ.എം ഈ വാദത്തെ എതിർത്തു. അപ്പോൾ എ.പി അബ്ദുൽ ഖാദിർ മൗലവി (റഹി) അടക്കമുള്ള മുജാഹിദുകൾ മുശ്‌രിക്കാണ് എന്നാണ് മടവൂർ വിഭാഗം പ്രതികരിച്ചത്.(സെൻസിംഗ്, 2007 ഏപ്രിൽ)

ഇപ്പോഴും അവരതിൽ ഉറച്ചു നിൽക്കുന്നു എന്നതിന്റെ മൂന്ന് തെളിവുകളാണിപ്പോൾ പുറത്തുവന്നത്.

1. മടവൂർ വിഭാഗത്തിന്റെ കൗൺസിലിൽ അലി മദനി നടത്തിയ പ്രസംഗത്തിൽ ഐക്യത്തെ കുറിച്ച് പറഞ്ഞത്, ഇത് ഹുദൈബിയാ സന്ധിയാണെന്നാണ്. മുസ്‌ലിംകളും മുശ്‌രിക്കുകളും തമ്മിലാണല്ലോ പ്രസ്തുത കരാർ ഉണ്ടായത്.

2. ഐക്യസമ്മേളനത്തിന്റെ മൂന്ന് ദിവസങ്ങൾക്കു ശേഷം (23.12.16) പുറത്തിറങ്ങിയ ശബാബിൽ നബി(സ)ക്ക് സിഹ്‌റ് ബാധിച്ചു എന്നു വിശ്വസിക്കൽ ശിർക്കാണ് എന്നെഴുതി.

3. 17.02.17ലെ ശബാബിൽ ഈ വികല തൗഹീദ് വീണ്ടും ആവർത്തിച്ചു.

അത് കെ.എൻ.എം അംഗീകരിച്ചു എന്നും സുല്ലമി എഴുതി. ശബാബ് ഇപ്പോൾ ഔദ്യോഗികമായതിനാൽ അത് ശരിയാവും എന്ന് നമുക്ക് കരുതാം. അങ്ങനെയാണെങ്കിൽ മുജാഹിദുകളുടെ തൗഹീദിൽ നിന്ന്, സമസ്തക്കാർ ഉണ്ടാക്കിയ 'അഭൗതിക കഴിവുകൾ അല്ലാഹു അല്ലാത്തവർക്കും ഉണ്ട് എന്ന 'തൗഹീദി'(?!)ലേക്ക് ഇവർ എത്തിപ്പെട്ടിരിക്കുന്നു, തീർച്ച. ബുദ്ധിയുള്ളവർ ചിന്തിക്കട്ടെ!

**മുജാഹിദുകൾ ഐക്യവിരോധികളോ?**

മുജാഹിദുകളെ ഐക്യവിരോധികളായി ചിത്രീകരിക്കാൻ സുല്ലമി ആവുന്നതും പരിശ്രമിച്ച് നോക്കിയിട്ടുണ്ട്. ഒരു ഭാഗത്ത് കെ.എൻ.എം ആദർശം ശിർക്കാണെന്ന് എഴുതുക. മറുഭാഗത്ത് ഐക്യം എന്ന ഫോർമുല ഉയർത്തിക്കാട്ടുക. ഈ കാപട്യത്തെ മുജാഹിദുകൾ ചോദ്യം ചെയ്തിട്ടുണ്ട്. അപ്പോൾ അതിനെ ഐക്യവിരോധമെന്ന് പറഞ്ഞ് മുതലക്കണ്ണീരൊഴുക്കിയത് കൊണ്ട് ജനം അത് വിശ്വസിക്കാൻ പോവുന്നില്ല. ആദർശ ഐക്യമാണ് വേണ്ടത്; അതു നടക്കണം എന്നു തന്നെയാണ് മുജാഹിദുകൾ ആഗ്രഹിക്കുന്നത്. ആദർശമൊന്നാവാതെ ഐക്യപ്പെട്ടതിന്റെ പൊല്ലാപ്പുകൾ എന്താണെന്ന് കേരളക്കര നന്നായി അറിഞ്ഞു കൊണ്ടിരിക്കുന്നുമുണ്ട്.

മുഖം മറക്കൽ, ഇഅ്തിദാലിലെ കൈ കെട്ട്, മുഷ്ടി ചുരുട്ടി എഴുന്നേൽക്കൽ... തുടങ്ങിയ വിഷയങ്ങൾ ആരും ഉന്നയിക്കുന്നില്ലല്ലോ എന്നതാണ് അദ്ദേഹത്തിന്റെ മറ്റൊരു പരാതി. യഥാർഥത്തിൽ ഇതൊന്നും വിവാദ വിഷയങ്ങളേ അല്ല. അഭിപ്രായ ഭിന്നതക്ക് സാധ്യതയുള്ള കർമശാസ്ത്ര വിഷയങ്ങളാണ്. വിവാദ മില്ലാത്ത വിഷയങ്ങളെ വലിച്ചിട്ട് അനാവശ്യ വിവാദങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നത് വിഷയത്തിന്റെ മർമത്തിൽ നിന്ന് ശ്രദ്ധ തിരിക്കാനാണ്.

സിഹ്‌റ്, കണ്ണേറ്, സംസം, ഹജറുൽ അസ്‌വദ്, മിഅ്‌റാജ്, ഖബർ ശിക്ഷ, മസീഹുദജ്ജാൽ, ബദ്‌റിൽ മലക്കുകൾ ഇറങ്ങിയത്, സ്വിറാത്ത്, മീസാൻ... തുടങ്ങിയ അഖീദയുമായി ബന്ധപ്പെട്ട അടിസ്ഥാന കാര്യങ്ങൾ നിഷേധിക്കുന്നതാണിവിടെ പ്രശ്‌നം. അതിന് മറപിടിക്കാൻ കർമശാസ്ത്ര രംഗത്തെ കാര്യങ്ങൾ വിവാദമാക്കാൻ ശ്രമിക്കുന്നത് പരിഹാസ്യമാണ്.

മാത്രവുമല്ല, രണ്ട് റക്അത്തുള്ള നമസ്‌കാരത്തിലെ ഇരുത്തം, ഇഅ്തിദാലിലെ കൈ കെട്ടൽ, വിരലനക്കൽ, സുബ്ഹിക്കു ശേഷം പള്ളിയിലിരിക്കൽ, മുഷ്ടി ചുരുട്ടി എഴുന്നേൽക്കൽ, സ്വഫിൽ അടുപ്പിച്ച് നിൽക്കൽ... തുടങ്ങി നിരവധി സംഗതികൾ ഹദീസുകളിൽ വന്നതുമാണ്.

എന്നാൽ ഇതൊന്നും ചെയ്യാത്തതിന്റെ പേരിൽ ഇവിടെ ആരും ആരെയും ആക്ഷേപിച്ചിട്ടുമില്ല. അവർ മുശ്‌രിക്കാണെന്ന് മുദ്ര കുത്തിയിട്ടുമില്ല. ഇവിടുത്തെ യഥാർഥ വിഷയം അതല്ല. പല കാര്യങ്ങളും നിഷേധിക്കുന്നു; അംഗീകരിക്കുന്നവരുടെ മേലിൽ ശിർക്കാരോപിക്കുന്നു. അവരെ ബഹുദൈവ വിശ്വാസികളാക്കുന്നു. ഇതു രണ്ടുമെങ്ങനെയാണ് തുല്യമാവുന്നത്?

മാത്രവുമല്ല, ഉപരിസൂചിത കാര്യങ്ങൾ ചെയ്യുന്നവർ ഇപ്പോഴത്തെ കെ.എൻ.എമ്മിൽ തന്നെ ധാരാളമുണ്ട്. അപ്പോൾ ഈ വിമർശനം സ്വന്തം പ്രസ്ഥാനത്തിൽ പെട്ടവർക്കു കൂടി ബാധകമായ കാര്യം ലേഖകൻ ശ്രദ്ധിക്കാതെ പോയത് മോശമായി.

**സുല്ലമിയുടെ പരിഭാഷയും മുജാഹിദ് പ്രസ്ഥാനവും**

തന്റെ ബുഖാരി പരിഭാഷക്ക് മുജാഹിദ് പ്രസ്ഥാനവുമായി യാതൊരു ബന്ധവുമില്ല എന്ന് സുല്ലമി തുറന്നെഴുതിയിരിക്കുന്നു! അൽഹംദുലില്ലാഹ്! കാലങ്ങളായി മുജാഹിദുകൾ ഓർമപ്പെടുത്തിക്കൊണ്ടിരുന്ന കാര്യമാണത്. മുജാഹിദുകൾക്ക് ഒരിക്കലും അംഗീകരിക്കാൻ പറ്റാത്ത ഒട്ടനവധി സംഗതികൾ അതിലുണ്ടായിരുന്നു. സംസം, ദജ്ജാൽ, ഖബർ ശിക്ഷ, മിഅ്‌റാജ്, നുസൂൽ, ഹജറുൽ അസ്‌വദ്, സിഹ്‌റ്, കണ്ണേറ്, സ്വിറാത്ത്... തുടങ്ങിയ നിരവധി കാര്യങ്ങളെ നിഷേധിക്കുന്ന ഈ പരിഭാഷ മുജാഹിദ് ആദർശത്തിന് കടകവിരുദ്ധമാണെന്ന് സമൂഹത്തിനു മുന്നിൽ തുറന്നു കാണിക്കപ്പെട്ടു. എന്നാൽ, ഇത്രയും കാലം അതിനെ ന്യയീകരിക്കുകയും സുല്ലമിയെ ഒറ്റപ്പെടുത്താൻ സമ്മതിക്കില്ല എന്നുപറഞ്ഞ് ഈ തെറ്റുകളെ സംരക്ഷിക്കുകയായിരുന്നു മടവൂർ വിഭാഗം. ഇപ്പോൾ ബോധോദയമുണ്ടായതു നല്ലതു തന്നെ.

എന്നാൽ, സുല്ലമി തന്റെ ബുഖാരി പരിഭാഷയിലൂടെ പുറത്തുവിട്ട അതേ കാര്യങ്ങൾ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളായ ശബാബ്, അത്തൗഹീദ് എന്നിവയിലൂടെയും പുറത്തു വന്നിട്ടുണ്ട്. സുല്ലമിക്ക് തന്റെ പരിഭാഷയെ വേണമെങ്കിൽ തള്ളാം. പക്ഷെ സംഘടന ഔദ്യോഗികമായി പ്രസിദ്ധീകരിച്ചത് സംഘടയാണ് മാറ്റി പറയേണ്ടത്. അത് ഈ നിമിഷം വരേക്കും ഉണ്ടായിട്ടില്ല. അതു കൊണ്ട് സുല്ലമിയുടെ പരിഭാഷ തോട്ടിലെറിഞ്ഞാൽ തങ്ങൾ രക്ഷപ്പെടും എന്നാരും കരുതേണ്ടതില്ല.

സിഹ്‌റ് (ശബാബ്, 2014 ഏപ്രിൽ 4), ഖബർ ശിക്ഷ (ശബാബ്, 2011 ഏപ്രിൽ 11 ), സംസം (2015 ആ

ഗസ്ത് 14), ഹജറുൽ അസ്‌വദ് (ശബാബ് 2015 ആഗസ്ത് 7), കണ്ണേറ് (ശബാബ് 2016 മെയ് 13), സംഗീതം ഹലാലാക്കൽ (അത്തൗഹീദ് 2011 നവംബർ), അഭൗതിക ശക്തി അല്ലാഹു മാത്രമോ? (ശബാബ് 2013 ജൂലൈ 13), നുസൂൽ (ശബാബ് 2009 ജൂലൈ 10), ഖബറുൽ ആഹാദ് വിശ്വാസത്തിനു പറ്റില്ല (2016 മെയ് 13), പിശാച് ആലങ്കാരികം (2014 ഡിസംബർ 12), തബർറുക് നിഷേധം (2012 മാർച്ച് 30), മിഅ്‌റാജ്, സ്വിറാത്ത് (സലഫികൾ ജൽപനങ്ങളും വസ്തുതയും യുവത പേജ് 15,50,51) ഇതെല്ലാം സുല്ലമിയും അനുയായികളും എഴുതി ഔദ്യോഗികമായി തന്നെ പ്രസിദ്ധീകരിച്ചതാണ്. ഇതിലെല്ലാം വ്യക്തമായ നിഷേധങ്ങളാണുള്ളത്. ഇതെല്ലാം തള്ളിപ്പറഞ്ഞ് സമൂഹത്തോട് മാപ്പു പറഞ്ഞാലല്ലാതെ മുജാഹിദുകൾ പിൻവാങ്ങുന്ന പ്രശ്നമില്ല. ഇവിടെ വ്യക്തികൾ അല്ല വിഷയം ആദർശമാണ്.

സുല്ലമിയുടെ പരിഭാഷക്ക് പ്രസ്ഥാനവുമായി ഒരു ബന്ധവുമില്ല എന്ന് തെളിയിക്കാൻ, അതു കെ.എൻ.എം അല്ല പ്രസിദ്ധീകരിച്ചത് എന്ന ന്യായം പറഞ്ഞത് ശരിയായില്ല. ആരു പ്രസിദ്ധീകരിച്ചാലും സത്യമേ എഴുതാവൂ, പറയാവൂ എന്നതാണല്ലോ ഒരു വിശ്വാസിയുടെ നയം. ഉസ്മാൻ ഡോക്ടറുടെയും ഉമർ മൗലവിയുടെയും അമാനി മൗലവിയുടെയുമൊന്നും പല കൃതികളും കെ.എൻ.എം അല്ല പ്രസിദ്ധീകരിച്ചത് എന്നത് കൊണ്ട് അവക്കൊന്നും മുജാഹിദ് ആദർശവുമായി ഒരു ബന്ധവുമില്ല എന്നു പറയാനാവുമോ? ബുദ്ധിയുള്ളവരാരും അതു പറയില്ല. ഔദ്യോഗികമായി എഴുതുന്നത് മാത്രം ആദർശപരമായാൽ മതി, അതല്ലാത്തതിൽ ഏത് നിഷേധവും എഴുതാം എന്നതാണ് തന്റെ നയമെങ്കിൽ സുല്ലമി അത് തുറന്നു പറയണം. സുല്ലമിയുടെ ഗ്രന്ഥങ്ങൾ വായിക്കുന്ന സാധാരണക്കാരൻ വിചാരിക്കുന്നത് ഇതെല്ലാം ദീനാണെന്നാണ്. മാത്രമല്ല, സുല്ലമിയുടെ ബുഖാരി പരിഭാഷയുടെ പരസ്യം വരുന്നത് ശബാബിലും, അത് വിൽപന നടത്തുന്നത് സുല്ലമിയുടെ അനുകൂലികളുമാണ്. അവരെയെല്ലാം കബളിപ്പിക്കുന്നതായിപ്പോയി ഈ കുറ്റസമ്മതം.

അബ്ദുസ്സലാം സുല്ലമിയുടെ കൃതികളിൽ സംഭവിച്ച പല അബദ്ധങ്ങളും അന്നുതന്നെ പല പണ്ഡിതന്മാരും ചൂണ്ടിക്കാണിച്ചതും തിരുത്താൻ ആവശ്യപ്പെട്ടതുമാണ്. പക്ഷേ, അദ്ദേഹമത് ചെവിക്കൊണ്ടില്ല. ജാമിഅ നദ്‌വിയ്യയിൽ ചെന്ന് വരെ തിരുത്തണമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ, തിരുത്താൻ അദ്ദേഹം തയാറായില്ല. ഇതിന് ഇന്നും ജീവിച്ചിരിക്കുന്ന സാക്ഷികളുണ്ട്.

ബുഖാരീ പരിഭാഷയിൽ കൊടുത്ത അടിക്കുറിപ്പുകൾ വിജ്ഞാനവർധനവിന് മുൻഗാമികളുടെ ഉദ്ധരണികൾ എടുത്തു കൊടുക്കുക മാത്രമാണ് ചെയ്തത് എന്ന പരാമർശവും വസ്തുതാപരമല്ല. ഒരു ഉദാഹരണം. ഹദീസ് നമ്പർ 5196ന്റെ അടിക്കുറിപ്പിൽ സുല്ലമി എഴുതി: “സ്വിറാത്ത് പാലം ഇല്ലെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു.” ഇതിൽ ഒരു മുൻഗാമിയെയും അദ്ദേഹം ഉദ്ധരിച്ചിട്ടില്ല. അങ്ങനെയാരും മുമ്പ് പറഞ്ഞിട്ടുമില്ല.

സ്വിറാത്തുമായി തന്നെ ബന്ധപ്പെട്ട മറ്റൊരു ഹദീസിന് അദ്ദേഹം എഴുതിയ അടിക്കുറിപ്പ് നോക്കാം: “പരിശുദ്ധ ക്വുർആനിന്റെ അടിസ്ഥാന തത്ത്വങ്ങളും നരകത്തെ കുറിച്ചും അതിലേക്കുള്ള പ്രവേശനത്തെ കുറിച്ചും മറ്റും ക്വുർആൻ നൽകുന്ന വിവരണങ്ങളും മനുഷ്യന്റെ പ്രാഥമിക ബുദ്ധിയും മറ്റുള്ള സ്ഥിരപ്പെട്ട ഹദീസുകളും മുന്നിൽ വച്ച് കൊണ്ട് പണ്ഡിതന്മാർ ഈ ഹദീസിനെ വിമർശിക്കാൻ സാധ്യതയുണ്ട്.” നോക്കൂ! മുൻഗാമികളുടെ വിമർശനങ്ങൾ എടുത്തുദ്ധരിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത് എന്നു പറഞ്ഞയാൾ, മുൻഗാമികൾ ആരും ഒരു വിമർശനവും പറയാതെ തന്നെ വിമർശനത്തിന് സാധ്യതയുണ്ട് എന്ന് സ്വയം വിമർശനമുന്നയിക്കുകയാണ് ചെയ്യുന്നത്. അതിനാൽ മുൻഗാമികളുടെ വിമർശനം അല്ല അദ്ദേഹം പലപ്പോഴും ഉദ്ധരിക്കുന്നത്. സ്വന്തം വക തന്നെയാണ്. അതാവട്ടെ, അധികവും ചേകനൂർ, സി.എൻ എന്നിവർ ഉന്നയിച്ച കാര്യങ്ങളുമാണ്!

**സ്വഹാബത്തിനിടയിലെ ഭിന്നതയും കെ.എൻ.എമ്മിലെ ഭിന്നതയും**

കെ.എൻ.എമ്മിനുള്ളിലുള്ള ഇപ്പോഴത്തെ ഭിന്നതയെ ന്യായീകരിക്കാൻ സ്വഹാബത്തിനിടയിലുണ്ടായിരുന്ന മസ്അലാപരമായ ഭിന്നതയെ സുല്ലമി വലിച്ചിഴക്കാൻ ശ്രമിക്കുന്നുണ്ട്. സ്വഹാബത്ത് എല്ലാവരും ഗവേഷണപാടവമുള്ള പണ്ഡിതന്മാരാണ്. സ്വാഭാവികമായും അവർക്കിടയിൽ തെളിവുകൾ ഗ്രഹിക്കുന്ന വിഷയത്തിൽ വ്യത്യസ്ത രീതികൾ ഉണ്ടാവും. ബനൂ ഖുറൈളയിൽ നിന്നല്ലാതെ അസർ നമസ്കരിക്കരുത് എന്ന് പ്രവാചകൻﷺ പറഞ്ഞപ്പോൾ രണ്ട് രീതിയിൽ സ്വഹാബത്ത് അതിനെ സ്വീകരിച്ചത് പോലെ. ഒരു വിഭാഗം അതിനെ അക്ഷരാർഥത്തിൽ സ്വീകരിച്ചു. മറ്റൊരു വിഭാഗം അതിലെ ആശയം സ്വീകരിച്ചു. ഇരു വിഭാഗത്തെയും പ്രവാചകൻ ആക്ഷേപിച്ചില്ല.

അങ്ങനെയാണോ കെ.എൻ.എമ്മിലുള്ള വിഷയങ്ങൾ? ഇസ്‌ലാമിലെ അറിയപ്പെട്ട പലതിനെയും നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന ഒരു വിഭാഗം, ഇതിനെ എതിർക്കുന്ന മറ്റൊരു കൂട്ടം! മറു വിഭാഗം ശിർക്കിലാണെന്ന് വിശ്വസിക്കുന്ന ഒരു കൂട്ടം! ശിർക്കിലല്ല എന്നു പറയുന്ന മറ്റൊരു സംഘം! ഇതിനെ എങ്ങനെയാണ് സ്വഹാബത്തിലേക്ക് മുട്ടിക്കുക?! യഥാർഥത്തിൽ ഇത് സ്വഹാബത്തിനെ അവഹേളിക്കലാണ്. അതുകൊണ്ട് ശരാശരി ബുദ്ധിയുള്ള മുജാഹിദുകൾ ചിന്തിക്കട്ടെ!

അവസാനമായി ഒരു കാര്യം കൂടി പറയട്ടെ; മറ്റുള്ളവരിൽ ശിർക്കും കുഫ്‌റും ആരോപിക്കുന്ന തിരക്കിനിടയിൽ തങ്ങൾ ശിർക്കിന്റെ വല്ല വാദങ്ങളിലും എത്തിയിട്ടുണ്ടോ എന്ന് ആത്മപരിശോധന നടത്തുന്നത് എല്ലാവർക്കും നല്ലതാണ്. അല്ലാഹുവല്ലാത്ത അഭൗതിക ശക്തികളുണ്ട്, അഭൗതികമായി ഇടപെടുന്നവൻ അല്ലാഹു മാത്രമല്ല, തുടങ്ങിയ വാദങ്ങളുടെയൊക്കെ ഗൗരവം നാം ഉൾക്കൊള്ളേണ്ടതുണ്ട്. സത്യത്തിന്റെ കൂടെ നിൽക്കാൻ അല്ലാഹു സഹായിക്കട്ടെ. (ആമീൻ)

അശ്റഫ് എകരൂൽ
ashrafekarul@gmail.com



# നവാതിഥിയെ വരവേൽക്കുമ്പോൾ



ഗർഭകാലത്ത് ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ നാം കഴിഞ്ഞ ലേഖനത്തിൽ മനസ്സിലാക്കി. ഇനി കുഞ്ഞു കരച്ചിലിനു കാതോർക്കാം. പ്രസവത്തിന്റെ പ്രയാസങ്ങളും വേദനയും മുന്നിൽ കണ്ട് അല്ലാഹുവിലേക്ക് വിനയപ്പെട്ടും പശ്ചാത്താപം പുതുക്കിയും കൊണ്ടാവണം പുതിയ അതിഥിയെ വരവേൽക്കാൻ മാതാപിതാക്കൾ ഒരുങ്ങേണ്ടത്. മർയമിന്റെ പ്രസവ സന്ദർഭം അല്ലാഹു നമുക്ക് വിശദീകരിച്ചു തരുന്നത് കാണുക: "അങ്ങനെ അവനെ ഗർഭം ധരിക്കുകയും, എന്നിട്ട് അതുമായി അവൾ അകലെ ഒരു സ്ഥലത്ത് മാറിത്താമസിക്കുകയും ചെയ്തു. അങ്ങനെ പ്രസവവേദന അവളെ ഒരു ഈന്തപ്പന മരത്തിന്റെ അടുത്തേക്ക് കൊണ്ട് വന്നു. അവൾ പറഞ്ഞു: ഞാൻ ഇതിന് മുമ്പ് തന്നെ മരിക്കുകയും, പാടെ വിസ്മരിച്ച് തള്ളപ്പെട്ടവളാകുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നേനേ! ഉടനെ അവളുടെ താഴ്ഭാഗത്ത് നിന്ന് (ഒരാൾ) വിളിച്ചുപറഞ്ഞു: നീ വ്യസനിക്കേണ്ട, നിന്റെ താഴ്ഭാഗത്ത് ഒരു അരുവി ഉണ്ടാക്കി തന്നിരിക്കുന്നു. നീ ഈന്തപ്പനമരം നിന്റെ അടുക്കലേക്ക് പിടിച്ചുകുലുക്കിക്കൊള്ളുക. അത് നിനക്ക് പാകമായ ഈന്തപ്പഴം വീഴ്ത്തിത്തരുന്നതാണ്. അങ്ങനെ നീ തിന്നുകയും കുടിക്കുകയും കണ്ണുകുളിർത്തിരിക്കുകയും ചെയ്യുക..." (19:22-26).

അല്ലാഹുവിന്റെ ഇഷ്ടദാസിയായ മർയമിന് പോലും പ്രസവസമയം എത്രമാത്രം പ്രയാസകരമായിരുന്നുവെന്നും അതോടൊപ്പം അല്ലാഹുവിലുള്ള വിശ്വാസവും പ്രാർഥനയും പ്രതീക്ഷയുമെല്ലാം എപ്രകാരമാണ് അവരുടെ പ്രയാസങ്ങളെ ലഘൂകരിച്ചതെന്നും ഈ സൂക്തങ്ങൾ വ്യക്തമാക്കിത്തരുന്നു.

ഗർഭപാത്രത്തിനു പുറത്തുള്ള അപരിചിതലോകത്തിലേക്ക് കണ്ണുതുറക്കുന്ന കുഞ്ഞ് ഒരു വി.ഐപി തന്നെയാണ്. അതിനാൽ ആ വി.ഐ.പിയെ സ്വീകരിക്കുവാൻ ചില പ്രോട്ടോകോളുകൾ പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ട്. ഇതിലൂടെ ഇസ്‌ലാമിക പാരന്റിംഗിന് തുടക്കം കുറിക്കുകയാണ്. ചില സുപ്രധാന കാര്യങ്ങൾ മനസ്സിലാക്കാം:

**1. സന്തോഷവാർത്തയറിയിക്കൽ:** ഗർഭപാത്രത്തിൽനിന്ന് പുറത്തുവന്ന് കരഞ്ഞുകൊണ്ട് സാന്നിധ്യമറിയിക്കുന്ന കുഞ്ഞിന്റെ ജനനം ഒരു 'സന്തോഷവാർത്ത' തന്നെയാണല്ലോ. അല്ലാഹു പറയുന്നു:"ഹേ, സകരിയ്യാ, തീർച്ചയായും നിനക്ക് നാം ഒരു ആൺകുട്ടിയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു..." (19:7).

"നമ്മുടെ ദൂതൻമാർ ഇബ്റാഹീമിന്റെ അടുത്ത് സന്തോഷവാർത്തയും കൊണ്ട് വരികയുണ്ടായി..."(11:69). "അദ്ദേഹത്തിന്റെ (ഇബ്റാഹീം നബിയുടെ) ഭാര്യ അവിടെ നിൽക്കുന്നുണ്ടായിരുന്നു. അവർ ചിരിച്ചു. അപ്പോൾ അവർക്ക് ഇസ്ഹാഖിനെപ്പറ്റിയും, ഇസ്ഹാഖിന്റെ പിന്നാലെ യഅ്ഖൂബിനെപ്പറ്റിയും സന്തോഷവാർത്ത അറിയിച്ചു"(11:72).

സന്തോഷത്തിലും സന്താപത്തിലും പരസ്പരം പങ്കുചേരേണ്ട സത്യവിശ്വാസികൾ ജനനത്തിൽ സന്തോഷിക്കുകയും കുഞ്ഞിനും മാതാപിതാക്കൾക്കും സ

ന്തോഷം നൽകുംവിധം പ്രതികരിക്കുകയും പ്രാർഥിക്കുകയുമാണ് വേണ്ടത്. എന്നാൽ നവജാത ശിശുവിനു വേണ്ടിയുള്ള പ്രത്യേക പ്രാർഥനകളോ ആശംസാവചനങ്ങളോ പ്രമാണങ്ങൾ പഠിപ്പിക്കുന്നില്ല.

**2. തഹ്നീക്ക്:** ജനിച്ചയുടനെ കാരക്കനീരോ തേനോ കുഞ്ഞിന്റെ നാവിൽ പുരട്ടുന്നതിനെയാണ് തഹ്നീക്ക് എന്ന് പറയുന്നത്.

ഒന്നിലധികം തവണ നബി ﷺ ഇപ്രകാരം ചെയ്തതും സ്വഹാബികൾ നബിﷺയുടെ അരികിലേക്ക് കുഞ്ഞുങ്ങളെകൊണ്ട് വന്നതും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അബൂമൂസ رضي الله عنه പറയുന്നു: "അദ്ദേഹത്തിന് കുഞ്ഞ് പിറന്നപ്പോൾ കുഞ്ഞിനെയുമായി നബിﷺയുടെ സന്നിധിയിൽ ചെന്നു. നബി ﷺ അവന് ഇബ്റാഹീം എന്ന് പേര് നൽകുകയും കാരക്ക നീര് പുരട്ടിക്കൊടുക്കുകയും അനുഗ്രഹത്തിനായി പ്രാർഥിക്കുകയും ചെയ്തിട്ട് എനിക്കവനെ തിരിച്ച് തന്നു."(ബുഖാരി/മുസ്‌ലിം)

അബൂത്വൽഹക്കും ഉമ്മുസുലൈമിനും കുഞ്ഞ് പിറന്നപ്പോൾ നബി ﷺ ഇപ്രകാരം ചെയ്തത് ഇമാം ബുഖാരി ഉദ്ധരിക്കുന്നുണ്ട്. കൂടാതെ അസ്മാഅ് ഗർഭിണിയായിരിക്കെ ഹിജ്റ പോവുകയും ഖുബായിൽ എത്തിയപ്പോൾ അബ്ദുല്ലാഹ് ബ്നു സുബൈറിനെ പ്രസവിക്കുകയും ചെയ്തു. അവർ പറയുന്നു: "എന്നിട്ട് ഞാൻ നബിﷺയുടെ സന്നിധിയിൽ ചെന്ന് കുഞ്ഞിനെ അവിടുത്തെ മടിയിൽവെച്ച് കൊടുത്തു. നബി ﷺ കാരക്ക കൊണ്ട് വരാൻ കൽപിച്ചു. അത് ചവച്ചരച്ചിട്ട് അവന്റെ വായിലാക്കിക്കൊടുത്തു. അങ്ങനെ അവന്റെ ഉള്ളിൽ ആദ്യം പ്രവേശിച്ചത് നബിﷺയുടെ ഉമിനീരായി. പിന്നീട് അവന് വേണ്ടി അനുഗ്രഹത്തിനായി പ്രാർഥിച്ചു. അബ്ദുല്ലാഹ് ബ്നു സുബൈറാണ് മദീനയിൽ എത്തിയ മുഹാജിറുകൾക്ക് ആദ്യം പിറന്ന ആൺകുഞ്ഞ്. അവന്റെ ജനനത്തിൽ മുസ്‌ലിംകൾ എന്തെന്നില്ലാതെ സന്തോഷിച്ചു. കാരണം ജൂതന്മാർ നിങ്ങൾക്ക് സിഹ്റ് ചെയ്തതിനാൽ ആൺകുട്ടികൾ ഉണ്ടാവുകയില്ലെന്ന ഒരു കിംവദന്തി ശത്രുക്കൾ പറഞ്ഞ് പരത്തിയിരുന്നു. (ആ ഇടക്കാണ് അബ്ദുല്ലയുടെ ജനനമുണ്ടായത്)." (ബുഖാരി/മുസ്‌ലിം)

**3. മുടിനീക്കലും ബലികർമവും (അഖീഖ):** പ്രസവിച്ച് 'ഏഴാംനാൾ' കുട്ടിയുടെ ജീവിതത്തിലെ പ്രധാന ദിനമാണ്. സംറത്ത് رضي الله عنه ൽ നിന്ന് ഉദ്ധരിക്കുന്നു നബി ﷺ പറഞ്ഞു: "എല്ലാ കുട്ടിയും അവന്റെ അഖീഖയുടെ പണയത്തിൽ ബന്ധനസ്ഥനാണ്. ഏഴാം നാളിലാണ് അവന് വേണ്ടി അറവ് നടത്തുന്നത്. അന്ന് തന്നെയാണ് മുടി നീക്കേണ്ടതും, പേരിടേണ്ടതും." (തിർമിദി, നസാഇ, ഇബ്നുമാജ, അഹ്മദ്)

കുഞ്ഞിന്റെ ജനനത്തോടൊപ്പം ഉള്ള ആരംഭ മുടിനീക്കം ചെയ്യാനും അതിന്റെ തൂക്കത്തിനുള്ള അളവിൽ വെള്ളി ദാനം ചെയ്യാനും നബി ﷺ കൽപിച്ചതായി കാണാം. ഇബ്നു ഇസ്ഹാഖ് മുഹമ്മദ് ബ്നു അലിയിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: "ഹസൻ رضي الله عنه വിനെ പ്രസവിച്ചപ്പോൾ പ്രവാചകൻ ﷺ മകൾ ഫാത്തിമയോട് പറഞ്ഞു: "നീ അവന്റെ മുടി നീക്കം ചെയ്യുക. അങ്ങിനെ ഫാത്തിമ رضي الله عنها അത് തൂക്കി നോക്കി. അത് ഒരു ദിർഹമോ അല്ലെങ്കിൽ അൽപം കുറവോ ആയിരുന്നു."

ഇതോടൊപ്പം നടക്കുന്ന ഒരു കർമമാണ് അഖീഖ. ഒരു മൃഗത്തെ അറുത്ത് മാംസവിതരണം നടത്തുക എന്നതാണ് ഉദ്ദേശം. ഉമ്മുൽ കറസ് അൽ കഅബിയ എന്ന സ്വഹാബി വനിത അഖീഖയെകുറിച്ച് നബിﷺയോട് ചോദിക്കുകയുണ്ടായി, നബി ﷺ പറഞ്ഞു: 'ആൺകുട്ടിക്ക് രണ്ടാടും പെൺകുട്ടിക്ക് ഒരാടും ആകുന്നു. അത് ആണാവുന്നതും പെണ്ണാവുന്നതും തടസ്സമില്ല.' (അഹ്മദ്)

ഇമാം ത്വബ്റാനി رحمه الله ഉദ്ധരിക്കുന്ന മറ്റൊരു ഹദീസിൽ ഇപ്രകാരമാണ്: അഖീഖ ഏഴാം നാളിലാണ് അറുക്കപ്പെടുക. അതല്ലെങ്കിൽ 14ാം നാളിൽ, അല്ലെങ്കിൽ ഇരുപത്തിയൊന്നാം നാളിൽ ആണ്. കുഞ്ഞിന്റെ കുടുംബത്തിന്റെ സ്ഥിതി അനുസരിച്ച് ബലികർമത്തിന്റെ നിബന്ധനയോട് കൂടിയ ഏത് മൃഗമാവാമെന്നും ആടാണ് നബിയുടെ കാലത്ത് അറുത്തിരുന്നതെന്നും, ദിവസങ്ങളിൽ ഏറ്റവും പുണ്യകരം ഏഴാം നാളിലാണെന്നും അതിന് സാധിക്കാത്തവർക്ക് സാധ്യമാവുന്ന ഏത് സന്ദർഭത്തിൽ നടത്തിയാലും സ്വീകരിക്കപ്പെടുമെന്നുമാണ് പണ്ഡിതാഭിപ്രായം. ഉളുഹിയ്യത്തിന്റെ രീതിശാസ്ത്രം തന്നെയാണ് മാംസവിതരണത്തിനുമുള്ളതെങ്കിലും വീട്ടിൽ ഭക്ഷണമുണ്ടാക്കി വിരുന്നൂട്ടിയാലും മതിയാകുന്നതാണ്. ദരിദ്രരുടെ പങ്കാളിത്തം ഉറപ്പ് വരുത്തണമെന്ന് മാത്രം.

**4. പരിഛേദന കർമം:** ലിംഗാഗ്രത്തിലെ തൊലി നീക്കം ചെയ്യുന്ന, പ്രവാചക മാതൃകയാണിത്. പുരുഷന്മാർക്ക് മാലിന്യമുക്തി നേടാനും ആരോഗ്യ സംരക്ഷണത്തിനും സഹായകമായ ഒരു ദൈവിക നിർദേശമാണിത്. ആധുനിക വൈദ്യശാസ്ത്ര സൗകര്യങ്ങളുടെ സാധ്യതകൾ കൂടുതലുള്ള ഇക്കാലത്ത് പ്രസവാനന്തര നാളുകളിൽ നടത്തുന്നതാണ് കൂടുതൽ നല്ലത്. മനുഷ്യപ്രകൃതിയുടെ ഭാഗമായാണ് പ്രവാചകൻ ﷺ ലിംഗപരിഛേദനത്തെ എണ്ണിയിട്ടുള്ളത്. (ബുഖാരി/മുസ്‌ലിം)

ഏഴാം നാളിൽ ഹസൻ, ഹുസൈൻ رضي الله عنهما എന്നിവർക്ക് വേണ്ടി അഖീഖ അറുക്കുകയും അവരുടെ പരിഛേദന കർമം നിർവഹിക്കുകയും ചെയ്തുവെന്ന് ഇമാം ബൈഹഖി ജാബിർ رضي الله عنه വിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ വന്നിട്ടുണ്ട്. ഈ സമ്പ്രദായം ആരംഭം കുറിച്ചത് പ്രവാചകൻ ഇബ്റാഹീം നബി عليه السلام യിൽ നിന്നാണെന്നും പിന്നീട് അത് പ്രവാചകൻമാരുടെ ഉത്തമമാതൃകയായിത്തീർന്നെന്നും, ഒരാൾ ഇസ്‌ലാമിലേക്ക് കടന്നുവന്നാൽ എത്ര പ്രായമുള്ളവനാണെങ്കിലും പരിഛേദനകർമം നിർവഹിക്കേണ്ടതുണ്ടെന്നും സ്വഹീഹായ ഹദീസുകളിൽ പരാമർശിക്കപ്പെട്ടതെല്ലാം ഈ കർമത്തിന്റെ അനിവാര്യതയും പ്രകൃതിപരതയും വിളിച്ചോതുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് മുടികളയൽ, അഖീഖ, പരിഛേദന കർമം തുടങ്ങിയ കാര്യങ്ങളെ കർമശാസ്ത്ര ഗ്രന്ഥങ്ങൾ സവിസ്തരം ചർച്ചക്കെടുത്തത്. പ്രസ്തുത കർമങ്ങളുടെ ഗൗരവമുൾക്കൊണ്ട് ചെയ്യുമ്പോഴേ അല്ലാഹുവിൽ നിന്നുള്ള പ്രതിഫലത്തിന് അർഹത ലഭിക്കൂ. ●

ചലനങ്ങൾ

## കോഴിക്കോട് പാലിയേറ്റീവ് മെഡിസിനും ഐ.എസ്.എം സ്നേഹ സ്പർശവുമായി സഹകരിച്ചുള്ള പദ്ധതി തുടങ്ങി

കോഴിക്കോട്: കോഴിക്കോട് മെഡിക്കൽ കോളേജിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിനുമായി സഹകരിച്ച് ഐ.എസ്.എം വിസ്ഡം റിലീഫിന്റെ ഭാഗമായി 'സ്നേഹസ്പർശ'ത്തിനു കീഴിൽ വിവിധ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു.

കാൻസർ, നട്ടെല്ലിന്റെ ക്ഷതം എന്നീ രോഗങ്ങൾ കാരണം പ്രയാസം അനുഭവിക്കുന്ന രോഗികൾക്ക് ചികിത്സാ സഹായം, രോഗികളെ പരിചരിക്കാൻ താൽപര്യമുള്ളവർക്ക് ട്രെയ്നിംഗ്, കിടപ്പിലായ രോഗികൾ നിർമിക്കുന്ന വസ്തുകളുടെ വിപണനം എന്നിവയാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്.

കാൻസർ, ബോധവൽക്കരണത്തിന്റെ ഭാഗമായുള്ള ഓറൽ ബോധവൽക്കരണ ക്ലാസ്സും പുനരധിവാസ പരിശീലന ക്യാമ്പും സംഘടിപ്പിച്ചു.

മെഡിക്കൽ കോളേജ് ഇൻസിറ്റിറ്റ്യൂട്ടിൽ നടന്ന ചടങ്ങിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി ചെയർപേഴ്സൺ ഡോ. സുധ അധ്യക്ഷത വഹിച്ചു. ഐ.എസ്.എം ജനറൽ സെക്രട്ടറി കെ സജ്ജാദ് മുഖ്യാതിഥിയായിരുന്നു.

പുനരധിവാസ പിരിശീലന ക്യാമ്പിന് ജെ.സി.ഐ വനിത വിംഗ് പ്രസിഡന്റ് സത്യ നേതൃത്വം നൽകി. ജോസ് പുലിമൂട്ടിൽ, ഐ.എസ്.എം സംസ്ഥാന ട്രഷറർ ഡോ.പി.എൻ ശബീൽ, പാലിയേറ്റീവ് സൊസൈറ്റി സെക്രട്ടറി ഗീത എന്നിവർ പ്രസംഗിച്ചു.

## എടത്തനാട്ടുകര മണ്ഡലം പ്രൊഫ്കോൺ കൺവെൻഷൻ സമാപിച്ചു

എടത്തനാട്ടുകര: വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷന്റെ ഭാഗമായി, മുജാഹിദ് സ്റ്റുഡന്റ്സ് മൂവ്മെന്റ് സംസ്ഥാന കമ്മിറ്റി മാർച്ച് 10,11,12 തീയതികളിൽ പാലക്കാട്ട് സംഘടിപ്പിക്കുന്ന പ്രൊഫഷണൽ സ്റ്റുഡന്റ്സ് ഗ്ലോബൽ കോൺഫറൻസിന്റെ ഭാഗമായി എടത്തനാട്ടുകര മണ്ഡലം കൺവെൻഷൻ കോട്ടപ്പള്ള ദാറുൽ ഖുർആൻ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.

എം.എസ്.എം ജില്ലാ സെക്രട്ടറി എം. ഷാഹിൻ ഷാ ഉദ്ഘാടനം ചെയ്തു മുജാഹിദ് ദഅ്‌വ സമിതി മണ്ഡലം പ്രസിഡന്റ് ഹംസ മാടശ്ശേരി അധ്യക്ഷത വഹിച്ചു. ജില്ല കൺവീനർ റഷീദ് കൊടക്കാട്ട്, ഐ.എസ്.എം ജില്ല പ്രസിഡന്റ് ടി.കെ.നിഷാദ് സലഫി എന്നിവർ ക്ലാസ്സെടുത്തു.

മുജാഹിദ് ദഅ്‌വ സമിതി മണ്ഡലം കൺവീനർ സാദിഖ് ബിൻ സലീം, ഐ. എസ്. എം മേഖല സെക്രട്ടറി എൻ. ഷഫീഖ്, ടി. കെ. മുഹമ്മദ് മാസ്റ്റർ, ഫിറോസ് ഖാൻ സ്വലാഹി, എം. ഹിദായത്ത് മാസ്റ്റർ, കെ. അയമു മാസ്റ്റർ, എ. പി. ഖമറുദ്ദീൻ, അലി മന്തിയിൽ, കെ. പി. ബാസിത്ത്, പി. പി. യൂസുഫ്, സി. പി. ഫൈസൽ മാസ്റ്റർ എന്നിവർ പ്രസംഗിച്ചു.

പ്രൊഫ്കോണിന്റെ ഭാഗമായി മണ്ഡലത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾക്ക് കൺവെൻഷൻ അന്തിമ രൂപം നൽകി.

## ആത്മീയ വാണിഭ കേന്ദ്രങ്ങൾ അടച്ചു പൂട്ടണം: വിസ്ഡം ബഹുജന സംഗമം

കൽപ്പറ്റ: വയനാട് ജില്ലയിലെ ആത്മീയ വാണിഭം നടക്കുന്ന എല്ലാ കേന്ദ്രങ്ങളും അടച്ചുപൂട്ടണമെന്ന് വിസ്ഡം ബഹുജന കൺവെൻഷൻ ആവശ്യപ്പെട്ടു. ഒട്ടും ശാസ്ത്രീയമല്ലാത്ത; തികച്ചും പ്രാകൃതമായ ചികിത്സ നടത്തിക്കൊണ്ടിരിക്കുന്നവർക്കതിരെ ജില്ലയിലെ മഹല്ലുകൾ കേന്ദ്രീകരിച്ച് നടക്കുന്ന ബോധവൽക്കരണ സമ്മേളനങ്ങളും സന്ദേശരേഖാ വിതരണത്തിനു വേണ്ടിയുള്ള ജനസമ്പർക്ക പരിപാടിയും വിജയിപ്പിക്കാൻ സംഗമം ആഹ്വാനം ചെയ്തു.

മുസ്‌ലിം ലീഗ് നേതാവ് എ.പി അബ്ദുൽ ഹമീദ് ഉദ്ഘാടനം ചെയ്തു. കെ. ഹാരിസ് (സി.പി.എം), പി.മുഹമ്മദ് (ഐ.എൻ.എൽ) പ്രസംഗിച്ചു. മുജാഹിദ് ജില്ല സമിതി ചെയർമാൻ അബ്ദുൽ ഫതാഹ് ആധ്യക്ഷ്യം വഹിച്ചു. ജില്ല കൺവീനർ ഹംസത്ത് മുട്ടിൽ, ഐ.എസ്.എം ജില്ല സെക്രട്ടറി റഷീദ് വെള്ളിയോട് സംബന്ധിച്ചു.

## ജലം: പങ്കുവെക്കുക, പാഴാക്കരുത് ഐ.എസ്.എം സ്നേഹസ്പർശം കാംപെയ്ൻ ആരംഭിച്ചു

കോഴിക്കോട്: ജന്തുജാലങ്ങളുടെ നിലനിൽപിന്ന് ആവശ്യമായ പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യുന്നതും പാടെ നശിപ്പിക്കുന്നതുമായ പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ എല്ലാവരും തയ്യാറാകണമെന്ന സന്ദേശവുമായി ഐ.എസ്.എം സ്നേഹസ്പർശത്തിന്റെ ആഭിമുഖ്യത്തിൽ 'ജലം ദൈവാനുഗ്രഹം: പങ്കുവെക്കുക, പാഴാക്കരുത്' എന്ന പ്രമേയത്തിൽ കാംപെയ്ൻ ആരംഭിച്ചു.

ജലത്തിന്റെ ഉപയോഗം സംബന്ധിച്ച ഒരു പുതിയ സംസ്കാരം സമൂഹത്തിൽ വളർത്തിയെടുത്തെങ്കിലേ ജലത്തിന്റെ ദുരുപയോഗം തടയാൻ സാധിക്കുകയുള്ളൂ. സ്വന്തം കിണറിലെ വെള്ളം തന്റെ ആവശ്യത്തോടൊപ്പം സമൂഹത്തിനുകൂടി അവകാശപ്പെട്ടതാണെന്ന പൊതുബോധം മാനവർക്ക് കൈമാറണമെന്ന ലക്ഷ്യവും ഈ കാംപെയ്ൻ മുന്നോട്ട് വെക്കുന്നു.

peaceradio
Tune to reality

ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ

**ആരോഗ്യ വിചാരം**
പ്രമേഹം: 4
ഡോ.അബ്ദുൽ ജലീൽ,
ഡോ.റാം നാരായൺ
(അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ജനറൽ മെഡിസിൻ എം.ഇ.എസ് മെഡി.കോളേജ്)
27.02.17 തിങ്കൾ 9:00 PM, 11:15 PM
28.02.17 ചൊവ്വ 10:30 AM

**ചുവരെഴുത്ത്**
നബിയുടെ അനന്തര സ്വത്ത് വീതം വെച്ച സംഭവം
അബ്ദുൽ ജബ്ബാർ മദീനി
27.02.17 തിങ്കൾ, 8:20 PM
28.02.17 ചൊവ്വ 8:20 AM, 12:20 AM

**നബി ചരിത്രം**
ബദർ യുദ്ധം; പരസ്പരം ഏറ്റ് മുട്ടുന്നു
അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി
28.02.17 ചൊവ്വ, 5:30 PM
01.03.17 ബുധൻ, 11:45 PM

**ജീവിത പാഠങ്ങൾ**
നന്മയിൽ മുന്നേറുക, ശമീർ മുണ്ടേരി
02.03.17 വ്യാഴം, 5:30 PM
03.03.17 വെള്ളി, 11:45 PM

**സലഫി ദുറൂസ്**
നുബുവ്വത്തിന്റെ തെളിവുകൾ
ഭാഗം: 44
ശമീർ മുണ്ടേരി
02.03.17 വ്യാഴം, 4:30 PM, 9:30 PM
03.03.17 വെള്ളി, 09:30 AM

**തജ്‌വീദ് പഠനം**
സൂറത് ഇൻഷിഖാഖ് പാരായണ പഠനം
ഹാഫിള് അസ്‌ലം കുവൈത്ത്
03.03.17 വെള്ളി, 7:45 PM
04.03.17 ശനി, 5:00 PM

**നിയമപാഠം**
മൗലികാവകാശങ്ങൾ, ഭാഗം: 5
അലി മുഹമ്മദ് (റിട്ട. ജഡ്ജ്)
03.03.17 വെള്ളി, 9:00 PM, 11:15 PM
04:03.17 ശനി, 10:30 AM

**സ്മൃതിപഥം**
വിശ്വാസം: ഇമാം ബുഖാരിയുടെ വാക്കുകൾ
ഭാഗം: 2
മൂസ സ്വലാഹി കാര
05:03.17 ഞായർ, 7:20 AM, 5:30 PM
06:03.17 തിങ്കൾ, 11:45 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

ജലത്തിന്റെ ഉപയോഗം സംബന്ധിച്ച് സമൂഹത്തിൽ ശരിയായ ബോധവൽക്കരണം നടത്താൻ എല്ലാവരും തയ്യാറാകണം. ഭൂമിയെ മലിനമാക്കുന്ന പ്രവൃത്തികളിൽ നിന്നും സമൂഹത്തെ പിന്തിരിപ്പിക്കുകയെന്ന ദൗത്യമേറ്റെടുക്കാൻ യുവജന സമൂഹം മുന്നോട്ട് വരണം. മഴവെള്ള സംഭരണി സ്ഥാപിച്ച് ജലസംരക്ഷണം വ്യാപകമാക്കണം.

കുന്നുകൾ, വയലുകൾ, കുളങ്ങൾ, മരങ്ങൾ എന്നിവ നശിപ്പിക്കുന്നത് കടുത്ത വരൾച്ചക്കും കാലവസ്ഥാ വ്യതിയാനങ്ങൾക്കും കാരണമാകുന്നതിനെ സമൂഹം ഗൗരവമായി കാണണം. കുന്നുകളും വയലുകളും ശുദ്ധജല സംഭരണികളാണെന്നും ഇവയുടെ സംരക്ഷണത്തിലൂടെയേ വരൾച്ച നേരിടാൻ സാധിക്കുകയുള്ളൂവെന്നും വിദ്യാർഥി സമൂഹത്തെ ബോധവൽക്കരിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ നടപ്പാക്കണം.

യാതൊരു ഗുണനിലവാരവും ഉറപ്പുവരുത്താതെ ശുദ്ധജലമെന്ന പേരിൽ കുടിവെള്ള വിതരണം നടത്തുന്നത് മാരകമായ രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്. നടപടിക്രമങ്ങൾ പാലിക്കാതെ നടത്തുന്ന ജലവിതരണ കേന്ദ്രങ്ങൾക്കെതിരെ തദ്ദേശ സ്ഥാപനങ്ങൾ കർശന നടപടി സ്വീകരിക്കണം.

സെമിനാറുകൾ, ലഘുലേഖ വിതരണം, പോസ്റ്റർ, കൊളാഷ്, തീം പോസ്റ്റർ പ്രദർശനം, ബഹുജന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സംഘടനകളുമായും സഹകരിച്ച് മലിനമായി കിടക്കുന്ന ജല സ്രോതസ്സുകളും മറ്റും ശുദ്ധീകരിക്കുന്നതിനുള്ള പദ്ധതികൾ, കുടിവെള്ള വിതരണ സംഭരണികൾ സ്ഥാപിക്കൽ എന്നിവ കാംപെയ്ൻ ഭാഗമായി നടപ്പാക്കും

വരൾച്ചയും ജലദൗർലഭ്യവും അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ മാപ്പ് തയ്യാറാക്കി ഇത്തരം പ്രദേശങ്ങളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി ജനകീയ പങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടപ്പാക്കാനുള്ള പദ്ധതികളും പൊതുകുളങ്ങളുടെ നവീകരണം, പൊതു കിണറുകളുടെ പുനരുദ്ധാരണം തുടങ്ങിയവ വാട്ടർ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളിൽ സഹകരിക്കുകയും ചെയ്യുന്നതിന് ഐ.എസ്.എം പദ്ധതികൾ ആവിഷ്‌ക്കരിക്കും ●

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com



# ജലവും ജീവനും

ജലാശയങ്ങൾ വറ്റിവരളുകയും കുടിവെള്ളം കിട്ടാക്കനിയാവുകയും കേരളം കടുത്ത വരൾച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയുമാണ്. പൊതുവെ, സന്തുലിതമായ കാലാവസ്ഥയുള്ള നമ്മുടെ നാട് ഇത്തവണ അതി ഭീകരമായ ജലക്ഷാമത്തിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. സർക്കാർ സംവിധാനങ്ങളും പൊതുസമൂഹവും സന്നദ്ധ സംഘടനകളും സന്ദർഭത്തിനനുസരിച്ച് ഉണർന്നു പ്രവർത്തിച്ചാൽ വരാനിരിക്കുന്ന വരൾച്ചാ കെടുതികളിൽ നിന്ന് ഒരു പരിധി വരെ കരയറാനാവും.

മനുഷ്യരുടെയും പക്ഷിമൃഗാദികളുടെയും ജീവൻ നിലനിർത്തുക എന്ന അടിസ്ഥാന ആവശ്യത്തിനുപകരിക്കുന്ന കുടിവെള്ളത്തിന് പ്രഥമ പരിഗണന നൽകണം. അനിവാര്യ ഘട്ടങ്ങളിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടി വന്നാൽ അളവ് പരിമിതപ്പെടുത്തുവാൻ നാം ശ്രദ്ധിക്കണം.

ജീവിത സൗകര്യങ്ങളിൽ വരുന്ന വർധനവ് ഊർജ നഷ്ടത്തിനുള്ള സ്വാതന്ത്ര്യമായി പരിഗണിക്കുന്ന സാഹചര്യമാണ് പലയിടത്തും ദൃശ്യമാകുന്നത്. മതപരമായ വുദൂഅ് പോലുള്ള കർമ്മങ്ങൾക്ക് പോലും അത്യാവശ്യത്തിന് മാത്രം വെള്ളം ഉപയോഗിക്കണമെന്നാണ് മതം അനുശാസിക്കുന്നത്. ടാപ്പുകൾ അലക്ഷ്യമായി തുറന്നിടുന്നതും കുടിവെള്ള സംവിധാനം തകരാറിലായി വെള്ളം ഒലിച്ചു പോകുന്നതും നമ്മുടെ നാട്ടിലെ നിത്യ കാഴ്ച്ചകളാണ്.

നമ്മുടെ കൈവശമുള്ള കിണറിലെ ശുദ്ധജലം അവനവന്റെയും കുടുംബത്തിന്റെയും ആവശ്യം കഴിഞ്ഞ് അവശേഷിക്കുന്നുവെങ്കിൽ അയൽവാസികളുടെയും നാട്ടുകാരുടെയും അവകാശമാണ് എന്ന് തിരിച്ചറിയാൻ പറ്റണം. ജലം പങ്കു വെക്കുക എന്ന സംസ്ക്കാരം വളർത്തിയെടുക്കാൻ ഈ വരൾച്ച ഒരു നിമിത്തമാകട്ടെ. ജലം വിൽപ്പനച്ചരക്കായി നിശ്ചയിച്ച് കുത്തകയാക്കി വെക്കുന്ന സാഹചര്യം ഒരു കാരണവശാലും പ്രോൽസാഹിപ്പിക്കപ്പെട്ടുകൂടാ. സാധാരണക്കാരന്റെ കുടിനീര് ഊറ്റിയെടുത്ത് ഊറ്റം കൊള്ളാൻ ഒരു വൻകിട കമ്പനിയെയും നാം അനുവദിക്കാൻ പാടില്ല.

ഏത് കാലാവസ്ഥയിലും ജലസമൃദ്ധമായിരുന്ന കേരളത്തിൽ ശുദ്ധജലം അപൂർവ വസ്തുവായി മാറുന്ന കാലം അത്ര വിദൂരമല്ല. പുഴകൾ, തോടുകൾ, കുളങ്ങൾ, കായലുകൾ തുടങ്ങിയ പ്രകൃതിയിൽ ലഭ്യമായ പൊതു ജലസംഭരണികൾ തിരിച്ചു പിടിക്കാൻ ജനകീയ അടിത്തറയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സന്നദ്ധ സംഘടനകൾ രംഗത്ത് വരണം.

വരൾച്ചാ കെടുതി അനുഭവിക്കുന്ന പ്രദേശങ്ങളിൽ പൊതു കുളങ്ങളും പൊതു കിണറുകളും പുതുതായി നിർമ്മിക്കാൻ ആവശ്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏറെ അനിവാര്യമാണ്. വരൾച്ച നേരിടുന്ന സമയങ്ങളിൽ സൗജന്യ ജല വിതരണത്തിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

ആഗോള താപനവും വർഷാവർഷങ്ങളിൽ ലഭിച്ചു വരുന്ന മഴയുടെ അളവിൽ രൂപപ്പെട്ട കനത്ത കുറവുമാണ് ഇത്തവണ നേരത്തെയുള്ള വരൾച്ചക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

മഴവർഷിപ്പിക്കുന്നവൻ അല്ലാഹു മാത്രമാണെന്നും അവനോടു പ്രാർഥിക്കുകയല്ലാതെ വേറൊരു പോംവഴിയുമില്ലെന്നും നമ്മുടെ സമൂഹം തിരിച്ചറിയണം. കഴിയുന്നത്ര പ്രദേശങ്ങളിൽ സംഘമായി മഴക്ക് വേണ്ടിയുള്ള നമസ്ക്കാരവും സംഘടിപ്പിക്കാവുന്നതാണ്.

ആസന്നമായിരിക്കുന്ന ജല പ്രതിസന്ധി നമുക്ക് ചില തിരിച്ചറിവുകൾ പകർന്ന് നൽകുന്നുണ്ട്.

ജീവന്റെ അടിസ്ഥാന ഘടകമായി വർത്തിക്കുന്നത് ജലമാണ്. ഭൂമി വാസയോഗ്യമാകുന്നത് തന്നെ ഒരർഥത്തിൽ ജലസാന്നിധ്യം കൊണ്ടാണ്. പ്രപഞ്ച നാഥൻ ലോകത്ത് നിശ്ചയിച്ച നിയമങ്ങളുടെ താളപ്പൊരുത്തം ബോധ്യപ്പെടുത്തിക്കൊണ്ടാണ് ഓരോ തവണയും മഴ വർഷിക്കുന്നത്.

അല്ലാഹു പറയുന്നു: "നാം ജലത്തിൽ നിന്ന് ജീവനുള്ള എല്ലാ വസ്തുക്കളെയും സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. അവർക്ക് (അല്ലാഹു)വിൽ വിശ്വസിച്ചു കൂടേ?" (വിശുദ്ധ ഖുർആൻ 21:30)

അഹങ്കാരത്തിന്റെയും അൽപത്തത്തിന്റെയും കൊടുമുടി കയറി ദൈവത്തെ മറന്ന് ജീവിക്കുന്നവരോട് ഖുർആൻ ഉന്നയിക്കുന്ന ചോദ്യം വളരെ പ്രസക്തമാണ്.

"പറയുക: നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ആരാണ് നിങ്ങൾക്ക് ഒഴുകുന്ന ഉറവു വെള്ളം കൊണ്ട് വന്നു തരിക?" (67:30)




peaceradio
Tune to reality

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 25 February 2017

Reg NO: KL/CT/225/2016-18
Price: ₹ 10/-




ഇന്ത്യയിലെ എല്ലാ മികച്ച ബ്രാൻഡുകളുടെ ഗൃഹോപകരണങ്ങൾ,ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ,
മൊബൈൽ ഫോണുകൾ,ലാപ്ടോപ്പുകൾ,ക്യാമറകൾ തുടങ്ങിയവ വാറണ്ടിയോടൊപ്പം കേരളത്തിലെ
നിങ്ങളുടെ വീടുകളിൽ എത്തിക്കുന്നു..ഗൾഫ് മലയാളികൾക്കായുള്ള വെൽകം ഗ്രൂപ്പിന്റെ നൂതന സംരംഭം..

കേരള trobone
kerala.trobone.com

Visit us at
kerala.trobone.com
Helpdesk(Kerala) : +917593888855
Helpdesk(Dubai) : +97142288767

a division of trobone.com